# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മംഗൽപാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി5/897/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗൽപാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി5/897/2023 തീയ്യതി: 28/12/2023

## കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-12-2023 | 14-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-12-2023 | 14-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ് കുമാർ.വി, ഓഡിറ്റ് ഓഫീസർ
ശ്രീ.രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കദീജത്ത് റിസാന | പ്രസിഡന്റ് | 01-04-2022 | 11-07-2022 |
| ശ്രീ.യുസഫ് ഹേരൂർ | പ്രസിഡന്റ് | 12-07-2022 | 19-10-2022 |
| ശ്രീമതി.കദീജത്ത് റിസാന | പ്രസിഡന്റ് | 20-10-2022 | 25-11-2022 |
| ശ്രീ.യുസഫ് ഹേരൂർ | പ്രസിഡന്റ് | 26-11-2022 | 13-12-2022 |
| ശ്രീമതി.ഫാത്തിമത്ത് റുബീന.ആർ | പ്രസിഡന്റ് | 14-12-2022 | 12-02-2023 |
| ശ്രീ.യുസഫ് ഹേരൂർ | പ്രസിഡന്റ് | 13-02-2023 | 31-03-2023 |
| ശ്രീ.ദിപീഷ്.പി.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 06-04-2022 |
| ശ്രീ.അനിൽ കുമാർ.ആർ | സെക്രട്ടറി | 07-04-2022 | 22-04-2022 |
| ശ്രീ.ദിപീഷ്.പി.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-04-2022 | 20-06-2022 |
| ശ്രീ.വൽസൻ.എം | സെക്രട്ടറി | 20-06-2022 | 06-10-2022 |
| ശ്രീ.ഷിബു.പി | സെക്രട്ടറി | 06-10-2022 | 25-10-2022 |
| ശ്രീ.ദിപീഷ്.പി.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-10-2022 | 09-11-2022 |
| ശ്രീ.ഷിബു.പി | സെക്രട്ടറി | 10-11-2022 | 27-11-2022 |
| ശ്രീ.ദിപീഷ്.പി.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-11-2022 | 02-01-2023 |
| ശ്രീ.ഷിബു.പി | സെക്രട്ടറി | 03-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദിപീഷ്.പി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 09-01-2023 |
| ശ്രീ.നാരായണ.കെ | അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 09-01-2023 | 09-02-2023 |
| ശ്രീ.നാരായണ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 10-02-2023 | 31-03-2023 |
| ശ്രീ.അഖിൽ.ജി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2022 | 21-09-2022 |
| ശ്രീ.അലൻ ഓസ്റ്റിൻ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 22-09-2022 | 12-10-2022 |
| ശ്രീ.രഞ്ജിത് സേവ്യർ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 12-10-2022 | 28-12-2022 |
| ശ്രീമതി.വന്ദന ജി പൈ | കൃഷി ഓഫീസർ | 01-04-2022 | 12-08-2022 |
| ശ്രീ.ദിനേഷ്.പി | കൃഷി ഓഫീസർ | 12-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഷാന്റി.കെ.കെ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ഷിവാനി. എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 01-03-2023 |
| ഡോ.ഹെന്ന. Z.A | മെഡിക്കൽ ഓഫീസർ ഹോമിയോ | 02-03-2023 | 05-03-2023 |
| ഡോ.ജെസ്ന. എച്ച് | മെഡിക്കൽ ഓഫീസർ ഹോമിയോ | 06-03-2023 | 31-03-2023 |
| ഡോ.രസ്മി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീ.ജോൺസൺ. വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രബിത കണ്ണൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 30-11-2022 |
| ശ്രീമതി.നീതു കെ ബാലൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-12-2022 | 31-03-2023 |
| ശ്രീ.അജയൻ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.തിമ്മകുടിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 28-12-2022 | 31-03-2023 |
| ശ്രീ.ജിയോമോൻ.വി.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.വസന്തകുമാർ.സി.കെ | പ്രധാനാധ്യാപകൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ILGMS ലേക്കുള്ള പോർട്ടിംഗ്- PDE എൻട്രി നടത്തിയപ്പോൾ 2,43,49,217 രൂപയുടെ ആസ്തികൾ പോർട്ട് ചെയ്യാൻ വിട്ടു പോയി. | 1-1-1 |
| 3 | വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ദുരിതാശ്വാസ നിധി - ബാധ്യത കണക്ക് പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം | 1-1-5 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് | 1-1-6 |
| 8 | Literacy Scheme Grant നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | General Reserves വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-1-8 |
| 10 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക്- വിശദാംശം ലഭ്യമാക്കിയില്ല. | 1-1-9 |
| 11 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. | 1-1-10 |
| 12 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-1-12 |
| 14 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം. | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 21 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | തനത് വരുമാനം- അവലോകനം | 1-10 |
| 24 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-11 |

| | | |
|---|---|---|
| 25 | തൻവർഷ ബിൽഡിംഗ് വാടക ഈടാക്കിയിട്ടില്ല | 1-12 |
| 26 | ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ വലിയ തുക നിലനിൽക്കുന്നു | 1-13 |
| 27 | മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-14 |
| 28 | ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-15 |
| 29 | റോയൽറ്റി ഫീസ് ഒടുക്കിയതിന്റെ വിശദാംശം / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 30 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 1-17 |
| 31 | മൂന്ന് മാസത്തിലധികമായിട്ടും തുകകൾ അക്കൗണ്ടിൽ വരവു വന്നിട്ടില്ല | 1-18 |
| 32 | വാടക കെട്ടിടങ്ങളുടെ നമ്പർ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-19 |
| 33 | കെട്ടിട നിർമ്മാണ പെർമിറ്റ്- കംപ്ലീഷൻ- അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തതും- മറ്റ് അപാകതകളും. | 1-20 |
| 34 | തനത് ഫണ്ട് വരുമാനം കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു- ബാലൻസായി ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം- പലിശ ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നില്ല. | 1-21 |
| 35 | 2023 ലെ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്- 20,000 രൂപ തിരികെ ലഭിക്കാൻ ബാക്കി | 1-22 |
| 36 | വരൾച്ചാ ദുരിതാശ്വാസം - വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം പദ്ധതി - അപാകത | 1-23 |
| 37 | ജീവനക്കാരുടെ ഹാജർപട്ടിക – ഹാജർ രേഖപ്പെടുത്താത്തത് | 1-24 |
| 38 | പൊതു ഇടങ്ങളിലെ മാലിന്യം നീക്കിയതിന്റെ ബാധ്യത തീർക്കൽ പദ്ധതി -അപാകത | 1-25 |
| 39 | KSEB ക്ക് Post Shifting ന് തുക നൽകിയത് - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-26 |
| 40 | കണ്ടിൻജന്റ് ചെലവുകൾക്ക് ഹെഡ് മാസ്റ്റർക്ക് മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല. | 1-27 |
| 41 | അഗതിരഹിത കേരളം പദ്ധതി- ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-28 |
| 42 | പൊതുസ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ പദ്ധതി- പ്രായോഗികമായില്ല | 1-29 |
| 43 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു. | 1-30 |
| 44 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 45 | ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുരുതരമായ ക്രമക്കേടുകൾ | 1-32 |
| 46 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-33 |

| | | |
|---|---|---|
| 47 | ദുരിതാശ്വാസ നിധി-പ്രവർത്തനരഹിതം | 1-34 |
| 48 | ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-35 |
| 49 | മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- കരാറുകാർ ഇൻഷുറൻസ് എടുക്കുന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 1-36 |
| 50 | പദ്ധതികളുടെ നിർവഹണം- പോരായ്മകൾ | 1-37 |
| 51 | കോക്ലിയർ ഇംപ്ലാന്റ് നടത്തിയ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്- ചെലവ് നടത്തി ഒരു വർഷക്കാലമായിട്ടും ഗുണഫലം ലഭിച്ചിട്ടില്ല. | 1-38 |
| 52 | പാലിയേറ്റീവ് കെയർ | 1-39 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| ഭാഗം **3** | | |
| 1 | ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുരുതരമായ ക്രമക്കേടുകൾ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.07.2023 ലെ കമ്മിറ്റി തീരുമാനം 1/01 പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസർഗോഡ്,

28.12.2023.

ഡെപ്യൂട്ടി ഡയറക്ടർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## 1-1-1 ILGMS ലേക്കുള്ള പോർട്ടിംഗ്- PDE എൻട്രി നടത്തിയപ്പോൾ 2,43,49,217 രൂപയുടെ ആസ്തികൾ പോർട്ട് ചെയ്യാൻ വിട്ടു പോയി.

01.04.2022 മുതലാണ് പഞ്ചായത്തിൽ ILGMS നടപ്പിലാക്കിയത്. 31.03.2022 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളും ബാദ്ധ്യതകളും ബാങ്ക്/ ക്യാഷ് നീക്കിയിരിപ്പുകളും 01.04.2022-ന് ILGMS ലേക്ക് PDE സൗകര്യം വഴി എൻട്രി നടത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദമായ പരിശോധനയിൽ ചുവടെ ചേർത്ത ആസ്തികൾ പോർട്ട് ചെയ്യാൻ വിട്ടു പോയത് ശ്രദ്ധയിൽപെട്ടു.

| Code | Account Head | Amount |
|---|---|---|
| 413100122 | Agriculture - Machineries (Public) | 2096145 |
| 413120004 | Animal Husbandry-Infrastructure- Equipments For Institutions | 194416 |
| 413120001 | Animal Husbandry-Infrastructure- Furnitures In Institutions | 260838 |
| 415110701 | Bus Waiting Shed- New Waiting Shed | 100000 |
| 413130006 | Fisheries-Infrastructure- Fish Market | 146844 |
| 414220105 | Improvement Of The Service Of Local Governments- Computers | 3922802 |
| 414220101 | Improvement Of The Service Of Local Governments- Computers And Related Equiments | 302390 |
| 414220109 | Improvement Of The Service Of Local Governments-Electronic Voting Machine | 900000 |
| 414220205 | Improvement Of The Service Of Transferred Institutions-Computers | 145953 |
| 415120009 | Local Self Government Institution Officer Building - Furniture | 295606 |
| 415120008 | Local Self Government Institution Officer Building- Equipments | 207026 |
| 414110111 | Medical Institution-Ayurveda- Furniturs (Health) | 206652 |
| 414110110 | Medical Institution-Ayurveda- Medical Equipments For Health Institutions | 20470 |
| 414110211 | Medical Institution-Homoeo- Furnitures (Health) | 90450 |
| 414110210 | Medical Institution-Homoeo- Medical Equipments For Health Institutions | 50000 |
| 415120108 | Other Buildings- Equipments | 1894680 |
| 415120109 | Other Buildings- Furniture | 727700 |
| 415120101 | Other Buildings-Land | 4000000 |
| 410800101 | Other Fixed Assets | 120000 |
| 414100105 | Primary Education- Furniture In Government School | 5061922 |
| 414100110 | Primary Education- Lab Equipments In Government Schools | 330000 |
| 414100112 | Primary Education- Library Books In Government School | 225000 |
| 414100101 | Primary Education-Sanitation Facilities In Government School | 100000 |
| 414140101 | Sanitation And Waste Management-Public Programmes- Land For The Waste Processing Plant | 348317 |
| 414140102 | Sanitation And Waste Management-Public Programmes- Waste Processing Plant | 324841 |
| 414140104 | Sanitation And Waste Management-Public Programmes-Waste Eradication-Equipments For Public Use | 2235743 |

| | | |
|---|---|---|
| 414150101 | Welfare Of The Aged- Equipments For Oldage Homes | 39500 |
| 460100199 | Other Advances | 1922 |
| | Grand Total | 24349217 |

1-1-2 വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
എ) ചുവടെ ചേർത്ത ഹെഡുകൾ പ്രകാരമുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. (പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം).

312100201 Capital Contribution--Development Fund - General - Capital 341,750

312100204 Capital Contribution--Development Fund - Central Finance Commission Grant -Basic Tax Grant 684,033

312100301 Capital Contribution--Maintenance Grant - Road 328,044.00

312100302 Capital Contribution--Maintenance Grant - Non-Road 589,999

ബി) ഷെഡ്യൂൾ B4ലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പുകൾ ഏതൊക്കെ ആവശ്യങ്ങൾക്ക് എവിടെ നിന്ന് ലഭിച്ചു എന്നും നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ് നിലവിലുള്ളത് എന്നും വിശദീകരിച്ചിട്ടില്ല.

320200303 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Stadiums And Play Grounds- 7,00,000

320200399 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes- 17,49,153

320300103 Grants, Funds & Contributions For Specific Purposes - Other Government Agencies- Total Sanitation- 1,49,428

320300199 Grants, Funds & Contributions For Specific Purposes - Other Government Agencies- 12,50,000

320700104 Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats 1,82,250

320700204 Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats 5,17,803

320700205 Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats 7,27,838

320700304 Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats 10,00,000

320700405 Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats 30,000

320800101 Beneficiary Contributions 4,12,779

സി) B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350110199 Other Employee Liabilities Payable- 15,85,358

350300112 Government And Other Dues Payable -Value Of Court Fee Stamp- 9,755

350300101 Government And Other Dues Payable - Library Cess- 11,32,469.45

350300103 Government And Other Dues Payable - Value Added Tax- 6,276

350300104 Government And Other Dues Payable - Service Tax - 5,643

350300106 Government And Other Dues Payable - Revenue Recovery- 65

350300111 Government And Other Dues Payable - Flood Cess- 12,044

350400999 Refund Of Unutilised Grants - Prior Period- 4,200

350300199 Government And Other Dues Payable - Others- 50

350200119 Recoveries Payable – Covid- 4,76,409

350800101 Liability In Respect Of Stale Cheques- 1,86,220

350800199 Other Creditors- 2,77,907

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-4 ദുരിതാശ്വാസ നിധി - ബാധ്യത കണക്ക് പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ഹെഡ്ഡ് 311100101 പ്രകാരം ദുരിതാശ്വാസ നിധി ഇനത്തിലെ ബാധ്യത 1,64,834/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 പ്രകാരം ദുരിതാശ്വാസ നിധി ഫണ്ടിന്റെ ബാങ്ക് നീക്കിയിരിപ്പ് 1,52,322/-രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം പരിശോധിച്ച് പ്രസ്തുത ഇനത്തിലെ ബാധ്യത ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-5 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ച നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2023 മാർച്ച് 31 ന് മാത്രമാണ്.

1-1-6 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-7 Literacy Scheme Grant നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി

പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ B4-320100197- Literacy Scheme Grant - എന്ന കണക്കിൽ 31,679 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ 450210101- KERALA GRAMIN BANK - LITERACY-(40529100000894) എന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2023 ലെ നീക്കിയിരിപ്പ് 36,695 രൂപയാണ്.

1-1-8 General Reserves വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

31.03.2023 ലെ ബാലൻസ് ഷീറ്റിൽ 312500101-general Reserves എന്ന ഹെഡിൽ 5,54,666 രൂപ നീക്കിയിരിപ്പ് കാണുന്നു. ഈ റിസർവ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-9 ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക്- വിശദാംശം ലഭ്യമാക്കിയില്ല.

ബാലൻസ്ഷീറ്റ് B-9ഷെഡ്യൂൾ - ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് ഇനത്തിൽ 1,86,220/- രൂപ "350800101" എന്ന ഹെഡ്ഡിൽ നിലനിൽക്കുന്നു. "കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച് 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം, 44, 46 എന്നിവ പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഈ ഇനത്തിൽ നിലനിൽക്കുന്ന 1,86,220/- രൂപയുടെ കൃത്യത പരിശോധിച്ച് ആയതിന്റെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക, ആർക്കു നൽകി) ലഭ്യമാക്കേണ്ടതാണ്.

1-1-10 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-11 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

ബാലൻസ് ഷീറ്റ് B-7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (Suppliers Emd, Suppliers Security Deposit Etc.)

1-1-13 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

തൻവർഷത്തെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-11 (A) പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തീ.30/03/2022 | 1/1- തീ.28/03/2023 |
| മുന്നിരിപ്പ് | 2,43,02,258 | 5,53,96,452 |

| | | |
|---|---|---|
| വരവ് | 23,99,69,100 | 36,50,83,778 |
| ആകെ | 26,42,71,358 | 42,04,80,230 |
| ചെലവ് | 24,95,85,000 | 38,37,81,614 |
| നീക്കിയിരിപ്പ് | 1,46,86,358 | 3,66,98,616 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 6,08,77,702 |
| വരവ് | 7,36,44,660 |
| ആകെ | 13,45,22,362 |
| ചെലവ് | 5,51,35,098 |
| നീക്കിയിരിപ്പ് | 7,93,87,264 |
| വരവ് കണക്കുകളിന്മേലുള്ള നഷ്ടം | 4,170 |
| ചെലവ് കണക്കുകളിന്മേലുള്ള നഷ്ടം/ ഓഡിറ്റിൽ നിരാകരിച്ച തുക | 6,19,399 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75,11,364 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 5,25,99,000 | 5,25,99,000 | 3,57,99,294 | 1,67,99,706 |
| വികസനഫണ്ട് എസ്.സി.പി. | 0 | 68,90,638 | 68,90,638 | 51,36,591 | 17,54,047 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3,13,000 | 3,13,000 | 2,63,466 | 49,534 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,34,20,000 | 1,34,20,000 | 54,66,987 | 79,53,013 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 97,45,000 | 97,45,000 | 52,99,370 | 44,45,630 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | TRY- 0 | 80,02,934 | 80,02,934 | 15,20,293 | 64,82,641 |
| | 89,93,277 | 1,08,46,000 | 1,98,39,277 | 39,80,754 | 1,58,58,523 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | TRY- 0 | 15,89,497 | 15,89,497 | 0 | 15,89,497 |
| | 23,41,588 | 76,87,254 | 1,00,28,842 | 30,03,038 | 70,25,804 |
| ബി ഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 15,90,000 | 15,90,000 | 15,90,000 | 0 |
| നെല്ലുല്പാദക ബോണസ് | 0 | 10,000 | 10,000 | 10,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 17,00,053 | 99,40,922 | 1,16,40,975 | 99,40,922 | 17,00,053 |
| ജില്ലാ പഞ്ചായത്ത് | 7,57,838 | 37,95,913 | 45,53,751 | 37,95,913 | 7,57,838 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| ICDS കേന്ദ്ര വിഹിതം | 47,82,241 | 29,46,112 | 77,28,353 | 9,01,757 | 68,26,596 |
| സാക്ഷരത | 35,667 | 1,028 | 36,695 | 0 | 36,695 |
| ടോട്ടൽ സാനിറ്റേഷൻ | 1,49,428 | 0 | 1,49,428 | 0 | 1,49,428 |
| പൈക്ക | 7,00,000 | 0 | 7,00,000 | 0 | 7,00,000 |
| NRHM ഫണ്ട് | 0 | 9,00,000 | 9,00,000 | 0 | 9,00,000 |
| തൊഴിലുറപ്പ് പദ്ധതി | 1,627 | 15,39,842 | 15,41,469 | 12,84,664 | 2,56.805 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ലൈഫ് ഭവനം സ്റ്റേറ്റ് ഷെയർ | 14,35,000 | 25,14,153 | 39,49,153 | 22,00,000 | 17,49,153 |
| ബഡ്സ് സ്കൂൾ വിഹിതം | 12,50,000 | 0 | 12,50,000 | 0 | 12,50,000 |
| ദുരിതാശ്വാസ നിധി | 1,48,084 | 4,238 | 1,52,322 | 0 | 1,52,322 |

കുറിപ്പ് :

1)വികസന ഫണ്ട് ജനറൽ 32,58,741 രൂപ (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 12,52,341 രൂപയും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 20,06,400 രൂപ), ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി 5,34,391 രൂപ, ടി.എസ്.പി 70,466 രൂപ എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുകകളും മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2) വികസനഫണ്ട് പൊതുവിഭാഗത്തിൽ ഓഡിറ്റ് വർഷം 5,25,99,000/- രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിക്കേണ്ടിയിരുന്നത്. സ.ഉ(കൈ) നം 179/2022/ധന, തീ.18.10.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ 13.01.2023 ലെ PAN/19149/2022-C3(DP) നമ്പർ കത്ത് പ്രകാരം പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ഒരു ശതമാനം കുറവ് (525990 രൂപ) വരുത്തിയിട്ടുണ്ട്.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2022-23 വർഷം 6,81,36,800 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

4) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബജറ്റ് അലോട്ട്മെന്റിൽ 23.06.22 ലെ സ.ഉ (സാധാ) നം 4585/2022/ധന നമ്പർ ഉത്തരവ് പ്രകാരം മുൻവർഷം ലാപ്സായ 80,02,934 രൂപയും (ടൈഡ് ഫണ്ട്), 15,89,497 രൂപയും (അൺ-ടൈഡ് ഫണ്ട്) അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

5). ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 2,42,48,000/- രൂപ വരവുണ്ട് .

6).ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബാങ്ക് ബാലൻസായി 31.3.2023-ന് 2,28.88,414 രൂപയാണുള്ളത്. ഈ തുകയിൽ 1,58,58,523 രൂപ (ടൈഡ് ഫണ്ട്), 70,25,804 രൂപ (അൺ-ടൈഡ്

ഫണ്ട്), 4,087 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് ജില്ലാ പഞ്ചായത്ത് വിഹിതം) എന്നിവ ഉൾപ്പെടുന്നു. 2022-23 വർഷം റിക്കവറി ഇനത്തിൽ അടവാക്കാൻ ബാക്കിയുള്ള 4,23,703 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) നീക്കിയിരിപ്പായുണ്ട്.

7). തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2022-23 വർഷം 12,84,664/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

8). ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 268040921 | 111 | 80083037 | 1 | 146 | 43.19 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ചപദ്ധതിരേഖ പ്രകാരം 2022-23വർഷത്തിൽനടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ്തുക | |
| 1 | സെക്രട്ടറി | 23 | 24744783 | 5 | 1817344 | |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 28 | 19337200 | 1 | 380000 | |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 128 | 90934437 | 49 | 22928612 | |
| 4 | കൃഷി ഓഫീസർ | 13 | 8375680 | 13 | 6836374 | |
| 5 | വെറ്റിനറി സർജ്ജൻ | 4 | 3149540 | 4 | 1133600 | |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 19 | 91426400 | 7 | 25600400 | |
| 7 | ICDS സൂപ്പർവൈസർ | 13 | 13841806 | 9 | 10274082 | |
| 8 | പ്രധാനധ്യാപകൻ | 10 | 5633290 | 10 | 5411858 | |
| 9 | MO ആയുർവ്വേദം | 1 | 200000 | 1 | 200000 | |
| 10 | MP പി.എച്ച്.സി | 9 | 5857785 | 5 | 3870781 | |
| 11 | MO ഹോമിയോ | 2 | 600000 | 2 | 600000 | |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 500000 | 1 | 200000 | |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 3440000 | 4 | 829986 | |
| | ആകെ | 257 | 268040921 | 111 | 80083037 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1,627 | 2,55,178 | 2,56,805 | - | 2,56,805 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 12,84,664 | 12,84,664 | 12,84,664 | - |
| ആകെ | 1,627 | 15,39,842 | 15,41,469 | 12,84,664 | 2,56,805 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 540 പദ്ധതികളുൾപ്പെടുന്ന 4,37,45,380 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 83 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 13717 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം 12,84,664 രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളത്. നൂറുദിനം തൊഴിൽ ലഭിച്ച 11 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4,79,400 | 339 |
| വിധവാപെൻഷൻ | 2,20,80,200 | 14210 |
| വാർദ്ധക്യകാലപെൻഷൻ | 3,58,62,600 | 24055 |
| വികലാംഗപെൻഷൻ | 80,04,600 | 5137 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,20,000 | 80 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 15,90,000 | 53 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.12.2023 തീയതിയിൽ 2.30 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 10853/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### 1. ജോലി വിഭജനം , ജീവനക്കാരുടെ മേലുള്ള നിയന്ത്രണം

25.03.2022 ലെ ഓഫീസ് ഉത്തരവ് നം. A/01/2020 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ മേൽ സ്ഥാപനം ചെലുത്തിയ നിയന്ത്രണം ഫലപ്രദമാണെന്ന് കരുതാനാവില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ. ജീവനക്കാരുടെ ഹാജർ പട്ടികയിൽ കൃത്യമായി ഒപ്പ് വയ്ക്കാത്തതും അക്കാര്യം

നിയന്ത്രിക്കേണ്ടിയിരുന്ന മേലുദ്യോഗസ്ഥർ ഇക്കാര്യം ശ്രദ്ധിക്കാത്താതായും കാണുന്നു. (ഖണ്ഡിക 1-24 കാണുക)

ബി. നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ വലിയ തോതിലുള്ള ക്രമക്കേടുകളും തിരിമറിയും വ്യാജരേഖ ചമക്കലും ഉണ്ടായിട്ടുണ്ട്. 9,99,399 രൂപയുടെ വ്യക്തമായ ക്രമക്കേട് ഹെഡ് മാസ്റ്റർ നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടു. (ഖണ്ഡിക 3-1 കാണുക). ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രൊക്യൂയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്ട് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ജീവനക്കാരുടെ മേലുള്ള നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനു വേണ്ട സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. സേവന പ്രദാനം - സമയ ബന്ധിതമായി സേവനങ്ങൾ നൽകാൻ സാധിക്കുന്നില്ല

ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നിട്ടും ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടില്ല. 14.12.2023 ലെ സ്ഥിതിയനുസരിച്ച് 92 ഫയലുകൾ പെന്റിംഗ് ആയും 3553 ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. ആകെ 4373 ഫയലുകളിൽ തുടർ നടപടികൾ എടുക്കാൻ ബാക്കിയുണ്ട്. 542 ഫയലുകൾ പാർക്ക് ചെയ്തിട്ടുമുണ്ട്. ഇത് ഗുരുതരമായ സ്ഥിതിഗതിയാണ്. ഈ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പ് കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും പാർക്ക് ചെയ്ത ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി പ്രത്യേക ദൗത്യം സംഘടിപ്പിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

3. പഞ്ചായത്ത് കമ്മിറ്റിയുടെ പ്രവർത്തനം

പഞ്ചായത്ത് കമ്മിറ്റി 2022-23 ൽ 20 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ട്സുകൾ സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. മാർച്ച് 2023 വരെ 13 യോഗങ്ങളും മാർച്ച് 23 ൽ 7 യോഗങ്ങളുമാണ് ചേർന്നത്. 2022-23 വർഷത്തെ ഭൂരിഭാഗം മാസങ്ങളിലെയും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗൗരവതരമായ ചർച്ചകൾ നടത്തിയതായോ തീരുമാനങ്ങൾ കൈക്കൊണ്ടതായോ മിനുട്ട്സ് പരിശോധിച്ചതിൽ കാണുന്നില്ല. 2022 ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിൽ പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്നിട്ടേ ഇല്ല.

യോഗങ്ങളുടെ മിനുട്ട്സുകൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 17.01.2023 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചതും പ്രസിഡണ്ട് അംഗീകരിച്ചതും 01.07.2023 ന് മാത്രമാണ്. ഇത്തരത്തിൽ മിനുട്ട്സുകൾ തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

27.01.2023 ന് ചേർന്ന പ്രത്യേക യോഗത്തിന്റെ മിനുട്ട്സ് നാളിതു വരെ പൂർത്തിയാക്കിയിട്ടില്ല.

യോഗങ്ങളുടെ അടുത്ത ദിവസം തന്നെ മിനുട്ട്സുകൾ പൂർത്തിയാക്കി അധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

4. നികുതി പിരിവ് , വരുമാനം മെച്ചപ്പെടുത്തൽ

നികുതി പിരിവിൽ ഗ്രാമ പഞ്ചായത്തിന്റെ പ്രകടനം മെച്ചപ്പെട്ടതല്ല. സ.ഉ(കൈ) നം 179/2022/ധന, തീ.18.10.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം ഡിമാന്റ് ചെയ്തതിന്റെ 90% എങ്കിലും ശേഖരിക്കാൻ സാധിക്കാത്തതിനാൽ ശിക്ഷ എന്ന നിലയിൽ വികസനഫണ്ട് പൊതുവിഭാഗത്തിന്റെ

മൂന്നാം ഗഡുവിൽ നിന്നും ഒരു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. 5,25,990 രൂപ ഇപ്രകാരം പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പാതിവഴിയിൽ നിൽക്കുകയാണ്. പുതിയ വസ്തുനികുതി നിരക്ക് നിർണ്ണയിച്ച് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

ബിൽഡിംഗ് വാടക 2022-23 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് വാടക ഇനത്തിൽ 783917/- രൂപ ലഭിക്കുവാൻ ബാക്കി നിൽക്കുന്നു. (വിശദാംശം ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). വാർഷിക കണക്കുകൾ പ്രകാരം ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ 32,03,044/- രൂപ ലഭിക്കുവാനുണ്ട്.
മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ വലിയ തുക ലഭിക്കുവാനുണ്ട്. (വിശദാംശം ഖണ്ഡിക 1-15 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്) കെട്ടിടനിർമാണ അനുമതി നൽകുമ്പോൾ പെർമ്മിറ്റ് ഫീസ് കൂടാതെ അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് അധിക ഫീസായി ഈടാക്കേണ്ടിയിരുന്ന തുക മുഴുവനായി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 11,22,750 രൂപ യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഖണ്ഡിക 1-37 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തദനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

5. പദ്ധതി നിർവഹണത്തിൽ വീഴ്ച - വൻതുക ലാപ്സായി

പൊതു വിഭാഗം വികസന ഫണ്ടിൽ 1,67,99,706 രൂപയും വികസനഫണ്ട് എസ്.സി.എസ്.പി യിൽ 17,54,047 രൂപയും മെയിന്റനൻസ് ഫണ്ട് റോഡ് & നോൺ റോഡ് എന്നിവയിലായി 1,23,98,643 രൂപയും തൻവർഷം ലാപ്സായി പോയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഫണ്ടിൽ 64,82,641 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഫണ്ടിൽ 15,89,497 രൂപയും തൻവർഷം ലാപ്സായി പോയിട്ടുണ്ട്. ഇരു ഫണ്ടുകളിലുമായി ലഭിച്ച 2,28,84,327 രൂപ വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നുണ്ട്. 2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തേണ്ടിയിരുന്ന 2.47 കോടി രൂപ അടങ്കലുള്ള 23 പദ്ധതികളിൽ 18.17 ലക്ഷം രൂപയുടെ 5 പ്രോജക്ടുകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ചെലവ് ശതമാനം 7.34 മാത്രമാണ്. അതു പോലെത്തന്നെ 1.93 കോടി രൂപ അടങ്കലുള്ള 28 പ്രോജക്ടുകൾ അസിസ്റ്റന്റ് സെക്രട്ടറിയെ ഏൽപ്പിച്ചതിൽ 3.8 ലക്ഷം രൂപയുടെ 1 പ്രോജക്ട് മാത്രമേ നിർവഹിച്ചിട്ടുള്ളൂ. (ചെലവ് ശതമാനം 1.96). അസിസ്റ്റന്റ് എഞ്ചിനീയറും 25.2% മാത്രമേ ചെലവ് ചെയ്തിട്ടുള്ളൂ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചെലവ് ശതമാനം 28 മാത്രമാണ്. ഇത്തരത്തിൽ പ്രധാന നിർവഹണ ഉദ്യോഗസ്ഥരുടെയെല്ലാം ചെലവ് വളരെ കുറവാണ്. ഇത് വലിയ തോതിൽ ഫണ്ട് ലാപ്സാവാനിടയാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സർവതോന്മുഖമായ വികസനത്തിനും ക്ഷേമത്തിനും ആസ്തികളുടെ സംരക്ഷണത്തിനും ലഭിക്കുന്ന ഫണ്ടുകൾ ആസൂത്രണ നിർവഹണത്തിലെ പാളിച്ചകൾ കാരണം മേൽ വിവരിച്ച പ്രകാരം ലാപ്സാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്ന രീതിയിൽ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലവിൽ വരുത്തേണ്ടതാണ്.

6. അക്കൗണ്ടിംഗ്, രേഖകളുടെ സൂക്ഷിപ്പ്

അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ

ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ച വരുന്നത്. ഫീൽഡ് പിരിവ് മുഖേന സ്വീകരിക്കുന്ന തുക അതാത ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ , തുടങ്ങിയവ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല. വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് എഴുതുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് കാലികമാക്കേണ്ടതുമാണ്.

തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതു പോലെ പൊതു ടാപ്പുകളുടെ രജിസ്റ്ററിലും പ്രതിമാസം അടക്കുന്ന വാട്ടർ ചാർജ് വിവരങ്ങൾ മാത്രമാണ് എഴുതുന്നത്. പൊതു ടാപ്പുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം, ശരാശരി ഉപയോക്താക്കൾ തുടങ്ങിയ വിവരങ്ങൾ എഴുതി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റി അധികൃതരുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ പൊതു ടാപ്പുകൾക്ക് വാട്ടർ ചാർജ് അടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം ജൂലൈ 22, സെപ്റ്റംബർ 22 മാസങ്ങളിൽ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടില്ല. എല്ലാ മാസങ്ങളിലും ഓഫീസ് മീറ്റിംഗുകൾ ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

8) ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ

മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 1994-95 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 തനത് വരുമാനം- അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രധാന വരുമാന ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി-

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് അനുസരിച്ചുള്ള നിരക്ക് നിർണ്ണയിച്ച് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക

2022-23 സാമ്പത്തിക വർഷത്തിൽ വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തരം | 31.3.2023-ലെ കുടിശ്ശിക |
|---|---|
| പാർപ്പിടം | 26,54,934 |
| പാർപ്പിടേതരം | 50,25,193 |
| പാർപ്പിടം (കുടിശ്ശിക) | 37,84,999 |
| പാർപ്പിടേതരം (കുടിശ്ശിക) | 1,38,60,181 |
| ആകെ | 2,53,25,307 |

ഓഡിറ്റ് വർഷം വസ്തുനികുതി കുടിശിക 2,53,25,307 രൂപയാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വസ്തു നികുതി പിരിവ് അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്. സ.ഉ(കൈ) നം 179/2022/ധന, തീ.18.10.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ 13.01.2023 ലെ PAN/19149/2022-C3(DP) നമ്പർ കത്ത് പ്രകാരം പ്രസിദ്ധീകരിച്ചതിൽ മംഗൽപാടി ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% പരിവ് പൂർത്തീകരിക്കാത്തതിനാൽ ശിക്ഷ എന്ന നിലയിൽ, വികസനഫണ്ട് പൊതുവിഭാഗത്തിൽ ബഡ്ജറ്റ് വിഹിതമായി ഓഡിറ്റ് വർഷം അനുവദിച്ച 5,25,99,000/-രൂപയുടെ ഒരു ശതമാനം തുകയായ 5,25,990രൂപ വികസനഫണ്ടിൽ നിന്ന് കുറവ് ചെയ്തിരുന്നു. തനതു വരുമാനത്തിന്റെ പിരിവിലെ കാര്യക്ഷമതയില്ലായ്മ മൂലം പഞ്ചായത്തിന്റെ സർവതോമുഖമായ വികസനത്തിന് വേണ്ടി ലഭിക്കുന്ന ഫണ്ടുകളിൽ കുറവ് വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതും 100% പിരിവ് കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. നിലവിൽ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്. വസ്തു നികുതി കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും കുടിശിക പിരിച്ചെടുക്കാൻ മുൻകൈ എടുക്കേണ്ടതുമാണ്.

ബിൽഡിംഗ് വാടക

A) 2022-23 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് വാടക ഇനത്തിൽ 783917/- രൂപ ലഭിക്കുവാൻ

ബാക്കി നിൽക്കുന്നു. (വിശദാംശം ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

B) ധനകാര്യപത്രിക ബി-15 ഷെഡ്യൂൾ പ്രകാരം (431400102) ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ 32,03,044/- രൂപ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശം, കുടിശ്ശിക ഈടാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടി എന്നിവ രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി

മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ വലിയ തുക ലഭിക്കുവാനുണ്ട്. (വിശദാംശം ഖണ്ഡിക 1-15 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

കെട്ടിട നിർമാണ അനുമതികൾ

കെട്ടിട നിർമാണ പെർമിറ്റിനുള്ള അപേക്ഷകളിൻമേൽ തുടർനടപടികൾ വൈകുന്നു.

കേരള കെട്ടിട നിർമാണ ചട്ടങ്ങൾ ചട്ടം.12 പ്രകാരം സൈറ്റ് പ്ലാനിന്റെ അംഗീകാരത്തിനായുള്ള അപേക്ഷയോ അല്ലെങ്കിൽ ചട്ടങ്ങൾ പ്രകാരമോ ആക്ടിന്റെ കീഴിലുള്ള ബൈലോകൾ പ്രകാരമോ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സെക്രട്ടറി സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ 11-ആം ചട്ടത്തിൽ സൂചിപ്പിച്ച കാരണങ്ങളാൽ നിരാകരിക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം.13 പ്രകാരം നിർമ്മാണം നടത്തുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷയോ അല്ലെങ്കിൽ ചട്ടങ്ങൾ പ്രകാരമോ ആക്ടിന്റെ കീഴിലുള്ള ബൈലോകൾ പ്രകാരമോ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ 11-ആം ചട്ടത്തിൽ സൂചിപ്പിച്ച കാരണങ്ങളാൽ നിരാകരിക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്റർ, സകർമ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റിന് അപേക്ഷ നൽകിയ240 ഓളം ഫയലുകൾ തുടർ നടപടികൾ സ്വീകരിക്കാതെ കുടിശ്ശികയായിട്ടുണ്ട്, ഇതിൽ തന്നെ 136 അപേക്ഷകൾ ഒരു വർഷത്തിലധികമായി കുടുശികയായി കിടക്കുന്നുണ്ട്. ഫയലുകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്ത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും തീർപ്പാക്കാത്ത അപേക്ഷകൾ പരിശോധിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

കെട്ടിടനിർമ്മാണ ക്രമവത്കരണം

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസറ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം കെട്ടിടനിർമ്മാണ ക്രമവത്കരണ ഫീസിനത്തിൽ 5,51,316 രൂപയാണ് ഈടാക്കിയിട്ടുള്ളത്. പെർമ്മിറ്റ് ഫീ ഇനത്തിൽ 3,60,828 രൂപ മാത്രമാണ് വരുമാനം. ഇതിൽനിന്നും വ്യാപകമായ അനധികൃത നിർമ്മാണം പഞ്ചായത്ത് പരിധിയിൽ നടക്കുന്നുണ്ടെന്ന് വ്യക്തമാണ്. കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് വേണ്ടി ലഭ്യമായ അപേക്ഷകൾ വിവിധ അപാകതകൾ ചൂണ്ടി കാട്ടി നിരസിക്കുകയോ തുടർ നടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി കാണുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

ഫയൽ നം SC3-1923/23 തീ.15.3.2023- വാണിജ്യ കെട്ടിടം (6242m2 വിസ്തീർണം)

മേൽ കെട്ടിടം ഓഡിറ്റ് തിയ്യതിവരെയും ക്രമവത്കരിച്ചിട്ടില്ല. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യൂയു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണപൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നുണ്ട്. ചട്ട വിരുദ്ധമായും അശാസ്ത്രീയമായും നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ ഉടമകൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന വസ്തുത ഫീൽഡ് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഇത്തരം നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിലും നോട്ടീസ് സ്ഥിരപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലുമുണ്ടായ വീഴ്ചക്ക് സെക്രട്ടറിക്ക് ഉത്തരവാദിത്തമുണ്ട്.

ഇത്തരം കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യൂയു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും U/A നമ്പർ നൽകി പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. മേൽ കെട്ടിടങ്ങളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അദാലത്ത് നടത്തുന്നത് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉചിതമാവും.

ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

പഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. കെട്ടിടങ്ങളിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ വരുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ കെട്ടി അടച്ച് കടമുറികളാക്കുക, കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ നിർമ്മാണങ്ങൾ നടത്തുക എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ഗൗരവത്തിലെടുത്തുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ്

നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ ഏതാനും ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. ഇതുപ്രകാരം ഒന്നാം അർദ്ധവർഷം 3020/- രൂപയുടെയും രണ്ടാം അർദ്ധവർഷം 1150/- രൂപയുടെയും കുറവ് വന്നിട്ടുണ്ട്. (വിശദാംശം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്)

## 1-12 തൻവർഷ ബിൽഡിംഗ് വാടക ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് വാടക ഇനത്തിൽ ചുവടെ പറയും പ്രകാരം തുക ലഭിക്കുവാൻ ബാക്കി നിൽക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പേര് | ഒടുക്കേണ്ട തുക | ഒടുക്കിയത് | ബാക്കി |
|---|---|---|---|---|---|
| 1 | IV/1110 | മൂസ | 30240 (2520 X 12) + 18% ജി.എസ്.ടി | 0 | 30240 (2520 X 12) + 18% ജി.എസ്.ടി |
| 2 | IV/1198 | മജീദ് | 19344 (1612 X 12) + 18% ജി.എസ്.ടി | 1612 (1612 X 1) + 18% ജി.എസ്.ടി | 17732 (1612 X 11) + 18% ജി.എസ്.ടി |
| 3 | IV/1201 | രാധാകൃഷ്ണ റായ് | 17388 (1449 X 12) + 18% ജി.എസ്.ടി | 8694 (1449 X 6) + 18% ജി.എസ്.ടി | 8694 (1449 X 6) + 18% ജി.എസ്.ടി |
| 4 | IV/1309 | യു.കെ.നാരായണൻ | 141300 (11775 X 12) + 18% ജി.എസ്.ടി | 0 | 141300 (11775 X 12) + 18% ജി.എസ്.ടി |
| 5 | IV/1315 | ഇസ്മയിൽ | 141300 (11775 X 12) + 18% ജി.എസ്.ടി | 0 | 141300 (11775 X 12) + 18% ജി.എസ്.ടി |
| 6 | IV/1316 | മുഹമ്മദ് റഫീക്ക്.പി.എ | 136080 (11340 X 12) + 18% ജി.എസ്.ടി | 0 | 136080 (11340 X 12) + 18% ജി.എസ്.ടി |
| 7 | IV/1317 | അബ്ദുള്ള കുഞ്ഞി | 141300 (11775 X 12) + 18% ജി.എസ്.ടി | 82425 (11775 X 7) + 18% ജി.എസ്.ടി | 58875 (11775 X 5) + 18% ജി.എസ്.ടി |
| 8 | IV/1319 | മുഹമ്മദ് അഷറഫ് | 141300 (11775 X 12) + 18% ജി.എസ്.ടി | 0 | 141300 (11775 X 12) + 18% ജി.എസ്.ടി |

| | | | | | |
|---|---|---|---|---|---|
| 9 | രേഖപ്പെടുത്തിയിട്ടില്ല | മൂസ | 16656 (1388 X 12) + 18% ജി.എസ്.ടി | 0 | 16656 (1388 X 12) + 18% ജി.എസ്.ടി |
| 10 | രേഖപ്പെടുത്തിയിട്ടില്ല | മൂസ | 14556 (1213 X 12) + 18% ജി.എസ്.ടി | 0 | 14556 (1213 X 12) + 18% ജി.എസ്.ടി |
| 11 | രേഖപ്പെടുത്തിയിട്ടില്ല | അഹമ്മദി ഇക്ബാൽ | 33084 (2757 X 12) + 18% ജി.എസ്.ടി | 0 | 33084 (2757 X 12) + 18% ജി.എസ്.ടി |
| 12 | IV/1322A | പി.എം.ഇബ്രാഹിം ഖലീൽ | 44100 (3675X 12) + 18% ജി.എസ്.ടി | 0 | 44100 (3675X 12) + 18% ജി.എസ്.ടി |
| ആകെ തുക | | | 876648 + 18% ജി.എസ്.ടി | 92731 + 18% ജി.എസ്.ടി | 783917 + 18% ജി.എസ്.ടി |

മേൽ വിവരിച്ച പ്രകാരം 7,83,917 രൂപ വാടകയിനത്തിൽ തൻവർഷ കുടിശ്ശികയുണ്ടെങ്കിലും 31.03.2023ലെ ബാലൻസ് ഷീറ്റ് പ്രകാരം 431400101- Rent Receivable From Buildings (Current) എന്ന കണക്കിൽ തുകയൊന്നും ലഭിക്കാനില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/8.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബിൽഡിംഗ് വാടക ഇനത്തിൽ ലഭിക്കേണ്ട തുക (783917 + 18% ജി.എസ്.ടി) ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ വലിയ തുക നിലനിൽക്കുന്നു

ധനകാര്യപത്രിക ബി-15 ഷെഡ്യൂൾ പ്രകാരം (431400102) ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ 32,03,044/- രൂപ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ തുകയുടെ വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/8.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബിൽഡിംഗ് വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശം, കുടിശ്ശിക ഈടാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടി എന്നിവ രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

ചുവടെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു.

1)

| ബിൽഡിംഗ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥന്റെ വിലാസം |
|---|---|---|
| 51179010000959 | 2/293 | ESSAR TELECOM INFRA STRUCTURE PVT LTD |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ തുക |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |

| | | | | | |
|---|---|---|---|---|---|
| 4 | 2014 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 9 | 2017 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 10 | 2017 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 11 | 2018 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 12 | 2018 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 13 | 2019 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 14 | 2019 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 15 | 2020 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 16 | 2020 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 17 | 2021 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 18 | 2021 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 19 | 2022 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 20 | 2022 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 21 | 2023 | ഒന്നാം അർദ്ധവർഷം | 2520.00 | 126.00 | 2646.00 |
| 22 | 2023 | രണ്ടാം അർദ്ധവർഷം | 2520.00 | 126.00 | 2646.00 |
| ആകെ തുക | | | 53040 | 2652 | 55692 |

2)

| ബിൽഡിംഗ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥന്റെ വിലാസം |
|---|---|---|
| 51179010003451 | 3/281 | BHARATI AIRTEL INFRATEL CO Ltd |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ തുക |
|---|---|---|---|---|---|
| 1 | 2021 | ഒന്നാം അർദ്ധവർഷം | 2385.00 | 120.00 | 2505.00 |
| 2 | 2021 | രണ്ടാം അർദ്ധവർഷം | 2385.00 | 119.00 | 2504.00 |
| 3 | 2022 | ഒന്നാം അർദ്ധവർഷം | 2385.00 | 120.00 | 2505.00 |
| 4 | 2022 | രണ്ടാം അർദ്ധവർഷം | 2385.00 | 119.00 | 2504.00 |
| 5 | 2023 | ഒന്നാം അർദ്ധവർഷം | 2505.00 | 126.00 | 2631.00 |
| 6 | 2023 | രണ്ടാം അർദ്ധവർഷം | 2504.00 | 125.00 | 2629.00 |
| ആകെ തുക | | | 14549 | 729 | 15278 |

3)

| ബിൽഡിംഗ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥന്റെ വിലാസം |
|---|---|---|
| 51179010007316 | 9/291/B | BHARATI AIRTEL INFRATEL CO Ltd |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ തുക |
|---|---|---|---|---|---|
| 1 | 2021 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 2 | 2021 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 3 | 2022 | ഒന്നാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 4 | 2022 | രണ്ടാം അർദ്ധവർഷം | 2400.00 | 120.00 | 2520.00 |
| 5 | 2023 | ഒന്നാം അർദ്ധവർഷം | 2520.00 | 126.00 | 2646.00 |
| 6 | 2023 | രണ്ടാം അർദ്ധവർഷം | 2520.00 | 126.00 | 2646.00 |
| ആകെ തുക | | | 14640 | 732 | 15372 |

4)

| ബിൽഡിംഗ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥന്റെ വിലാസം |
|---|---|---|
| 51179010010385 | 12/88 | BHARATI AIRTEL INFRATEL CO Ltd |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ തുക |
|---|---|---|---|---|---|
| 1 | 2021 | ഒന്നാം അർദ്ധവർഷം | 2475.00 | 124.00 | 2599.00 |
| 2 | 2021 | രണ്ടാം അർദ്ധവർഷം | 2475.00 | 124.00 | 2599.00 |
| 3 | 2022 | ഒന്നാം അർദ്ധവർഷം | 2475.00 | 124.00 | 2599.00 |
| 4 | 2022 | രണ്ടാം അർദ്ധവർഷം | 2475.00 | 124.00 | 2599.00 |
| 5 | 2023 | ഒന്നാം അർദ്ധവർഷം | 2599.00 | 130.00 | 2729.00 |
| 6 | 2023 | രണ്ടാം അർദ്ധവർഷം | 2599.00 | 130.00 | 2729.00 |
| ആകെ തുക | | | 15098 | 756 | 15854 |

5)

| ബിൽഡിംഗ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥന്റെ വിലാസം |
|---|---|---|
| 51179010010751 | 15/412 | BHARATI AIRTEL INFRATEL.CO LTD |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ തുക |
|---|---|---|---|---|---|
| 1 | 2021 | ഒന്നാം അർദ്ധവർഷം | 2625.00 | 132.00 | 2757.00 |
| 2 | 2021 | രണ്ടാം അർദ്ധവർഷം | 2625.00 | 131.00 | 2756.00 |
| 3 | 2022 | ഒന്നാം അർദ്ധവർഷം | 2625.00 | 132.00 | 2757.00 |
| 4 | 2022 | രണ്ടാം അർദ്ധവർഷം | 2625.00 | 131.00 | 2756.00 |
| 5 | 2023 | ഒന്നാം അർദ്ധവർഷം | 2757.00 | 138.00 | 2895.00 |
| 6 | 2023 | രണ്ടാം അർദ്ധവർഷം | 2756.00 | 138.00 | 2894.00 |
| ആകെ തുക | | | 16013 | 802 | 16815 |

മേൽ പ്രകാരം കുടിശ്ശിക നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/11.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം ഔട്ട്ഡോർ കളക്ഷൻ ഇനത്തിൽ ഒടുക്കുവരുത്തിയ തുകയുമായി ബന്ധപ്പെട്ട രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബുക്ക് നമ്പർ, രസീത് നമ്പർ | ഒടുക്കിയ റസീപ്റ്റ് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | 23172/ 1-13 | 1220209577 | 30-03-2023 | 28,320 |
| 2 | 23172/ 14-22 | 1220209794 | 31-03-2023 | 13,383 |
| ആകെ തുക | | | | 41,703/- |

ഈ രസീത് ബുക്ക് വിതരണം ചെയ്തത് ക്ലാർക്കായ ശ്രീ.രഞ്ജിത്ത്.കെ എന്നവർക്കാണ്. രസീത് ബുക്ക് ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/8.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.രസീത് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-16 റോയൽറ്റി ഫീസ് ഒടുക്കിയതിന്റെ വിശദാംശം / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

07/10/2021 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ് )227/2021/തസ്വഭവ പ്രകാരവും ബഹു. ജില്ലാ കളക്ടർ ചെയർമാനായ കാസറഗോഡ് ജില്ലാ DLFMC യുടെ 27/06/2022 ലെ തീരുമാന പ്രകാരവും , ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ 6929/2021/എസ്.എം/കെ.എസ്.ഡി/ടിസി, 28/06/2022 പ്രകാരവും കാസറഗോഡ് ജില്ലയിലെ കോഴിയറവ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന വേണ്ടി സ്റ്റാൻഡേർഡ് ഗ്രീൻ എനർജി അനന്തപുരം, വ്യവസായ എസ്റ്റേറ്റ്, കുമ്പള, കാസറഗോഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ ഉത്തരവ് പ്രകാരം ഓരോ മാസത്തേയും മാലിന്യം ശേഖരിച്ച് കണക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖാമൂലം അടുത്ത മാസം അഞ്ചാം തീയതിക്കകം റോയൽറ്റി ഫീ സഹിതം നൽകേണ്ടതാണ്.

ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ 6929/2021/എസ്.എം/കെ.എസ്.ഡി/ടിസി, 20/08/2022 പ്രകാരം പഞ്ചായത്ത് ആവശ്യപ്പെടുന്ന റോയൽറ്റി ഫീ കി.ഗ്രാം തൂക്കത്തിന് 50 പൈസയിൽ കൂടാത്ത തുക എല്ലാ മാസവും അവസാനം നൽകേണ്ടതാണ് എന്ന് തീരുമാനിച്ചിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം 29/10/2022 തീയതി പ്രാബല്യത്തിൽ മൂന്ന് വർഷത്തേക്ക് സ്റ്റാൻഡേർഡ് ഗ്രീൻ എനർജിയുമായി കരാർ ഏർപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം റോയൽറ്റി ഫീയായി കി.ഗ്രാം തൂക്കത്തിന് 50 പൈസ ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

A) ഈ ഇനത്തിൽ ചുവടെ പറയും പ്രകാരം ലഭിച്ച തുകയുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ഗ്രീൻ എനർജി ലഭ്യമാക്കേണ്ട ശേഖരിച്ച മാലിന്യത്തിന്റെ അളവ് കാണിക്കുന്ന പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| രസീത് നമ്പർ | തീയതി | തുക |
|---|---|---|
| 1220206770 | 16-12-2022 | 2,520 |
| 1220207634 | 24-01-2023 | 3,968 |
| 1220208278 | 24-02-2023 | 3,224 |

B) 08/11/2022 ൽ സ്റ്റാൻഡേർഡ് ഗ്രീൻ എനർജി ലഭ്യമാക്കിയ പത്രികപ്രകാരം 6750 കി.ഗ്രാം മാലിന്യം ശേഖരിച്ചതിന്റെ റോയൽറ്റി ഫീയായി 3375/- രൂപ ഒടുക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റോയൽറ്റി ഫീ ഇനത്തിലെ വരവ് രേഖപ്പെടുത്തുന്ന “140500111- മറ്റ് യൂസർ ചാർജ്ജ് " എന്ന ഹെഡ്ഡിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല. ഈ തുക ഒടുക്കിയതിന്റെ രസീപ്റ്റും ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രകാരമുള്ള തുകയുമായി ബന്ധപ്പെട്ട രേഖകൾ ഏത് മാസത്തെ വരവ്, തുക കണക്കാക്കിയതിന്റെ

രേഖ, ഒടുക്കിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/12.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശപ്രകാരമുള്ള രേഖകൾ/ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-17 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് കാണുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള-100 ച.മീ വരെ | 60 |
| 2 | വാണിജ്യാവശ്യത്തിനുള്ള-100 നു മുകളിൽ | 70 |

നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ വിലാസം, വിശദാംശങ്ങൾ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന/ ഇളവ് ഉൾപ്പടെ | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന/ ഇളവ് ഉൾപ്പടെ | വ്യത്യാസം |
|---|---|---|---|---|---|
| പി.കെ.മൂസ,പീ.കെഹൗസ്, നയാബസാർ,ഉപ്പള,671322 | 21/22A1 | 22.73 | 1719 (1363.8 + 272.76 (20% വർദ്ധനവ് ) + 82(ലൈബ്രറി സെസ്) | 2004 (1591 + 318 (20% വർദ്ധനവ് ) + 95 (ലൈബ്രറി സെസ്) | 285 |
| | 21/22A2 | 24.24 | 1832 (1454.28 + 290.856 | 2138 1696.8 + 339.36 (20% വർദ്ധനവ് ) | 306 |

| | | | | | |
|---|---|---|---|---|---|
| | | | (20% വർദ്ധനവ് ) + 87(ലൈബ്രറി സെസ്) | + 102 (ലൈബ്രറി സെസ്) | |
| | 21/22A3 | 24.24 | 1832 (1454.28 + 290.856 (20% വർദ്ധനവ് ) + 87(ലൈബ്രറി സെസ്) | 2138 1696.8 + 339.36 (20% വർദ്ധനവ് ) + 102 (ലൈബ്രറി സെസ്) | 306 |
| | 21/22A4 | 24.24 | 1832 (1454.28 + 290.856 (20% വർദ്ധനവ് ) + 87(ലൈബ്രറി സെസ്) | 2138 1696.8 + 339.36 (20% വർദ്ധനവ് ) + 102 (ലൈബ്രറി സെസ്) | 306 |
| | 21/22A5 | 24.24 | 1832 (1454.28 + 290.856 (20% വർദ്ധനവ് ) + 87(ലൈബ്രറി സെസ്) | 2138 1696.8 + 339.36 (20% വർദ്ധനവ് ) + 102 (ലൈബ്രറി സെസ്) | 306 |
| എം.കെ. മൊഹമ്മദ്, ഓട്ടുപദവ്, ബായാർ | 9/275B1 | 39.1 | 2957 (2346 + 469.2 (20% വർദ്ധനവ് ) + 141(ലൈബ്രറി സെസ്) | 3449 2737 + 547.4 (20% വർദ്ധനവ് ) + 164 (ലൈബ്രറി സെസ്) | 492 |
| | 9/275B2 | 39.54 | 2989 (2372.4 + 474.48 (20% വർദ്ധനവ് ) + 142 (ലൈബ്രറി സെസ്) | 3487 2767.8 + 553.56 (20% വർദ്ധനവ് ) + 166 (ലൈബ്രറി സെസ്) | 498 |
| | 9/275B3 | 39.54 | 2989 (2372.4 + 474.48 (20% വർദ്ധനവ് ) + 142 | 3487 2767.8 + 553.56 (20% വർദ്ധനവ് ) + 166 (ലൈബ്രറി സെസ്) | 498 |

| | | | | | |
|---|---|---|---|---|---|
| | | | (ലൈബ്രറി സെസ്) | | |
| | 9/275B4 | 39.53 | 2988 (2371.8 + 474.36 (20% വർദ്ധനവ് ) + 142 (ലൈബ്രറി സെസ്) | 3487 2767.1 + 553.42 (20% വർദ്ധനവ് ) + 166 (ലൈബ്രറി സെസ്) | 499 |
| | 9/275B5 | 39.53 | 2988 (2371.8 + 474.36 (20% വർദ്ധനവ് ) + 142 (ലൈബ്രറി സെസ്) | 3487 2767.1 + 553.42 (20% വർദ്ധനവ് ) + 166 (ലൈബ്രറി സെസ്) | 499 |
| | 9/275B7 | 61.68 | 4663 (3700.8 + 740.16 (20% വർദ്ധനവ് ) + 222 (ലൈബ്രറി സെസ്) | 5440 4317.6 + 863.52 (20% വർദ്ധനവ് ) + 259 (ലൈബ്രറി സെസ്) | 777 |
| | 9/275B8 | 62.84 | 4750 (3770.4 + 754.08 (20% വർദ്ധനവ് ) + 226 (ലൈബ്രറി സെസ്) | 5543 4398.8 + 879.76 (20% വർദ്ധനവ് ) + 264 (ലൈബ്രറി സെസ്) | 793 |
| | 9/275B9 | 18.96 | 1362 (1137.6 + 227.52 (20% വർദ്ധനവ് ) - 68.3 (5% ഇളവ്) + 65 (ലൈബ്രറി സെസ്) | 1589 (1327.2 + 265.44 (20% വർദ്ധനവ് ) - 79.6 (5% ഇളവ്) + 76 (ലൈബ്രറി സെസ്) | 227 |
| മുഹമ്മദ്. ഇ. എം ആന്റ് അബ്ദുൽ ലത്തീഫ്, മാസ്റ്റർ ബിൽഡേഴ്സ് ആന്റ് ഡെവലപ്പർസ്, ഉപ്പള,671322 | 2/727B1 | 15.58 | 1178 (934.8 + 186.96 (20% വർദ്ധനവ് ) + 56 | 1374 (1090.6 + 218.12 (20% വർദ്ധനവ് ) + 65 (ലൈബ്രറി സെസ്) | 196 |

| | | | | | |
|---|---|---|---|---|---|
| | | | (ലൈബ്രറി സെസ്) | | |
| 2/727B2 | 18.59 | | 1405 (1115.4 + 223.08 (20% വർദ്ധനവ് ) + 67 (ലൈബ്രറി സെസ്) | 1640 (1301.3 + 260.26 (20% വർദ്ധനവ് ) + 78 (ലൈബ്രറി സെസ്) | 235 |
| 2/727B3 | 18.59 | | 1405 (1115.4 + 223.08 (20% വർദ്ധനവ് ) + 67 (ലൈബ്രറി സെസ്) | 1640 (1301.3 + 260.26 (20% വർദ്ധനവ് ) + 78 (ലൈബ്രറി സെസ്) | 235 |
| 2/727B5 | 18.59 | | 1405 (1115.4 + 223.08 (20% വർദ്ധനവ് ) + 67 (ലൈബ്രറി സെസ്) | 1640 (1301.3 + 260.26 (20% വർദ്ധനവ് ) + 78 (ലൈബ്രറി സെസ്) | 235 |
| 2/727B6 | 18.59 | | 1405 (1115.4 + 223.08 (20% വർദ്ധനവ് ) + 67 (ലൈബ്രറി സെസ്) | 1640 (1301.3 + 260.26 (20% വർദ്ധനവ് ) + 78 (ലൈബ്രറി സെസ്) | 235 |
| 2/727B7 | 18.59 | | 1405 (1115.4 + 223.08 (20% വർദ്ധനവ് ) + 67 (ലൈബ്രറി സെസ്) | 1640 (1301.3 + 260.26 (20% വർദ്ധനവ് ) + 78 (ലൈബ്രറി സെസ്) | 235 |
| 2/727B14 | 24.6 | | 1767 (1476 + 295.2 (20% വർദ്ധനവ് ) - 88.6 (5% ഇളവ്) + 84 | 2061 (1722 + 344.4 (20% വർദ്ധനവ് ) - 103.32 (5% ഇളവ്) + 98 (ലൈബ്രറി | 294 |

| | | | | | |
|---|---|---|---|---|---|
| | | | (ലൈബ്രറി സെസ്) | സെസ്) | |
| ഹസനർ, ശിരിയ കുന്നിൽ ഹൌസ്,ഷിറിയ,671321 | 17/189 I | 37.5 | 2020 (2250 – 225(10% ഇളവ്) – 101.25 (5% ഇളവ്) + 96 (ലൈബ്രറി സെസ്) | 2356 (2625 – 262.5(10% ഇളവ്) – 118.13 (5% ഇളവ്) + 112 (ലൈബ്രറി സെസ്) | 336 |
| | 17/189 J | 24.43 | 1316 (1465.8 – 146.58(10% ഇളവ്) – 66 (5% ഇളവ്) + 63 (ലൈബ്രറി സെസ്) | 1535 (1710.1 – 171.01(10% ഇളവ്) – 77 (5% ഇളവ്) + 73 (ലൈബ്രറി സെസ്) | 219 |
| | 17/189 K | 20.29 | 1093 (1217.4 – 121.74(10% ഇളവ്) – 54.8(5% ഇളവ്) + 52 (ലൈബ്രറി സെസ്) | 1275 (1420.3 – 142.03(10% ഇളവ്) – 63.91(5% ഇളവ്) + 61 (ലൈബ്രറി സെസ്) | 182 |
| | 17/189 L | 14.8 | 797 (888 – 88.8(10% ഇളവ്) – 40(5% ഇളവ്) + 38 (ലൈബ്രറി സെസ്) | 930 (1036 – 103.6(10% ഇളവ്) – 46.62(5% ഇളവ്) + 44 (ലൈബ്രറി സെസ്) | 133 |
| | 17/189 M | 31.78 | 1712 (1906.8 – 190.68(10% ഇളവ്) – 85.85(5% ഇളവ്) + 82 (ലൈബ്രറി സെസ്) | 1997 (2224.6 – 222.46(10% ഇളവ്) – 100.11(5% ഇളവ്) + 95 (ലൈബ്രറി സെസ്) | 285 |
| മാർ. മൂഹിയുദീൻ അബ്ദുൽ ഖാദർ, | 10/383A | 108.47 | 6833 | 7973 | 1140 |

| | | | | | |
|---|---|---|---|---|---|
| ഈശ്രുമേഡ്,ഇച്ചിലംകോട്,671324, | | | (6508.2 + 325 (ലൈബ്രറി സെസ്) | (7592.9 + 380 (ലൈബ്രറി സെസ്) | |
| | 10/383B | 108.47 | 6833 (6508.2 + 325 (ലൈബ്രറി സെസ്) | 7973 (7592.9 + 380 (ലൈബ്രറി സെസ്) | 1140 |
| | 10/383C | 108.47 | 6833 (6508.2 + 325 (ലൈബ്രറി സെസ്) | 7973 (7592.9 + 380 (ലൈബ്രറി സെസ്) | 1140 |
| | 10/383D | 108.47 | 6833 (6508.2 + 325 (ലൈബ്രറി സെസ്) | 7973 (7592.9 + 380 (ലൈബ്രറി സെസ്) | 1140 |
| അബ്ദുൽ ലത്തീഫ്, സ്വപ്നകൂട്,ഉപ്പള,671322 | 2/727B4 | 18.59 | 1405 (1115.4 + 223.08 (20% വർദ്ധനവ് ) + 67 (ലൈബ്രറി സെസ്) | 1640 (1301.3 + 260.26 (20% വർദ്ധനവ് ) + 78 (ലൈബ്രറി സെസ്) | 235 |
| | 2/727B8 | 24.6 | 1767 (1476 + 295.2 (20% വർദ്ധനവ് ) - 88.6 (5% ഇളവ്) + 84 (ലൈബ്രറി സെസ്) | 2061 (1722 + 344.4 (20% വർദ്ധനവ് ) - 103.32 (5% ഇളവ്) + 98 (ലൈബ്രറി സെസ്) | 294 |
| | 2/727B9 | 24.6 | 1767 (1476 + 295.2 (20% വർദ്ധനവ് ) - 88.6 (5% ഇളവ്) + 84 (ലൈബ്രറി സെസ്) | 2061 (1722 + 344.4 (20% വർദ്ധനവ് ) - 103.32 (5% ഇളവ്) + 98 (ലൈബ്രറി സെസ്) | 294 |

| | | | | | |
|---|---|---|---|---|---|
| | 2/727B10 | 24.6 | 1767 (1476 + 295.2 (20% വർദ്ധനവ് ) - 88.6 (5% ഇളവ്) + 84 (ലൈബ്രറി സെസ്) | 2061 (1722 + 344.4 (20% വർദ്ധനവ് ) - 103.32 (5% ഇളവ്) + 98 (ലൈബ്രറി സെസ്) | 294 |
| | 2/727B11 | 24.6 | 1767 (1476 + 295.2 (20% വർദ്ധനവ് ) - 88.6 (5% ഇളവ്) + 84 (ലൈബ്രറി സെസ്) | 2061 (1722 + 344.4 (20% വർദ്ധനവ് ) - 103.32 (5% ഇളവ്) + 98 (ലൈബ്രറി സെസ്) | 294 |
| | 2/727B12 | 24.6 | 1767 (1476 + 295.2 (20% വർദ്ധനവ് ) - 88.6 (5% ഇളവ്) + 84 (ലൈബ്രറി സെസ്) | 2061 (1722 + 344.4 (20% വർദ്ധനവ് ) - 103.32 (5% ഇളവ്) + 98 (ലൈബ്രറി സെസ്) | 294 |
| | 2/727B13 | 24.6 | 1767 (1476 + 295.2 (20% വർദ്ധനവ് ) - 88.6 (5% ഇളവ്) + 84 (ലൈബ്രറി സെസ്) | 2061 (1722 + 344.4 (20% വർദ്ധനവ് ) - 103.32 (5% ഇളവ്) + 98 (ലൈബ്രറി സെസ്) | 294 |
| ഹസ്സൈനാർ കീയൂർ.എ.കെ, കീയൂർ,മണിമുണ്ട,ഉപ്പള,671322 | 2/436A | 57.58 | 3628 (3454.8 + 173 (ലൈബ്രറി സെസ്) | 4232 (4030.6 + 201.53 (ലൈബ്രറി സെസ്) | 604 |
| | 2/436B | 27.06 | 1619 (1623.6 - 81.2 (5% ഇളവ്) + 77 (ലൈബ്രറി സെസ്) | 1889 (1894.2 - 94.71 (5% ഇളവ്) + 90 (ലൈബ്രറി സെസ്) | 270 |

| | | | | | |
|---|---|---|---|---|---|
| | 2/436C | 27.06 | 1619 (1623.6 – 81.2 (5% ഇളവ്) + 77 (ലൈബ്രറി സെസ്) | 1889 (1894.2 – 94.71 (5% ഇളവ്) + 90 (ലൈബ്രറി സെസ്) | 270 |
| | 2/436D | 39.9 | 2388 (2394 – 119.7 (5% ഇളവ്) + 114 (ലൈബ്രറി സെസ്) | 2786 (2793 – 139.65 (5% ഇളവ്) + 133 (ലൈബ്രറി സെസ്) | 398 |
| ഇബ്രാഹിം, ബൈത്തുന്നൂർ,പച്ചമ്പള,ഇച്ചിലംകോട്,671324 | 10/209C | 35.32 | 2225 (2119.2 + 106 (ലൈബ്രറി സെസ്) | 2596 (2472.4 + 124 (ലൈബ്രറി സെസ്) | 371 |
| | 10/209D | 35.32 | 2225 (2119.2 + 106 (ലൈബ്രറി സെസ്) | 2596 (2472.4 + 124 (ലൈബ്രറി സെസ്) | 371 |
| | 10/209E | 35.32 | 2225 (2119.2 + 106 (ലൈബ്രറി സെസ്) | 2596 (2472.4 + 124 (ലൈബ്രറി സെസ്) | 371 |
| | 10/209F | 35.32 | 2225 (2119.2 + 106 (ലൈബ്രറി സെസ്) | 2596 (2472.4 + 124 (ലൈബ്രറി സെസ്) | 371 |
| യൂസുഫ്, ഫാത്തിമ മനസിൽ ,ബേക്കൂർ,671322 | 9/272K | 54.15 | 3411 (3249 + 162 (ലൈബ്രറി സെസ്) | 3980 (3790.5 + 189.52 (ലൈബ്രറി സെസ്) | 569 |
| | 9/272J | 54.18 | 3414 (3250.8 + 163 (ലൈബ്രറി സെസ്) | 3982 (3792.6 + 189.63 (ലൈബ്രറി സെസ്) | 568 |

1/04/2023 മുതൽ മേൽപ്രകാരമുള്ള തുകയുടെ 5% കൂടി നികുതി കൂടിയിട്ടുണ്ട്. ഇതനുസരിച്ചുള്ള വ്യത്യാസം 4/2023 മുതൽ നിലനിൽക്കുന്നു.

മേൽ അപാകതയുള്ള വിശദീകരണം ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/14.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നികുതി കണക്കാക്കിയതിലെ അപാകത പരിഹരിച്ച് തുടർനടപടി സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 മൂന്ന് മാസത്തിലധികമായിട്ടും തുകകൾ അക്കൗണ്ടിൽ വരവു വന്നിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൻസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

1) എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ട് ( നം.67314832040)

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1220000178 | 13-05-2022 | 12 |
| 2 | 1220000180 | 13-05-2022 | 5 |
| 3 | 1220000181 | 13-05-2022 | 5 |
| 4 | 1220000182 | 13-05-2022 | 380 |
| 5 | 1220000184 | 13-05-2022 | 5 |
| 6 | 1220000185 | 13-05-2022 | 12 |
| 7 | 1220000186 | 14-05-2022 | 12 |
| 8 | 1220000187 | 14-05-2022 | 12 |
| 9 | 1220000188 | 14-05-2022 | 12 |
| 10 | 1220000189 | 14-05-2022 | 120 |
| 11 | 1220000190 | 14-05-2022 | 12 |
| 12 | 1220000191 | 14-05-2022 | 12 |
| 13 | 1220000192 | 14-05-2022 | 380 |
| 14 | 1220000193 | 14-05-2022 | 12 |
| 15 | 1220000194 | 14-05-2022 | 12 |
| 16 | 1220000195 | 14-05-2022 | 12 |
| 17 | 1220000196 | 14-05-2022 | 12 |
| 18 | 1220000197 | 14-05-2022 | 220 |
| 19 | 1220000198 | 14-05-2022 | 12 |
| 20 | 1220000199 | 14-05-2022 | 5 |
| 21 | 1220000200 | 14-05-2022 | 19 |
| 22 | 1220000201 | 15-05-2022 | 220 |
| 23 | 1220000202 | 15-05-2022 | 220 |
| 24 | 1220000203 | 15-05-2022 | 24 |
| 25 | 1220000204 | 16-05-2022 | 5 |
| 26 | 1220000205 | 16-05-2022 | 5 |
| 27 | 1220000206 | 16-05-2022 | 12 |
| 28 | 1220000207 | 16-05-2022 | 380 |
| 29 | 1220000208 | 16-05-2022 | 24 |

| | | | |
|---|---|---|---|
| 30 | 1220000209 | 16-05-2022 | 19 |
| 31 | 1220000210 | 16-05-2022 | 10 |
| 32 | 1220000211 | 16-05-2022 | 105 |
| 33 | 1220000212 | 16-05-2022 | 19 |
| 34 | 1220000213 | 16-05-2022 | 5 |
| 35 | 1220000214 | 16-05-2022 | 5 |
| 36 | 1220000402 | 09-06-2022 | 12 |
| 37 | 1220000403 | 09-06-2022 | 2 |
| 38 | 1220000409 | 10-06-2022 | 380 |
| 39 | 1220000410 | 10-06-2022 | 5 |
| 40 | 1220000411 | 10-06-2022 | 5 |
| 41 | 1220000412 | 10-06-2022 | 10 |
| 42 | 1220000413 | 10-06-2022 | 12 |
| 43 | 1220000415 | 11-06-2022 | 12 |
| 44 | 1220000416 | 11-06-2022 | 120 |
| 45 | 1220000004 | 07-04-2022 | 12 |
| 46 | 1220000005 | 08-04-2022 | 220 |
| 47 | 1220000006 | 08-04-2022 | 220 |
| 48 | 1220000007 | 08-04-2022 | 120 |
| 49 | 1220000008 | 08-04-2022 | 220 |
| 50 | 1220000009 | 08-04-2022 | 12 |
| 51 | 1220000010 | 09-04-2022 | 220 |
| 52 | 1220000011 | 09-04-2022 | 120 |
| 53 | 1220000012 | 09-04-2022 | 120 |
| 54 | 1220000013 | 09-04-2022 | 120 |
| 55 | 1220000015 | 11-04-2022 | 120 |
| 56 | 1220000021 | 12-04-2022 | 12 |
| 57 | 1220000022 | 12-04-2022 | 120 |
| 58 | 1220000023 | 12-04-2022 | 5 |
| 59 | 1220000024 | 13-04-2022 | 12 |
| 60 | 1220000025 | 13-04-2022 | 12 |
| 61 | 1220000026 | 13-04-2022 | 120 |
| 62 | 1220000027 | 13-04-2022 | 220 |
| 63 | 1220000028 | 13-04-2022 | 5 |
| 64 | 1220000029 | 14-04-2022 | 220 |
| 65 | 1220000030 | 14-04-2022 | 5 |
| 66 | 1220000032 | 14-04-2022 | 220 |
| 67 | 1220000035 | 15-04-2022 | 21 |

| | | | |
|---|---|---|---|
| 68 | 1220000036 | 15-04-2022 | 120 |
| 69 | 1220000040 | 18-04-2022 | 5 |
| 70 | 1220000042 | 18-04-2022 | 10 |
| 71 | 1220000044 | 18-04-2022 | 220 |
| 72 | 1220000045 | 18-04-2022 | 62 |
| 73 | 1220000474 | 18-06-2022 | 5 |
| 74 | 1220001031 | 20-09-2022 | 5 |
| 75 | 1220001038 | 21-09-2022 | 380 |
| 76 | 1220001040 | 21-09-2022 | 12 |
| 77 | 1220001042 | 21-09-2022 | 120 |
| 78 | 1220001044 | 21-09-2022 | 5 |
| 79 | 1220001045 | 21-09-2022 | 12 |
| 80 | 1220001046 | 21-09-2022 | 5 |
| 81 | 1220001047 | 22-09-2022 | 5 |
| 82 | 1220001048 | 22-09-2022 | 5 |
| 83 | 1220001049 | 22-09-2022 | 12 |
| 84 | 1220001050 | 22-09-2022 | 5 |
| 85 | 1220001051 | 22-09-2022 | 5 |
| 86 | 1220001052 | 22-09-2022 | 380 |
| 87 | 1220001053 | 23-09-2022 | 12 |
| 88 | 1220001054 | 23-09-2022 | 5 |
| 89 | 1220001057 | 23-09-2022 | 5 |
| 90 | 1220001058 | 24-09-2022 | 1700 |
| 91 | 1220001059 | 24-09-2022 | 7 |
| 92 | 1220001060 | 24-09-2022 | 12 |
| 93 | 1220001061 | 24-09-2022 | 12 |
| 94 | 1220001062 | 24-09-2022 | 220 |
| 95 | 1220001072 | 28-09-2022 | 15 |
| 96 | 1220001075 | 28-09-2022 | 12 |
| 97 | 1220001076 | 28-09-2022 | 380 |
| 98 | 1220001077 | 28-09-2022 | 220 |
| 99 | 1220001079 | 28-09-2022 | 120 |
| 100 | 1220001082 | 29-09-2022 | 120 |
| 101 | 1220001083 | 29-09-2022 | 12 |
| 102 | 1220001085 | 29-09-2022 | 5 |
| 103 | 1220000183 | 13-05-2022 | 5 |
| 104 | 1220001371 | 10-11-2022 | 5 |
| 105 | 1220001372 | 10-11-2022 | 10 |

| | | | |
|---|---|---|---|
| 106 | 1220001375 | 10-11-2022 | 62 |
| 107 | 1220001376 | 10-11-2022 | 5 |
| 108 | 1220001377 | 10-11-2022 | 62 |
| 109 | 1220001378 | 11-11-2022 | 220 |
| 110 | 1220001379 | 11-11-2022 | 5 |
| 111 | 1220001380 | 11-11-2022 | 5 |
| 112 | 1220001381 | 11-11-2022 | 380 |
| 113 | 1220001383 | 11-11-2022 | 5 |
| 114 | 1220001384 | 11-11-2022 | 220 |
| 115 | 1220001385 | 11-11-2022 | 5 |
| 116 | 1220001386 | 11-11-2022 | 5 |
| 117 | 1220001387 | 12-11-2022 | 5 |
| 118 | 1220001388 | 12-11-2022 | 220 |
| 119 | 1220001389 | 12-11-2022 | 5 |
| 120 | 1220000171 | 12-05-2022 | 5 |
| 121 | 1220000172 | 12-05-2022 | 5 |
| 122 | 1220000173 | 12-05-2022 | 5 |
| 123 | 1220000176 | 13-05-2022 | 5 |
| 124 | 1220000177 | 13-05-2022 | 19 |
| | | ആകെ | 10,863 |

2) എസ്.ബി.ഐ അക്കൗണ്ട് (നം.67397371000)

| വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി | തുക |
|---|---|---|
| 121180900007, 05-09-2021 | 285693, 22-04-2021 | 800 |

3) മംഗൽപാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ( 320 )

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി | തുക |
|---|---|---|---|
| 1 | 121260500079, 03-02-2022 | 191146, 03-02-2022 | 40,347 |
| 2 | 120320500079, 22-02-2022 | 0997081, 19-02-2022 | 26,000 |
| 3 | 121260500091, 25-03-2022 | 642471, 24-03-2022 | 12,500 |
| | | ആകെ | 78,847 |

മേൽ തുകകൾ നാളിതുവരേയും ലഭ്യമാകാത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/12.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ അക്കൗണ്ടിൽ വരവുവച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വാടക കെട്ടിടങ്ങളുടെ നമ്പർ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, വാടകയ്ക്കു നൽകിയ കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ

ചുവടെ ചേർത്ത കെട്ടിടങ്ങൾ സഞ്ചയയിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഇടം പിടിക്കാത്തതായി ശ്രദ്ധയിൽപെട്ടു. കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഴയ കെട്ടിട നമ്പർ |
|---|---|
| 1 | IV-542-B |
| 2 | IV-542-C |
| 3 | IV-542-D |
| 4 | IV-542-E |
| 5 | IV-542-F |
| 6 | IV-542-G |

ഈ കെട്ടിടങ്ങൾക്ക് നൽകിയിരിക്കുന്നത് പഴയ കെട്ടിട നമ്പറുകൾ ആണെന്നും കെട്ടിടങ്ങൾക്ക് പുതുക്കിയ നമ്പറുകൾ ഇടുകയോ സഞ്ചയയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കാണുന്നു. ഇതു നിമിത്തം മേൽ കെട്ടിടങ്ങൾ കണക്കിൽ പെടാതെ പോയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നമ്പർ സഞ്ചയയിൽ ഉൾപ്പെടാത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/14.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വിശദാംശം സഞ്ചയയിൽ ഉൾപ്പെടുത്തി വിവരം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 കെട്ടിട നിർമ്മാണ പെർമിറ്റ്- കംപ്ലീഷൻ- അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തതും- മറ്റ് അപാകതകളും.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | അബ്ദുൾ ഖാദർ & സൽമാൻഹാരിസ് , MKH കോംപൗണ്ട്, നായന്മാർമൂല, മുട്ടത്തൊടി വില്ലേജ്. |
| സർവ്വെ നം & വിസ്തീർണം | S 94/13PTസർവ്വെ നമ്പറുകളിലായി 19.30 സെന്റ് (780 M2) |
| വില്ലേജ് | മുട്ടത്തൊടി |
| പെർമ്മിറ്റ് നം. | A3-BA(334521/2019 തീ.18.11.2019 |
| കെട്ടിട നം. | വാർഡ് നം 5 ൽ, 1030-A, A1 മുതൽ 1030-A 86 വരെ. |
| ഒക്കുപ്പൻസി അനുവദിച്ച തീയ്യതി | 21.06.2022 |

പെർമ്മിറ്റ് നല്കിയ കെട്ടിടത്തിൻറ അളവ് - 2369.55 M2 (Builtup Area)

കെട്ടിടത്തിന്റെ തരം- വാണിജ്യ ആവശ്യം( ഗ്രൂപ്പ് F)

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 2369.55/ 780 = 3.04

മേൽ കെട്ടിടത്തിന്റെ കംപ്ലീഷൻ രേഖകൾ പരിശോധിച്ചപ്പോൾ താഴെ കൊടുത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി,

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അതിലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ 8.11.2019- മുതൽ 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വന്നു. ചട്ടങ്ങളിലെ ചട്ടം 27(2) ടേബിൾ 6 (SRO No. 829/2019 Dt. 8.11.2019 ) അനുസരിച്ച് വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'F' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് കാറ്റഗറി-II ഗ്രാമപഞ്ചായത്തുകളിൽ (മംഗൽപാടി ഗ്രാമപഞ്ചായത്തിനെ G.O (Ms) No.226/2021/LSGD തീ.6.10.2021 പ്രകാരമാണ് കാറ്റഗറി-1 വില്ലേജ് പഞ്ചായത്തായി ഉയർത്തിയത്,

പെർമ്മിറ്റ് നല്കിയ സമയത്ത് കാറ്റഗറി-II ഗ്രാമപഞ്ചായത്താണ്) അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '2.75' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 5,000 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '3.5' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. 8.11.2019 മുതൽ നിലവിൽ വന്ന 2019- ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 27 പ്രകാരം ഫ്ലോർ സ്പെയ്സ് ഇൻഡക്സ് കണക്കാക്കുന്നത് എല്ലാ നിലകളിലെയും ആകെ ബിൽറ്റ്-അപ് ഏരിയ അടിസ്ഥാനമാക്കിയാണ് (@ *FSI= എല്ലാ നിലകളിലെയും ആകെ ബിൽറ്റ് -അപ് ഏരിയ/പ്ലോട്ട് ഏരിയ* ). എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിർമ്മിച്ച മേൽ വിവരിച്ച കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നല്കുമ്പോൾ അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നിർമ്മാണ അനുമതി അനുവദിച്ചതായി കാണുന്നു. എന്നാൽ, അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന തറ വിസ്തീർണ്ണാനുപാതം അനുവദിക്കുന്നതിന് ചട്ടങ്ങളിലെ പട്ടിക 6 കോളം 8 -ലെ അധിക ഫീസ് ഇടാക്കിയതായി കാണുന്നുമില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിന് നല്കിയ ഫയലോടൊപ്പം സമർപ്പിച്ച പെർമ്മിറ്റിൽ നിന്നാണ് കെട്ടിടത്തിന്റെ വിവരങ്ങൾ ലഭിച്ചത്. ഈ കെട്ടിട നിർമ്മാണത്തിന് നല്കിയ പെർമ്മിറ്റിന്റെ ഫയലുകളും തുടർ നടപടികളുടെ ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കംപ്ലീഷൻ ഫയലാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു,

| | |
|---|---|
| കെട്ടിടത്തിന്റെ തരം- താമസ ആവശ്യം | ഗ്രൂപ്പ് F |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം | 2369.55/ 780 = 3.04 |
| അധികഫീസില്ലാതെ അനുവദനീയമായ തറ വിസ്തീർണ്ണം | 2.75 X 780= 2145 M2 |
| അധിക ഫീസ് ഈടാക്കേണ്ടിയിരുന്ന തറവിസ്തീർണം | 2369.55 M2 – 2145 M2 = 224.55 M2 |
| അധിക ഫീസിന്റെ നിരക്ക് | ഓരോ ചതുരശ്ര മീറ്ററിനും 5,000 രൂപ<br>( SRO No.829/2019 തീ.8.11.2019) |
| ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് | 224.55 M2 X 5000/m2 = 11,22,750 രൂപ. |

പെർമ്മിറ്റ് ഫീസ് കൂടാതെ അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് അധിക ഫീസായി 11,22,750 രൂപ (224.55 M2 X 5000) ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. എന്നാൽ 23,696 രൂപ (രസീത് നം 119320109965/തീ.18.11.2019) പെർമ്മിറ്റ് ഫീസ് ഈടാക്കി മാത്രം ഈ കെട്ടിട നിർമ്മാണ പെർമ്മിറ്റ് സെക്രട്ടറി നല്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടം ( 11,22,750 രൂപ ) ഉത്തരവാദികളിൽ നിന്ന് ഈടാക്കി നികത്തേണ്ടതാണ്.

മേൽ കെട്ടിടം 22.10.2021-ന് പൂർത്തിയാക്കിയതായി കാണിച്ച് കെട്ടിട ഉടമ ഒക്കുപ്പൻസിക്ക് അപേക്ഷ നൽകുകയും AE യുടെ 8.6.2022-ലെ റിപ്പോർട്ട് പ്രകാരം ഒക്കുപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം 2471.20 M2 കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പെർമ്മിറ്റ് എടുത്തതിനേക്കാളും 101.65 M2 കൂടുതലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ആയതിന് ക്രമവത്കരണ ഫീസ് ഇനത്തിൽ 2033 രൂപ(101.65 X 20) ഈടാക്കേണ്ടതായിരുന്നു, എന്നാൽ 1423 രൂപ മാത്രമാണ് ഈടാക്കിയത്. 610 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. 1.10.2020 -ലെ SRO No 638/2020 പ്രകാരം F.S.I കണക്കാക്കുന്നത് എല്ലാ നിലകളുടെയും ആകെ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിലാണ് എന്നതിനാൽ കംപ്ലീഷൻ സമയത്ത് പെർമ്മിറ്റുമായി ബന്ധപ്പെട്ട മേൽ അപാകത

ശ്രദ്ധിക്കാതെയാണ് ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/തീ.14.12.2023 -ന് മറുപടി നൽകിയിട്ടില്ല.

1-21 തനത് ഫണ്ട് വരുമാനം കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു- ബാലൻസായി ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം- പലിശ ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട് അക്കൗണ്ട് പാസ്സ് ബുക്ക് പരിശോധിച്ചതിൽനിന്നും സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ബ്രാഞ്ചിലുള്ള തനത് ഫണ്ട് അക്കൗണ്ടിന് നാളിതുവരെ നിയമാനുസൃത നിരക്കിലുള്ള പലിശ ലഭിച്ചിട്ടില്ല എന്നു കാണുന്നു. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് വരുമാനം നിക്ഷേപിക്കുന്നത് SOUTH INDIAN BANK (OWN FUND-A/c No. 0945073000000125)-ലാണ്. പ്രസ്തുത അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കുന്നില്ല. ഈ അക്കൗണ്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 2023 മാർച്ച് 31 ന് അക്കൗണ്ടിൽ 1,92,36,403 രൂപ നീക്കിയിരിപ്പുണ്ട്. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ധനമാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കറന്റ് അക്കൗണ്ട് എസ്.ബി അക്കൗണ്ട് ആക്കി മാറ്റുകയോ അല്ലായെങ്കിൽ കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്താതെ തുക ഗ്രാമപഞ്ചായത്തിന്റെ മറ്റ് എസ് ബി അക്കൗണ്ടുകളിലേക്ക് മാറ്റുകയോ ചെയ്യേണ്ടതാണ്.
നിലവിൽ ഗ്രാമപഞ്ചായത്തിന് ട്രഷറിയിൽ ടി.എസ്.ബി അക്കൗണ്ടും, MANGALPADY SERVICE CO-OPERATIVE BANK ൽ 320 ാം നമ്പർ അക്കൗണ്ടും STATE BANK OF INDIA-യിൽ 67397371000 നമ്പർ അക്കൗണ്ടും തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന എസ്.ബി അക്കൗണ്ടുകളായി ഉണ്ട്. SOUTH INDIAN BANK ലെ കറന്റ് അക്കൗണ്ടിലെ നീക്കിയിരിപ്പ് ഈ അക്കൗണ്ടുകളിലേക്ക് മാറ്റുന്ന സാധ്യത പരിശോധിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 തീയതിയിലെ സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ, ഇ-പെയ്മെന്റിനു എസ്.ബി.ഐ ബാങ്ക് ശാഖയിൽ (ഉപ്പള ശാഖ) ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-7314832040) 01.04.22 ന് 49,84,753/- രൂപ മുൻബാക്കിയും 31.3.2023 ന് 75,18,586/- രൂപ നീക്കിയിരിപ്പും ഉണ്ട്. ഇ-പെയ്മെൻറ് അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇ-പെയ്മെന്റ് അക്കൗണ്ടിൽ മതിയായ ഏറ്റവും കുറഞ്ഞ ബാലൻസ് തുക സൂക്ഷിച്ച് ബാക്കിയുള്ള തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റി പലിശയിനത്തിൽ നഷ്ടം വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 2023 ലെ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്- 20,000 രൂപ തിരികെ ലഭിക്കാൻ ബാക്കി

വൗച്ചർ നം.22200333/15.9.2022 – 60,000/- രൂപ

2023 ലെ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ താഴെപ്പറയുന്ന മൂന്ന് ജീവനക്കാർക്ക് 20,000/-രൂപ വീതം നൽകിയിട്ടുണ്ട്.

1. ദിപീഷ്.പി.ടി- അസി.സെക്രട്ടറി - 20,000/-രൂപ

2. നന്ദകുമാർ.കെ.എം - അക്കൗണ്ടന്റ് - 20,000/-രൂപ

3. ലതീഷ് കുമാർ.എൻ - ക്ലാർക്ക് - 20,000/-രൂപ

ഈ തുകയുടെ തിരിച്ചടവ് അഡ്വാൻസ് രജിസ്റ്റർ പ്രകാരം പരിശോധന നടത്തിയപ്പോൾ രണ്ട് ജീവനക്കാർ തുക മുഴുവൻ തിരിച്ചടച്ചിട്ടുണ്ട്. ക്രമ നം(1) പ്രകാരമുള്ള ദിപീഷ്.പി.ടി ,അസി.സെക്രട്ടറി 20,000/-രൂപ തിരികെ ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.16/12.12.2023-ന് മറുപടി നല്കിയിട്ടില്ല. ആയതിനാൽ തിരിച്ചടക്കാൻ ബാക്കിയുള്ള 20,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ തുക എത്രയും പെട്ടെന്ന് തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 വരൾച്ചാ ദുരിതാശ്വാസം - വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.15/23

അടങ്കൽ - 15,00,000- രൂപ – ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 8,73,900/-രൂപ

വൗച്ചർ നം.42200744/31.3.2023 – 8,73,900/-രൂപ

മംഗൽപാടി ഗ്രാമപഞ്ചായത്തിലെ വരൾച്ചാബാധിത പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ ശുദ്ധമായ കുടിവെള്ളം വിതരണം നടത്തുന്നതിനായി 21.4.2022 ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടെണ്ടർ നൽകിയ വ്യക്തി | ക്വോട്ട് ചെയ്ത വിവരങ്ങൾ | തുക |
|---|---|---|---|
| 1 | മുഹമ്മദ് അസ്ഗർ,<br>ഹസ്നിയ മൻസിൽ<br>ബന്ദിയോട്/29.4.2022 | 3000 ലിറ്റർ ടാങ്ക്/കിമീ<br>5000 ലിറ്റർ ടാങ്ക്/കിമീ | 42.50/-രൂപ<br>68.00/-രൂപ |
| 2 | പി,സുരേഷ്,<br>SE കോമ്പൗണ്ട്, കുമ്പള/29.4.2022 | 2000 ലിറ്റർ ടാങ്ക്/കിമീ<br>3000 ലിറ്റർ ടാങ്ക്/കിമീ<br>4000 ലിറ്റർ ടാങ്ക്/കിമീ<br>5000 ലിറ്റർ ടാങ്ക്/കിമീ | 34.00/-രൂപ<br>39.00/-രൂപ<br>44.00/-രൂപ<br>55.00/-രൂപ |
| 3 | അബ്ദുൾ റഷീദ്,<br>കിത്മീർ ഹൗസ്,<br>കുക്കാർ/29.4.2022 | 2000 ലിറ്റർ ടാങ്ക്/കിമീ<br>3000 ലിറ്റർ ടാങ്ക്/കിമീ<br>4000 ലിറ്റർ ടാങ്ക്/കിമീ<br>5000 ലിറ്റർ ടാങ്ക്/കിമീ | 33.25/-രൂപ<br>47.25/-രൂപ<br>58.25/-രൂപ<br>62.25/-രൂപ |
| 4 | അഭിലാഷ്.കെ.പി,<br>മേലോത്ത് വളപ്പിൽ,<br>ഏഴോം, കണ്ണൂർ/29.4.2022 | 5000 ലിറ്റർ ടാങ്ക്/കിമീ | 79.00/-രൂപ |

ഭരണസമിതി തീരുമാനം നം.1(1)/30.4.2022 പ്രകാരം ക്രമ നം.(1) മുഹമ്മദ് അസ്ഗർ, ഹസ്നിയ മൻസിൽ ബന്ദിയോട് എന്നവരുടെ 3000 ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 42.50/-രൂപ എന്ന ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നൽകി. 30.4.2022 ന് വർക്ക് ഓർഡർ നൽകി. അത് പ്രകാരം ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തി വിതരണം ചെയ്യണം. 10.6.2022ന് മുഹമ്മദ് അസ്ഗർ തുക നൽകണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകി. 5.5.2022 മുതൽ 31.5.2022 വരെ 5 വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന് ആകെ 20562.37

കീലോമീറ്റർ ഓടിയെന്നും അതിന് 42.50/-രൂപ പ്രകാരം ആകെ 8,73,900/-രൂപ അനുവദിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. വൗച്ചർ നം.42200744/31.3.2023 പ്രകാരം ആദായനികുതി 8,738/-രൂപ കിഴിച്ച് 8,65,162/-രൂപ മുഹമ്മദ് അസ്ഗറിന് നൽകി. (അക്കൗണ്ട് നം.20308724299/SBI.)

വാഹനങ്ങൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | KL-14-E-7612 | 3922.45 KM |
| 2 | KL-14-7999 | 4083.34 KM |
| 3 | KL-14-Z-5287 | 4307.05 KM |
| 4 | KL-14-AD-6413 | 3764.09 KM |
| 5 | KL-14-AB-3866 | 4485.44 KM |
| | ആകെ | 20562.37 KM |

പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. 29.4.2022 ന് സമർപ്പിച്ച ടെണ്ടർ ഭരണസമിതി തീരുമാനം നം.1(1)/30.4.2022 പ്രകാരം അംഗീകരിച്ചാണ് മുഹമ്മദ് അസ്ഗറിന് പ്രവൃത്തി നൽകിയത്. 30.4.2022 നാണ് വർക്ക് ഓർഡർ നൽകിയത്. പക്ഷെ ഹാജരാക്കിയ കരാറിലെ തിയ്യതി 21.4.2022 ആണ്.

2. കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടെണ്ടർ നൽകിയവരിൽ 3000 ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 42.50/-രൂപ എന്നതിനേക്കാൾ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സുരേഷ് (3000 ലിറ്റർ- 39/-രൂപ ) എന്നവരുടെ ടെണ്ടർ അംഗീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള മിനിട്സിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

3. 5 വാഹനങ്ങളിൽ കുടിവെള്ള വിതരണം നത്തിയതിന് ആകെ 20562.37 കിലോമീറ്റർ ഓടിയതിന് ആധാരമായി 5.5.2022 മുതൽ 31.5.2022 വരെയുള്ള ജി.പി.എസ് സംക്ഷിപ്തം മാത്രമാണ് ഹാജരാക്കിയത്. ഓരോ സ്ഥലവും സമയവും രേഖപ്പെടുത്തിയ വാഹനങ്ങളുടെ ദിവസേനയുള്ള ജി.പി.എസ് ട്രിപ്പ് ഷീറ്റ് ആണ് ഹാജരാക്കേണ്ടത്. എന്നാൽ മാത്രമെ നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തു എന്നുറപ്പാക്കാൻ സാധിക്കുകയുള്ളൂ. ട്രിപ്പ് ഷീറ്റുകൾ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ, സെക്രട്ടറി, വാർഡ് മെമ്പർ എന്നിവർ സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.14/12.12.2023 പ്രകാരം ചൂണ്ടിക്കാണിച്ച അപാകതകൾക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്. അതുവരെ ചെലവ് തുക 8,73,900/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-24 ജീവനക്കാരുടെ ഹാജർപട്ടിക – ഹാജർ രേഖപ്പെടുത്താത്തത്

2022-23 വർഷത്തെ ജീവനക്കാരുടെ ഹാജർപട്ടിക പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്താതെ ബ്ലാങ്ക് ആയി വിട്ടതായി/absent ആയതായി കണ്ടെത്തിയിട്ടുണ്ട്. Absent രേഖപ്പെടുത്തിയത് അനുവദനീയമായ അവധിയായി ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് , തസ്തിക | ഹാജർ രേഖപ്പെടുത്താത്ത ദിവസങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | ദിപീഷ്.പി.ടി – അസി.സെക്രട്ടറി | 1.ജൂലൈ-2022 – 2,9,30 തിയ്യതികളിൽ<br>2.ആഗസ്റ്റ് -2022 – 1,2,3,4,5,6,7,16,17,18, 19,20തിയ്യതികളിൽ | ഈ മാസങ്ങളിൽ ശമ്പളം മാറിയിട്ടില്ല |

| | | | |
|---|---|---|---|
| | | 3.സെപ്റ്റംബർ -2022 – 5,6 തിയ്യതികളിൽ<br>4.ഒക്ടോബർ - 2022 – 1,3,6,7,10,22,25<br>തിയ്യതികളിൽ Absent.<br>5.നവംബർ -2022 – 19,21,22<br>തിയ്യതികളിൽ | |
| 2 | രാജു.ടി.എം – ക്ലാർക്ക് (ഡിപ്ലോയ്ഡ്) | 1.ആഗസ്റ്റ് -2022 – 16,17,19,20, 23,27<br>തിയ്യതികളിൽ<br>2.ഡിസംബർ -2022 – 26 തിയ്യതി<br>3.മാർച്ച് -2023 – 15,16,17,18 – ബ്ലാങ്ക്<br>മാർച്ച് -2023 – 20,21,22,23,24,25,27,28,<br>29,30,31 – Absent | ഡിപ്ലോയ്ഡ് സ്റ്റാഫ് – ബന്ധപ്പെട്ട വകുപ്പിൽ നിന്നാണ് ശമ്പളം വാങ്ങുന്നത് |
| 3 | ലതീഷ് കുമാർ – ക്ലാർക്ക് | 1.ഒക്ടോബർ -2022 – 6,7,12,13,14,15 –<br>തിയ്യതികളിൽ Absent<br>2.നവമ്പർ-2022 - 8,9 തിയ്യതികളിൽ<br>Absent | ഒക്ടോബർ, നവമ്പർ മാസങ്ങളിൽ മുഴുവൻ ശമ്പളവും മാറിയിട്ടുണ്ട്. |

ഇത് വിശദമായി പരിശോധിച്ച് ആകസ്മികാവധി അല്ലെങ്കിൽ ഏത് തരത്തിലുള്ള അവധിയാണെന്നുള്ളത് കണക്കാക്കി അവധി ക്രമീകരിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ദിപീഷ്.പി.ടി - അസി.സെക്രട്ടറിയുടെ ഈ കാലയളവിലെ ശമ്പളം അടുത്ത വർഷം മാറിയിട്ടുണ്ടെങ്കിൽ അവധി ക്രമീകരിച്ചതിന് ശേഷമാണോ ശമ്പളം നൽകിയത് എന്ന് വിശദീകരിക്കേണ്ടതാണ്. രാജു.ടി.എം - ക്ലാർക്ക് (ഡിപ്ലോയ്ഡ്) എന്നവരുടെ ബന്ധപ്പെട്ട വകുപ്പിൽ അവധി വിവരങ്ങൾ അറിയിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്. ലതീഷ് കുമാർ – ക്ലാർക്ക് 2022 ഒക്ടോബർ,നവമ്പർ മാസങ്ങളിൽ മുഴുവൻ ശമ്പളവും മാറിയിട്ടുണ്ട്. ഇവരുടെ അവധി ക്രമീകരിക്കാതെ മുഴുവൻ ശമ്പളവും നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.34/14.12.2023)

1-25 പൊതു ഇടങ്ങളിലെ മാലിന്യം നീക്കിയതിന്റെ ബാധ്യത തീർക്കൽ പദ്ധതി -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി - പ്രൊജക്റ്റ് നം.22/23

അടങ്കൽ - 4,70,200/- (തനത് ഫണ്ട്)

ചെലവ് - 1,29,800/-രൂപ (വൗച്ചർ നം.22200072/6.5.2022)

മംഗൽപാടി ഗ്രാമപഞ്ചായത്തിലെ ദേശീയപാതയോരത്ത് കുമിഞ്ഞ് കൂടിയിരിക്കുന്ന മാലിന്യങ്ങൾ 2020 നവംബർ മാസം 25,26,27 തിയ്യതികളിൽ നീക്കം ചെയ്തതിന് നൽകാൻ ബാക്കിയുള്ള തുക നൽകുന്നതിന് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയതാണ് ഈ പദ്ധതി. 29.11.2020ന് ശ്രീ.കലന്ദർ.പി.എം, ന്യൂ ഹിന്ദുസ്ഥാൻ എർത്ത് മൂവേഴ്സ് ഹൊസങ്കടി നൽകിയ അപേക്ഷ പ്രകാരം ഈ പ്രവൃത്തി നടത്തിയതിന് ആകെ 1,29,800/-രൂപ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 27.11.2020 ന് സെക്രട്ടറി നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം.22200072/6.5.2022 പ്രകാരം 1,29,800/- രൂപ ശ്രീ.കലന്ദർ.പി.എം ന് നൽകി. (അക്കൗണ്ട് നം.33501038259/SBI.)

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. പദ്ധതി പ്രകാരം പ്രവൃത്തി നടന്നത് 2020-21 വർഷത്തിലാണ്. അതിന്റെ ബാലൻസ് തുക 2 വർഷം പിന്നിട്ട ശേഷം 2022-23 വർഷത്തിൽ നൽകാനുണ്ടായ സാഹചര്യം വിശദീകരിച്ചിട്ടില്ല. തുക നൽകുന്നതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ മിനിട്സ് പകർപ്പ് പാജരാക്കേണ്ടതാണ്.

2.പദ്ധതി നടത്തിപ്പിനായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചത്, ലഭിച്ച ടെണ്ടർ/ക്വട്ടേഷനുകൾ, ഭരണസമിതി അംഗീകരിച്ചത് സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. വാർഡ് മെമ്പർ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പ്രവൃത്തി നടത്തിയത് പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

4. സുലേഖയിൽ നിന്നുള്ള പ്രോജക്ട് ചെലവ് റിപ്പോർട്ടിൽ ഈ പ്രോജക്ടിന്റെ ചെലവ് കാണിച്ചിട്ടില്ല, 30.4.2022ന് ഈ തുക തനത് ഫണ്ട് അക്കൗണ്ടായ സൗത്ത് ഇൻഡ്യൻ ബാങ്ക് ഉപ്പള ശാഖയിലെ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. അക്കൗണ്ട് നം.0945073000000125. ചെലവ് തുക പ്രോജക്ട് ചെലവ് റിപ്പോർട്ടിൽ ഉൾപ്പെടാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

അപാകതകൾക്ക് മറുപടി നൽകാത്തതിനാൽ ചെലവ് തുക 1,29,800/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .15/12.12.2023

1-26 KSEB ക്ക് Post Shifting ന് തുക നൽകിയത് - രേഖകൾ ഹാജരാക്കിയിട്ടില്ല

2022-23 വർഷത്തിൽ 2 സ്ഥലങ്ങളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റുന്നതിന് KSEB ഉപ്പള സെക്ഷന് താഴെപ്പറയും പ്രകാരം തനതു ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്.

1.വൗച്ചർ നം.22200719/31.3.2023 – 8486/-രൂപ

2. വൗച്ചർ നം.22200720/31.3.2023 – 6961/-രൂപ

ആകെ 15447/-രൂപ – ചെക്ക് നം.29640/23.2.2023

പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഭരണസമിതി തീരുമാനം, പൂർത്തീകരണം സംബന്ധമായ അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 15447/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .19/12.12.2023

1-27 കണ്ടിൻജന്റ് ചെലവുകൾക്ക് ഹെഡ് മാസ്റ്റർക്ക് മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല.

വിവിധ സ്കൂളുകളിലെ വൈദ്യുതി, ടെലിഫോൺ ചാർജ്ജുകൾ ഒടുക്കുന്നതിനും മറ്റ് കണ്ടിൻജന്റ് ചെലവുകൾ നൽകുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ, GBLPS Heroorന് 2022-23 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്. വൈദ്യുതി, ടെലിഫോൺ മറ്റ് കണ്ടിൻജന്റ് ചെലവുകൾ നടത്തുന്നതിന് ആകെ 2,81,000/-രൂപ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം.22200545/14.12.2022 പ്രകാരം 1,40,000/-രൂപ അനുവദിച്ചു. (ചെക്ക് നം.029424/14.12.2022)

എന്നാൽ തുക മുൻകൂർ അനുവദിക്കുന്നതിന് തീരുമാനിച്ചതിന്റെ രേഖകൾ, തുക ക്രമീകരിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.17/12.12.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ ചെലവഴിച്ച തുകയുടെ ബില്ലുകളും വൗച്ചറുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നും രേഖകൾ സഹിതം ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് ഹെഡ് മാസ്റ്ററോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല എന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. അതിനാൽ ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ ചെലവ് തുക 1,40,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-28 അഗതിരഹിത കേരളം പദ്ധതി- ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.79/23 (സ്പിൽ ഓവർ )

അടങ്കൽ - 50000/- പ്ലാൻ + 1000000/- തനത് ഫണ്ട് + 1000000/- ജില്ലാ പഞ്ചായത്ത്

ചെലവ് - 300000/-രൂപ (തനത് ഫണ്ട് )

വൗച്ചർ നം.22200492/19.2.2023 – 300000/-രൂപ

പദ്ധതി പ്രകാരം 4 പേർക്ക് 75,000/-രൂപ വീതം താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട്.

1.സാറ – 75,000/- അക്കൗണ്ട് നം.42062200058822/CNRB

2.അവ്വമ്മ - 75,000/- അക്കൗണ്ട് നം.40529100006687/KLGB

3.ബല്ല സളിയൻ - 75,000/- അക്കൗണ്ട് നം.32278361779/SBI

4.വാണിശ്രീ - 75,000/- അക്കൗണ്ട് നം.42102250006245/CNRB

തുക നൽകിയത് സംബന്ധിച്ച അനുബന്ധ രേഖകൾ ,അഗതി ആശ്രയ ഗുണഭോക്തൃ പട്ടിക, പ്രൊജക്ടിന്റെ പകർപ്പ്,എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 3,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.18/12.12.2023)

## 1-29 പൊതുസ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ പദ്ധതി-പ്രായോഗികമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.18/23

അടങ്കൽ - 10,00,000- രൂപ - ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 4,97,504/-രൂപ (വൗച്ചർ നം.42200748/31.3.2023)

മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ പൊതു ഇടങ്ങളിൽ മാലിന്യം തള്ളുന്നത് നിരീക്ഷിക്കാനായുള്ള സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനായി കെൽട്രോൺ മുഖേന നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് 9.2.2023 ന് മാനേജർ, കെൽട്രോൺ കമ്മ്യൂണിക്കേഷൻസ് ഡിവിഷൻ, കുളത്തൂർ, തിരുവനന്തപുരത്തിനോട് ആവശ്യപ്പെടുകയും KSEDC/KCC/CPG/G-36/2022-23/1Dt.6.2.2023 പ്രകാരം കെൽട്രോൺ വിശദമായ പ്രൊജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും സമർപ്പിച്ചു. ഗ്രാമപഞ്ചായത്തിലെ 7 ലൊക്കേഷനുകളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് ആകെ 9,95,006/-രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചത്. ഭരണസമിതി തീരുമാനം നം.1(7)/21.2.2023 പ്രകാരം എസ്റ്റിമേറ്റ് അംഗീകരിക്കുകയും 3.3.2023 തീയ്യതിയിൽ കെൽട്രോണുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു . ഇൻവോയ്സ് നം.CPG/P2-/22-23/Dt.3.3.2023 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 50% ആയ 4,97,504/-രൂപ നൽകാൻ കെൽട്രോൺ ആവശ്യപ്പെട്ട പ്രകാരം 4,97,504/-രൂപ കൈമാറി. (അക്കൗണ്ട്

നം.3301002100016241/PNB.)

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ ,അനുബന്ധ രേഖകൾ എന്നിവ പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) എസ്റ്റിമേറ്റ് തുകയുടെ 50% മാത്രമാണ് 2022-23 ൽ നൽകിയത്. ബാക്കി 30% തുക സാധനങ്ങൾ ഇറക്കിയ ശേഷവും 20% തുക പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷവും നൽകാനാണ് കരാറിൽ ധാരണയായിട്ടുള്ളത്. പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ എന്നും ബാക്കി തുക 2023-24 വർഷത്തിൽ നൽകിയിട്ടുണ്ടോ എന്നും വിശദീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

2) നിലവിലെ ക്യാമറയിൽ രാത്രി ദൃശ്യങ്ങൾ വ്യക്തമല്ലെന്നും അതിനാൽ രാത്രികാല നിരീക്ഷണ സംവിധാനമുള്ള പുതിയ ക്യാമറകൾ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് 7.6.2023 തീയതിയിൽ സെക്രട്ടറി കെൽട്രോണിന് അയച്ച കത്ത് ഫയലിൽ ഉണ്ട്.ആയതിനാൽ പദ്ധതി പ്രകാരം സ്ഥാപിച്ച ക്യാമറകൾ ഉപകാരപ്രദമല്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്.സി.സി.ടി.വി ക്യാമറ ഏതെല്ലാം ലൊക്കേഷനുകളിലാണ് സ്ഥാപിച്ചത് എന്ന വിവരവും (ഇൻസ്റ്റലേഷൻ റിപ്പോർട്ട്) രാത്രിനിരീക്ഷണം നടത്താൻ പര്യാപ്തമായ ക്യാമറകൾ മാറ്റി സ്ഥാപിച്ചുവോ എന്നും ഫയലിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

3) നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടു കൊണ്ട് 21.3.2023 ന് KSEB യുടെ ഉപ്പള സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കും സി.സി.ടി.വി ക്ക് കറന്റ് ലഭ്യമാക്കാൻ KSEB യുടെ ഉപ്പള സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 28.4.2023 ന് KSEB യുടെ കാസറഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കും സെക്രട്ടറി കത്തയച്ചതായി ഫയലിൽ കാണുന്നു. ഈ കത്തുകളിന്മേലുള്ള തുടർ നടപടികൾ ഫയിലിൽ ഇല്ല.

4) എസ്റ്റിമേറ്റ് പ്രകാരം സി.സി.ടി.വി കൾ സ്ഥാപിക്കേണ്ട കൈക്കമ്പ, ഉപ്പള ജംഗ്ഷൻ, ബന്ദിയോട് ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിൽ ദേശീയപാത നിർമ്മാണം ധ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഇവിടങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് പരിശോധന ആവശ്യമാണ്.

ഫയൽ പരിശോധനയിൽ നിന്നും നിലവിൽ പദ്ധതി പൂർത്തിയായിട്ടില്ല എന്നും സ്ഥാപിച്ച ക്യാമറകളിൽ നിന്നും ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല എന്നും മനസ്സിലാക്കാവുന്നതാണ്. അതിനാൽ കെൽട്രോണുമായി ബന്ധപ്പെട്ട് രാത്രിദൃശ്യങ്ങൾ നിരീക്ഷിക്കാൻ തക്കതായ നൈറ്റ് വിഷൻ ക്യാമറകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് എന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് എൻക്വയറി നം.13/12.12.2023 ന് കെൽട്രോണുമായി ബന്ധപ്പെട്ട് നൈറ്റ് വിഷൻ ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് സെക്രട്ടറി മറുപടി നൽകിയത്. അതുവരെ ചെലവ് തുക 4,97,504/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.

1) 2022-23 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |

| | | | | | |
|---|---|---|---|---|---|
| 1 | പ്രേമ (വാർദ്ധക്യ പെൻഷൻ) | 111790203163 | 30.12.2021 | 01/2022 – 03/2023 (1600x13) | 24,000 |
| 2 | അമിദാബി (വാർദ്ധക്യ പെൻഷൻ) | 111790203628 | 11.08.2021 | 09/2021 – 03/2023 (1600x19) | 30,400 |
| 3 | മൂസ.പി.എം (ഡിസബിലിറ്റിപെൻഷൻ) | 111790400472 | 17.01.2022 | 02/2022 - 05/2022 (1600x4) | 6,400 |
| 4 | മറിയുമ്മ (വിധവ പെൻഷൻ) | 111790601551 | 04.03.2022 | 04/2022 – 11/2022 (1600x8) | 12,800 |
| 5 | ഇബ്രാഹിം (വാർദ്ധക്യ പെൻഷൻ) | 111790202202 | 02.03.2022 | 04/2022 -11/2022 (1600x8) | 12,800 |
| 6 | കൊറഗപ്പ ഷെട്ടി.കെ (വാർദ്ധക്യ പെൻഷൻ) | 111790204216 | 09.10.2021 | 11/2021 – 06/2022 (1600x8) | 12,800 |
| 7 | അബ്ദുൾ റഹ്മാൻ (വാർദ്ധക്യ പെൻഷൻ) | 111790200097 | 23.10.2021 | 11/2021 – 6/2023 (1600x20) | 32,000 |
| 8 | മരിയമ്മ (ഡിസബിലിറ്റി പെൻഷൻ) | 111790400813 | 01.11.2021 | 12/2021 – 6/2023 (1600x19) | 30,400 |
| 9 | മുഹമ്മദ് (വാർദ്ധക്യ പെൻഷൻ) | 111790204230 | 16.11.2021 | 12/2021 – 11/2022 (1600x12) | 19,200 |
| 10 | രേവതി (ഡിസബിലിറ്റി പെൻഷൻ) | 111790400537 | 13.11.2021 | 12/2021 –06/2023 (1600x19) | 30,400 |
| 11 | മുഹമ്മദ് (വാർദ്ധക്യ പെൻഷൻ) | 111790202423 | 26.11.2021 | 12/2021 –06/2023 (1600x19) | 30,400 |
| 12 | പാതുഞ്ഞി (വിധവ പെൻഷൻ) | 111790601062 | 02.01.2022 | 02/2022 –06/2023 (1600x17) | 27,200 |
| 13 | കൈജമ്മ (വാർദ്ധക്യ പെൻഷൻ) | 111790200174 | 03.02.2022 | 03/2022 –06/2023 (1600x16) | 25,600 |
| 14 | ദേവപ്പാചാര്യ (വാർദ്ധക്യ പെൻഷൻ) | 111790201392 | 24.01.2022 | 02/2022 –06/2023 (1600x17) | 27,200 |
| 15 | വെങ്കിട്ടരമണ ഭട്ട് (വാർദ്ധക്യ പെൻഷൻ) | 111790204187 | 12.01.2022 | 02/2022 –06/2023 (1600x17) | 27,200 |
| 16 | കുഞ്ഞബി (വിധവ പെൻഷൻ) | 111790600023 | 28.08.2022 | 09/2022 –06/2023 (1600x10) | 16,000 |
| 17 | മുത്തു (വാർദ്ധക്യ പെൻഷൻ) | 111790201532 | 30.12.2022 | 01/2023 –06/2023 (1600x6) | 9,600 |
| 18 | ആയിഷ (വാർദ്ധക്യ പെൻഷൻ) | 111790202489 | 05.11.2022 | 12/2022 –06/2023 (1600x7) | 11,200 |
| 19 | ഇബ്രാഹിം (വാർദ്ധക്യ പെൻഷൻ) | 111790202825 | 28.02.2023 | 03/2023 –06/2023 (1600x4) | 6,400 |
| | | | | ആകെ | 3,92,000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിച്ച് തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 11.12.2023 ന് നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) ഗുണഭോക്താവിന്റെ മരണശേഷം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും തുക വിതരണം

ചെയ്യതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്യതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | റുകിയ.എം.എ (ഡിസബിലിറ്റി പെൻഷൻ) (പൈവളികെ ഗ്രാമ പഞ്ചായത്ത്) | 111850400565 | 26.01.2022 | 02/2022 - 6/2023 (1600x17) | 27,200 |
| 2 | അബ്ദുൾ റഹ്മാൻ (വാർദ്ധക്യകാല പെൻഷൻ) (വോർക്കാടി ഗ്രാമ പഞ്ചായത്ത്) | 111800262247 | 15.03.2022 | 04/2022 - 6/2023 (1600x15) | 24,000 |
| 3 | മറിയമ്മ (വാർദ്ധക്യകാല പെൻഷൻ) (പൈവളികെ ഗ്രാമപഞ്ചായത്ത്) | 111850201498 | 06.11.2021 | 12/2021 - 04/2022 (1600x5) | 8,000 |
| 4 | ജാനകി (വിധവ പെൻഷൻ) (ദേലംപാടി ഗ്രാമ പഞ്ചായത്ത്) | 111900600334 | 11.07.2021 | 08/2021 - 02/2022 (1600x7) | 11,200 |
| 5 | രാമമൂല്യ (വാർദ്ധക്യകാല പെൻഷൻ) (പൈവളികെ ഗ്രാമപഞ്ചായത്ത്) | 111850202494 | 09.02.2022 | 03/2022 - 06/2022 (1600x4) | 6,400 |
| 6 | ഇബ്രാഹിം (വാർദ്ധക്യകാല പെൻഷൻ) (പൈവളികെ ഗ്രാമപഞ്ചായത്ത്) | 111850200158 | 26.12.2022 | 01/2023 - 06/2023 (1600x6) | 9,600 |
| | | | | ആകെ തുക | 86,400 |

മേൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം മറ്റ് സ്ഥാപനങ്ങളിൽ അറിയാതെ പോകുന്നതിനാൽ ആനുകൂല്യം വിതരണം ചെയ്യുവരുന്നു. മേൽ സ്ഥാപനങ്ങൾക്ക് വിവരം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3) മംഗൽപാടി കൃഷി ഓഫീസിൽ നിന്നും ഗുണഭോക്താവിന്റെ മരണ ശേഷവും ചുവടെ പറയും പ്രകാരം തുക വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്യതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | പാർകുഞ്ഞി ഹാജി (കർഷകപെൻഷൻ) | 2220365256 | 23.11.2021 | 12/2021 – 04/2023 (1600X17) | 27,200 |
| | | | | ആകെ | 27,200 |

മേൽ വിഷയം കൃഷി വകുപ്പിനെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.9 തീയ്യതി 11.12.2023)

## 1-31 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ചുവടെ ചേർത്ത പ്രകാരം 2,03,76,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | ചെലവ് തുക |
|---|---|
| 147- ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗം 22-23 | 10,06,000/- |
| 242 - ലൈഫ് മിഷൻ - ഭവനപദ്ധതി -എസ്.സി | 7,72,400/- |

| | |
|---|---|
| 146- ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികജാതി 22-23 | 54,00,000/- |
| 130- ലൈഫ് മിഷൻ - ഭവന നിർമ്മാണം - ജനറൽ 22-23 | 1,31,98,200/- |
| ആകെ | ₹2,03,76,600/- |

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത 55 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. (യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- ,പട്ടികജാതി വിഭാഗം ₹4,00,000/-പട്ടിക വർഗ്ഗ വിഭാഗം ₹6,00000/-).

1) എസ്.ടി ഗുണഭോക്താക്കൾ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാറിൽ ഏർപ്പെട്ട തീയ്യതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഭവാനി W/O നാരായണനായിക് ,അഡ്ക്ക | 29/10/2021 | 560000 | മേൽക്കൂര |

2) എസ്.സി/ ജനറൽ ഗുണഭോക്താക്കൾ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാറിൽ ഏർപ്പെട്ട തീയ്യതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഭാരതി.കെ.എസ് W/O ശബരീഷ, ശാന്തിമൂല | 8/03/2021 | 300000 | ഭിത്തി |
| 2 | ഷബീറ.യു W/O ഉമ്മർ, പച്ചമ്പല | 2/07/2021 | 348710 | മേൽക്കൂര |
| 3 | ബി.ബീഭാത്തുമ്മ W/O ഹബീബ് റഹിമാൻ, പൊരിക്കോട് | 7/07/2021 | 200000 | ഭിത്തി |
| 4 | റസിയ D/0 അബ്ബാസ് , മന്നംകുഴി | 7/06/2021 | 360000 | മേൽക്കൂര |
| 5 | നഫീസ W/O ഇബ്രാഹിം, മന്നംകുഴി | 2/02/2022 | 360000 | മേൽക്കൂര |
| 6 | അയിഷ W/O അബ്ദുൾ മുനീർ, കുബന്നൂർ | 7/02/2022 | 360000 | മേൽക്കൂര |
| 7 | ലക്ഷ്മി W/O ആനന്ദ, ഷിറിയ | 7/10/2021 | 360000 | മേൽക്കൂര |
| 8 | ശാരദ W/O നാരായണ, മംഗൽപാടി | 29/06/2021 | 360000 | മേൽക്കൂര |
| 9 | തുളസി W/O പത്മനാഭ, കോടിബൈൽ | 17/03/2022 | 140000 | ലിന്റൽ |
| 10 | എം.സന്ധ്യ W/O ഹാരിസ് , ഇച്ചിലങ്ങോട് | 21/03/2022 | 340000 | മേൽക്കൂര |
| 11 | നളിനാക്ഷി.എസ് W/O രത്നാകര.എ, ഷിറിയ | 1/11/2021 | 200000 | ലിന്റൽ |
| 12 | കീർത്തി W/O ഷാജി, ഉപ്പള | 23/03/2022 | 360000 | മേൽക്കൂര |
| 13 | പവിത്ര.എസ്.കെ W/O ശിവപ്രസാദ്, കോടിബൈല് | 24/03/2022 | 140000 | ലിന്റൽ |
| 14 | ആസിയാമ്മ W/O ഹുസൈനാർ, മംഗൽപാടി | 23/02/2022 | 360000 | മേൽക്കൂര |

| | | | | |
|---|---|---|---|---|
| 15 | നസീമ ഭാനു W/O ഷേക്ക് മുഹമ്മദ് അസ്ഹാക്ക്, പാറക്കട്ട | 10/08/2021 | 320000 | മേൽക്കൂര |
| 16 | റുബീന പർവീൺ D/O ഷേക്ക് അഹമ്മദ് , നയാബസാർ | 20/09/2022 | 300000 | മേൽക്കൂര |
| 17 | സീനത്ത് ഭാനു W/O മുഹമ്മദ് ഹനീഫ്, പാറക്കട്ട | 5/11/2022 | 320000 | മേൽക്കൂര |
| 18 | ഖദീജ W/O മുഹമ്മദ്, പട്ടോടി | 5/11/2022 | 320000 | മേൽക്കൂര |
| 19 | ഫാത്തിമ രാജസാബ് D/O രാജസാബ് , കുകാർ | 5/11/2022 | 320000 | മേൽക്കൂര |
| 20 | യുനൈസ W/O അബ്ബാസ്, നയാബസാർ | 5/11/2022 | 320000 | മേൽക്കൂര |
| 21 | അബ്ദുൾ റസാക്ക് S/O മറിയാമ്മ, ബെല | 5/11/2022 | 320000 | മേൽക്കൂര |
| 22 | ലോകേഷ്.ബി H/0 പത്മാവതി, കുബന്നൂർ | 21/03/2022 | 172400 | ലിന്റൽ |
| 23 | ഫയിത ബാനു W/O കാസിം, മന്നംകുഴി | 27/10/2022 | 300000 | മേൽക്കൂര |
| 24 | മുംതാസ് W/O ആദം, കുബന്നൂർ | 14/06/2022 | 60000 | തറ |
| 25 | ഫൈറോസ W/O മുഹമ്മദ് ഹുസൈൻ, മന്നംകുഴി | 27/10/2022 | 300000 | മേൽക്കൂര |
| 26 | ഖയറുനിസ W/O കുഞ്ഞഹമ്മദ്, മന്നംകുഴി | 5/11/2022 | 320000 | മേൽക്കൂര |
| 27 | വാസന്തി.കെ W/O യോഗിഷ്, ഉപ്പള | 21/12/2022 | 60000 | തറ |
| 28 | സുമിത്ര.എം W/O സുനിൽകുമാർ, അമ്പാർ | 2/02/2022 | 320000 | മേൽക്കൂര |
| 29 | പ്രമീള.എം W/O അനിൽകുമാർ, കുമ്പന്നൂർ | 19/12/2022 | 360000 | മേൽക്കൂര |
| 30 | സത്യവതി.എസ് W/O അശോക, ശിറിയ | 23/12/2022 | 160000 | ലിന്റൽ |
| 31 | രാധാകൃഷ്ണൻ.എ S/O ചൗക്കാരു, അഡ്ക | 24/12/2022 | 160000 | ലിന്റൽ |
| 32 | പ്രേമ.യു.ബി W/O സതീഷ് കുമാർ, കുമ്പന്നൂർ | 22/12/2022 | 200000 | ഭിത്തി |
| 33 | സഞ്ചീവി W/O പവിത്രൻ, അഡ്ക | 28/12/2022 | 60000 | തറ |
| 34 | ഷൈലജ.ഒ W/O സതീഷ് കുമാർ, മംഗൽപാടി | 30/12/2022 | 300000 | മേൽക്കൂര |
| 35 | സുമിത്ര W/O രാജു.ബി.എം, ഉപ്പള | 3/01/2023 | 60000 | തറ |
| 36 | കുസുമ W/O ശ്രീനിവാസ.ഒ.കെ, | 23/12/2022 | 160000 | ലിന്റൽ |

| | | | | |
|---|---|---|---|---|
| | ബേക്കൂർ | | | |
| 37 | വിമല.ഒ W/O തുളസി കുമാർ, അമ്പാർ | 30/12/2022 | 60000 | തറ |
| 38 | ധന്യ W/O നരേഷ്, ബന്ദിയോട് | 26/12/2022 | 300000 | മേൽക്കൂര |
| 39 | ശാരി.ബി.എം W/O ലോകേഷ്, സോങ്കൽ | 27/12/2022 | 160000 | ഭിത്തി |
| 40 | സന്തോഷ് കുമാർ H/O സുമംഗല, ശാരദ നിലയ | 18/01/2023 | 160000 | ലിന്റൽ |
| 41 | സൗമ്യ.ബി.കെ W/O രവീന്ദ്ര.കെ, മഞ്ചേശ്വർ | 18/01/2023 | 60000 | തറ |
| 42 | സുമിത്ര.കെ W/O കൃഷ്ണ, ബേക്കൂർ | 2/02/2023 | 320000 | മേൽക്കൂര |
| 43 | ലീല W/O തമ്പാൻ, കുമ്പന്നൂർ | 10/01/2023 | 220000 | ഭിത്തി |
| 44 | കമലാക്ഷി W/O രാജേഷ്, പുലികുത്തി | 3/01/2023 | 189500 | ഭിത്തി |
| 45 | ചോമ H/O ചന്ദ്രാവതി, ഉപ്പള | 6/01/2023 | 340000 | മേൽക്കൂര |
| 46 | സുനിത.പി W/O രാജ്കുമാർ, പുലികുത്തി | 13/02/2023 | 60000 | തറ |
| 47 | ലക്ഷ്മി W/O ബാലൻ, കുമ്പന്നൂർ | 24/02/2023 | 60000 | തറ |
| 48 | ഗോപി W/O നാരായണ, മംഗൽപാടി | 7/01/2023 | 60000 | തറ |
| 49 | ഗണേഷ.എം.കെ S/O കൊഗ്ഗ, ലക്ഷ്മം വീട്, കുമ്പള | 17/12/2022 | 380000 | മേൽക്കൂര |
| 50 | കമല W/O സഞ്ചീവ, കൃഷ്ണനഗർ | 1/02/2023 | 370638 | മേൽക്കൂര |
| 51 | നസീമ ഭാനു W/O ഷെക്ക് അസ്ലം, മണിമുണ്ട | 22/03/2021 | 360000 | മേൽക്കൂര |
| 52 | റഹ്മത്ത് ഭാനു W/O മുഹമ്മദ്, മുട്ടം ഹൗസ് | 8/03/2021 | 300000 | മേൽക്കൂര |
| 53 | ബീഭാത്തിമ W/O അബൂബക്കർ, അഡ്ക്ക | 8/03/2021 | 360000 | മേൽക്കൂര |
| 54 | സുബൈദ W/O അബ്ദുൾ ബഷീർ, ബേക്കൂർ | 28/02/2022 | 360000 | മേൽക്കൂര |

പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ വ്യവസ്ഥ പ്രകാരം മേൽ ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 8/11.12.2023). തുടർ നടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുരുതരമായ ക്രമക്കേടുകൾ

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ ഗുരുതരമായ ക്രമക്കേടുകൾ ഉള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നടപ്പിലാക്കാത്ത പദ്ധതികൾക്കായി ട്രഷറിയിൽ നിന്നും തനത് ഫണ്ടിൽ നിന്നും പണം പിൻവലിച്ചതായി ഓഡിറ്റ് പരിശോധനയിൽ കാണുന്നു. കൂടാതെ വാങ്ങിയ സാമഗ്രികളുടെ വിതരണ രേഖകളിൽ കൃത്രിമം കാട്ടിയതായും കാണുന്നു. ഇത്തരത്തിൽ 9,99,399 രൂപയുടെ വ്യക്തമായ ക്രമക്കേട് ഹെഡ് മാസ്റ്റർ നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടു. കൂടാതെ പദ്ധതി നിർവഹണത്തിന്റെ പ്രാഥമിക നിയമങ്ങൾ പോലും പാലിക്കാതെയാണ് ഹെഡ്മാസ്റ്റർ പദ്ധതികൾ നിർവഹിച്ചത് എന്നും പരിശോധനയിൽ വ്യക്തമാവുകയുണ്ടായി.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം & പേര് | | ഫണ്ട് വിവരം | ചെലവ് തുക |
|---|---|---|---|---|
| 1 | 118 | ഗെയിംസ് കിറ്റ് വിതരണം | Development Fund(General) - 220000 | 2,20,000 |
| 2 | 128 | എസ്.എസ്.കെ വിഹിതം | Development Fund(General) - 3000000 | 30,00,000 |
| 3 | 132 | സ്മാർട്ട് കോൺഫറൻസ് ഹാൾ | Maintenance Fund - Non-road Assets - 400000 | 4,00,000 |
| 4 | 134 | സ്മാർട്ട് ക്ലാസ്സ് എൽ പി സ്കൂൾ | Maintenance Fund - Non-road Assets - 500000 | 4,99,999 |
| 5 | 148 | ഗവണ്മെൻറ് എൽ പി /യുപി സ്കൂളുകളിൽ ക്ലാസ്സ് റൂമുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | Maintenance Fund - Non-road Assets - 90000 | 90,000 |
| 6 | 200 | എസ്.സി വിദ്യാർഥികൾക്ക് ലാപ്ടോപ് | Development Fund(S.C.P) - 630000 | 5,94,000 |
| 7 | 238 | തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | Own Fund - 175000 | 51,450 |
| 8 | 239 | ജിബിഎൽപി സ്കൂൾ ഹേരൂർ സൗന്ദര്യവത്കരണം | Maintenance Fund - Non-road Assets - 238290 | 1,76,409 |
| 9 | 263 | പി.എസ്.സി പരിശീലനം | Own Fund - 200000 | 2,00,000 |
| 10 | 302 | ഗവൺമെൻറ് എൽ പി സ്കൂളുകൾക്ക് ഇൻവർട്ടർ വാങ്ങുന്നത് | Development Fund(General) - 180000 | 1,80,000 |
| | | | ആകെ | 54,11,858 രൂപ |

മേൽ പദ്ധതികളുടെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നിലവിലെ നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ, ഹെഡ്മാസ്റ്റർക്ക് ഓഡിറ്റ് റിക്വിസിഷൻ (നം.01/06.12.2023)

നൽകുകയുണ്ടായി. എന്നാൽ 2022-23 ലെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.വസന്തകുമാർ.സി.കെ (ഹെഡ്മാസ്റ്റർ, നിലവിൽ വിരമിച്ചു) തനിക്ക് രേഖകൾ ഒന്നും കൈമാറിയിട്ടില്ല എന്നും രേഖകൾ ശ്രീ.വസന്തകുമാർ ആണ് കൈവശം വച്ചിരിക്കുന്നത് എന്നും ശ്രീ.ഉമേഷ.കെ, ഹെഡ്മാസ്റ്റർ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.വസന്തകുമാർ.സി.കെ യെ ഓഡിറ്റ് നേരിട്ട് ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. ഈ രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ വിവരിക്കുന്നു.

1. സ്മാർട്ട് കോൺഫ റൻസ് ഹാൾ – 3,40,000 രൂപയുടെ ക്രമക്കേടുകൾ

| പ്രോജക്ട് | സ്മാർട്ട് കോൺഫറൻസ് ഹാൾ (നം.132/23) | |
|---|---|---|
| ബിൽ നമ്പർ & ചെലവഴിച്ച തുക | 22200652017800588512/ തീ.28.9.2022 | 39,700 രൂപ |
| | 22200652017800588555/ തീ.28.9.2022 | 60,000 രൂപ |
| | 22200652017800923617/ തീ.17.12.2022 | 96,400രൂപ |
| | 22200652017800674867/ തീ.10.2.2023 | 1,11,500 രൂപ |
| | 22200652017801075058/ തീ.21.10.2022 | 92,400 രൂപ |
| ആകെ | മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 4,00,000 രൂപ |

GLPS സ്കൂൾ മുളിഞ്ചയിൽ സ്മാർട്ട് മൾട്ടീ മീഡിയ കോൺഫറൻസ് ഹാൾ ഒരുക്കുന്നതിനുവേണ്ടിയാണ് മേൽ പദ്ധതി പ്രകാരം 4,00,000 രൂപ ചെലവഴിച്ച് കാണുന്നത്. വാങ്ങിയ സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു,

| ബില്ല് നം | തുക | |
|---|---|---|
| Gurudas Traders, Kasaragod Invoice No.GT1413/2022-23 തീ.20.7.22 | 39,700 | മൈക്ക് സെറ്റ് അനുബന്ധ സാമഗ്രികളുടെ വിലയായി 39,700 രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Kanipura Enterprises, Kumbala എന്ന സ്ഥാപനത്തിൽ നിന്നും 19.9.2022-ന് ബിൽ നമ്പറില്ലാത്ത ബില്ല് | 60,000 | കോൺഫറൻസ് ടേബിൾ (18,000 രൂപ), ഡയസ് ചെയറുകൾ (42,000 രൂപ) എന്നിവയുടെ വിലയായി 60,000 രൂപ . ഉദയകുമാർ എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Kanipura Enterprises, Kumbala എന്ന | 96,400 | Cushion Seat Steel Chair With Writing Pad, 25 |

| | | |
|---|---|---|
| സ്ഥാപനത്തിൽ നിന്നും 1.11.2022-ന് ബില്ല് നം 5425 | | എണ്ണത്തിന്റെ വിലയായി 96,400 രൂപ ഉദയകുമാർ എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Viswas Constructions, സൂറംബയൽ എന്ന സ്ഥാപനത്തിൽ നിന്നും 20.01.2023-ന് ബില്ല് നം 9065, 9064 എന്നിവ പ്രകാരം വാങ്ങിയ സാധനങ്ങളും ജോലികളും | 1,11,500 രൂപ (ബില്ല് നം 9065 പ്രകാരം 34,700 രൂപയുടെ ഇലക്ട്രിഫിക്കേഷൻ വർക്കും ബില്ല് നം 9064 പ്രകാരം 76,800 രൂപയുടെ Carpenter വർക്കും-സാധനങ്ങൾ ഉൾപ്പെടെ) | തുക അനന്ത ഭണ്ഡാരി എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Viswas Constructions, സൂറംബയൽ എന്ന സ്ഥാപനത്തിൽ നിന്നും 31.12.2022-ന് ബില്ല് നം 8965 പ്രകാരം വാങ്ങിയ സാധനങ്ങളും ജോലികളും | 92,400രൂപ | ( WALL PAINTING AND ART WORK IN GLPS MULINJA- 140 Sq MT) തുക അനന്ത ഭണ്ഡാരി എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| ആകെ | 4,00,000 രൂപ | |

പദ്ധതി നടത്തിപ്പിൽ താഴെ കൊടുക്കുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

GLP സ്കൂൾ മുളിഞ്ചയിൽ സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിനായി മേൽ വിവരിച്ച പ്രകാരം 4 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും സ്കൂളിൽ ഇത്തരമൊരു സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിച്ചിട്ടില്ല. സ്കൂളിൽ സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് വേളയിൽ കെ.എസ്.എ01/2023, തിയതി 12.12.2023 നമ്പർ കത്ത് മുഖേന മുളിഞ്ച ജി.എൽ.പി സ്കൂളിലെ ഹെഡ്മിസ്ട്രസ്സിനോട് ആരാഞ്ഞതിന് 19.09.2022 തിയതിയിലെ 60,000 രൂപയുടെ ബില്ലിലുള്ള ഒരു കോൺഫറൻസ് ടേബിൾ, 7 ഡയസ് ചെയറുകൾ എന്നിവയൊഴികെ ഒരു സാമഗ്രികളും സ്കൂളിൽ ലഭിച്ചിട്ടില്ല എന്നും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, കാർപ്പെന്റർ പ്രവൃത്തികൾ, ചുമർ ചിത്രങ്ങൾ വരക്കൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടില്ല എന്നും 13.12.2023 ലെ കത്ത് മുഖേന മുളിഞ്ച ജി.എൽ.പി സ്കൂളിലെ ഹെഡ്മിസ്ട്രസ്സ് വ്യക്തമാക്കിയിട്ടുണ്ട്.

ഇതേത്തുടർന്ന് 14.12.2023 ന് മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. സ്കൂളിൽ സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിച്ചിട്ടില്ല എന്നും 19.09.2022 തിയതിയിലെ 60,000 രൂപയുടെ ബില്ലിലുള്ള ഒരു കോൺഫറൻസ് ടേബിൾ, 7 ഡയസ് ചെയറുകൾ എന്നിവയൊഴികെ ഒരു സാമഗ്രികളും സ്കൂളിൽ ലഭിച്ചിട്ടില്ല എന്നും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, കാർപ്പെന്റർ പ്രവൃത്തികൾ, ചുമർ ചിത്രങ്ങൾ വരക്കൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടില്ല എന്നും സ്ഥലപരിശോധനയിൽ വ്യക്തമായി.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ

കേൾക്കുകയുണ്ടായി. ഈ പ്രോജക്ടിൽ 19.09.2022 തിയതിയിലെ 60,000 രൂപയുടെ ബില്ലിലുള്ള ഒരു കോൺഫറൻസ് ടേബിൾ, 7 ഡയസ് ചെയറുകൾ എന്നിവയൊഴികെ മറ്റു പ്രവൃത്തികൾ നടത്തിയിട്ടില്ല / സാമഗ്രികൾ സ്കൂളിൽ സ്ഥാപിച്ചിട്ടില്ല എന്നും വിതരണം ചെയ്ത സാമഗ്രികളുടെ വില 60,000 രൂപ കിഴിച്ച് ബാക്കി 3,40,000 രൂപ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു.

ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവ് ചെയ്ത 4,00,000 രൂപയിൽ 3,40,000 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പണം പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ഈടാക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതും അപ്രകാരം ഈടാക്കുന്ന തുകയും കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതുമാണ്.

ആസൂത്രിതമായ ഈ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഹെഡ്മാസ്റ്റർ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൈമാറിയ അക്കൗണ്ടിന്റെ ഉടമയുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രൊക്യൂയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്ട് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഈ സാഹചര്യത്തിൽ പ്രോജക്ട് ചെലവിൽ നിരാകരിച്ച 3,40,000 രൂപയ്ക്ക് പുറമെയുള്ള 60,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.ഗവണ്മെന്റ് എൽപി /യുപി സ്കൂളുകളിൽ ക്ലാസ്സ് റൂമുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - ചെയ്യാത്ത പ്രവൃത്തിക്ക് പണം പിൻവലിച്ചു - 90,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു .

| | |
|---|---|
| പ്രോജക്ട് | ഗവ. എൽ പി,യുപി സ്കൂളുകളിൽ ക്ലാസ് റൂമുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (നം.148/23) |
| ബിൽ നമ്പർ | 22200652017800674848/തീ.21.10.2022 |
| ചെലവഴിച്ചതുക | 90,000 (മെയിന്റനൻസ് ഫണ്ട്- നോൺറോഡ്) |

ഈ പദ്ധതിക്കായി 90,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ശ്രീ.പ്രദീപ്.സി.എച്ച് എന്നവരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. Sreedurga Electricals, Bayar എന്ന സ്ഥാപനത്തിന്റെ 15.10.2023 തിയതിയിലെ 1564 നമ്പർ ബിൽ മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഏക രേഖ. ഈ ബിൽ പ്രകാരമുള്ള സാമഗ്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സീലിംഗ് ഫാൻ | 32എണ്ണം | 70,400 |
| CFL ബൾബ് | 25 എണ്ണം | 11,250 |
| Regular Switch Board | | 8,350 |
| | ആകെ | 90,000 രൂപ |

ഈ പ്രോജക്ട് പ്രകാരം ഉള്ള സാമഗ്രികൾ ഏതൊക്ക സ്കൂളുകളിലാണ് സ്ഥാപിച്ചത് എന്ന വിവരം ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ടും സാധന സാമഗ്രികൾ സമാഹരിക്കുന്നതിൽ ടെണ്ടർ നടപടികൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടും നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ (ഹെഡ്മാസ്റ്റർ) ക്ക് നൽകിയ 13.12.2023 ലെ ഓഡിറ്റ് എൻക്വയറി നം. 25, 26, ഓഡിറ്റ് റിക്വിസിഷൻ നം.1/06.12.2023 എന്നിവയ്ക്ക് അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) രേഖകൾ അദ്ദേഹത്തിന് കൈമാറിയിട്ടില്ല എന്ന് മറുപടി

നൽകുകയുണ്ടായി. ശ്രീ.വസന്ത കുമാർ.സി.കെ നേരിട്ട് ഹാജരായ വേളയിലും ഈ വിഷയത്തിൽ വിശദീകരണം നൽകാനോ അധിക രേഖകൾ ഹാജരാക്കാനോ സാധിച്ചിട്ടില്ല.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ പ്രോജക്ട് നടത്തിയിട്ടില്ല എന്നും പിൻവലിച്ച 90,000 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു.

ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവ് ചെയ്ത 90,000 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പണം പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുക്കേണ്ടതും അപ്രകാരം ഈടാക്കുന്ന തുകയും കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതുമാണ്.

ആസൂത്രിതമായ ഈ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഹെഡ്മാസ്റ്റർ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൈമാറിയ അക്കൗണ്ടിന്റെ ഉടമയുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രൊക്യുയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്ട് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

3. പി എസ് സി പരിശീലനം -നടപ്പിലാക്കാത്ത പ്രോജക്ടിന് പണം പിൻവലിച്ചു - 2,00,000 രൂപയുടെ ചെലവ് നിരാകരിച്ചത് തിരിച്ചടച്ചു .

| | |
|---|---|
| പ്രോജക്ട് | പി.എസ്.സി പരിശീലനം (നം.263/23) |
| വൗച്ചർ നം | 22200734, തിയതി 31.03.2023<br>(Cheque , No : 29653 , Dt. 29-03-2023) |
| ചെലവഴിച്ച തുക | 2,00,000 (തനത് ഫണ്ട്). |

ഈ പ്രോജക്ടിന്റെ ഒരു ചെലവ് രേഖയും ഹെഡ്മാസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക പിൻവലിച്ചതിന്റെ സാംഖ്യയിൽ നിന്നുള്ള ബിൽ സെക്രട്ടറി ഹാജരാക്കിയത് പ്രകാരം പയ്യന്നൂർ അക്കാദമി എന്ന സ്ഥാപനത്തിന്റെ 67217093460/SBI എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. ചെലവിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ (ഹെഡ്മാസ്റ്റർ) ക്ക് നൽകിയ 13.12.2023 ലെ ഓഡിറ്റ് എൻക്വയറി നം. 25, 26, ഓഡിറ്റ് റിക്വിസിഷൻ നം.1/06.12.2023 എന്നിവയ്ക്ക് അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) രേഖകൾ അദ്ദേഹത്തിന് കൈമാറിയിട്ടില്ല എന്ന് മറുപടി നൽകുകയുണ്ടായി. ശ്രീ.വസന്ത കുമാർ.സി.കെ നേരിട്ട് ഹാജരായ വേളയിലും ഈ വിഷയത്തിൽ വിശദീകരണം നൽകാനോ അധിക രേഖകൾ ഹാജരാക്കാനോ സാധിച്ചിട്ടില്ല.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ.

വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ പ്രോജക്റ്റ് നടത്തിയിട്ടില്ല എന്നും പിൻവലിച്ച 2,00,000 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു. തുടർന്ന് 14.12.2023 ലെ റസീറ്റ് വൗച്ചർ നം.1230100282 പ്രകാരം 2,00,000 രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് അടക്കുകയും ചെയ്തിട്ടുണ്ട്. പണം പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുക്കേണ്ടതും അപ്രകാരം ഈടാക്കുന്ന തുകയും തനതു ഫണ്ടിൽ അടക്കേണ്ടതുമാണ്.

ആസൂത്രിതമായ ഈ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഹെഡ്മാസ്റ്റർ തുക കൈമാറിയ അക്കൗണ്ടിന്റെ ഉടമയുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രോക്വയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്റ്റ് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

4. എസ് സി വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് - ലാപ്പ്ടോപ്പ് വിതരണം ചെയ്തതായി വ്യാജരേഖ ചമച്ചു - 1,58,400 രൂപ നിരാകരിക്കുന്നു .

| | |
|---|---|
| പ്രോജക്റ്റ് | എസ്.സി വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് (നം.200/23) |
| ബിൽ നമ്പർ | 22200652017801512147/തീ.28.3.2023 |
| ചെലവഴിച്ചതുക | 5,94,000 (വികസന ഫണ്ട് SCP). |

ഈ പദ്ധതിക്കായി 5,94,000 രൂപ വികസന ഫണ്ട് (എസ്.സി.എസ്.പി) യിൽ നിന്നും പിൻവലിച്ച് One Zero Infosolutions, കാസറഗോഡ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 27.03.2023 ലെ OZIFS/1923 നമ്പർ ഇൻവോയ്സ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് പ്രകാരം 15 ലാപ്പ്ടോപ്പുകൾ ഹെഡ്മാസ്റ്റർ വാങ്ങിയിട്ടുണ്ട്.(ഒരു ലാപ്പ്ടോപ്പിന്റെ വില 39,600/-രൂപ).

പദ്ധതി നടത്തിപ്പിൽ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. നാല് ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാതെ അവർ കൈപ്പറ്റിയതായുള്ള വ്യാജരേഖ ചമച്ചു-

നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്തകുമാർ.സി.കെ ഹാജരാക്കിയ രേഖകൾ പ്രകാരം ലാപ്പ്ടോപ്പുകൾ കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയ 15 ഗുണഭോക്താക്കളെയും ഫോൺ മുഖേനയും നേരിട്ടും അന്വേഷിച്ചതിൽ ലാപ്പ്ടോപ്പ് കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയ 15 ഗുണഭോക്താക്കളിൽ 4 പേർ അവർക്ക് ലാപ്പ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കി.

ഈ 4 ഗുണഭോക്താക്കളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ഉഷ്മിത.എ.പി

2. മോഹൻ കുമാർ.എ.പി

3. അഭിഷേക്.എസ്

4. യതീഷ് കുമാർ

ഈ നാലു ഗുണഭോക്താക്കളുടെയും രക്ഷിതാക്കൾ നേരിട്ട് ഓഡിറ്റ് ടീമിനെ കാണുകയും തങ്ങളുടെ മക്കൾക്ക് ലാപ്പ്ടോപ്പുകൾ ലഭിച്ചിട്ടില്ല എന്നും ഹെഡ്മാസ്റ്റർ ഓഡിറ്റിനായി ഹാജരാക്കിയ രേഖകളിലെ തങ്ങളുടെ മക്കളുടെ ഒപ്പുകൾ വ്യാജമാണെന്നും രേഖാമൂലം സത്യ പ്രസ്താവന നടത്തുകയുണ്ടായി.

ലാപ്പ്ടോപ്പുകൾ ഗുണഭോക്താക്കൾക്ക് നൽകാതെ വ്യാജ രേഖ ചമച്ചതിൽ വലിയ ക്രമക്കേടുകൾ

നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ നാലു ഗുണഭോക്താക്കൾക്കും ലാപ്പ്ടോപ്പ് നൽകിയിട്ടില്ല എന്നും നാലു ലാപ്പ്ടോപ്പുകളുടെ വിലയായ 1,58,400 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു. ഈ തുകയും, തുക പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശയും കണക്കാക്കി ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്. ആകെ ചെലവിൽ 1,58,400 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2). പദ്ധതിയ്ക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വൺ-സീറോ കമ്പ്യൂട്ടേഴ്സ് കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പടോപ്പുകൾ വാങ്ങാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3).മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4).സർക്കുലർ നമ്പർ ഡി.എ1/87/19 തസ്വഭവ (ഡി.എ) വകുപ്പ് തിയതി 8.9.2020 പ്രകാരം 2.50 ലക്ഷത്തിൽ കൂടുതലുള്ള വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല.

5).ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.115/2022തീയതി 28.05.2022] ഖണ്ഡിക നം.7.2.4(II)-ൽ നിഷ്കർഷിക്കുന്നു. ഗുണഭോക്തൃ പട്ടികയ്ക്ക് ബന്ധപ്പെട്ട ഗ്രാമ സഭകളിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന നിർദ്ദേശം പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6).ജി.ഒ.(എം.എസ്) നം.115/2022, തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.7. പ്രകാരം പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ പഞ്ചായത്തിൽ നിന്ന് ലാപ്ടോപ്പ് നല്കാനാകൂ. പദ്ധതിയിലുൾപ്പെട്ട 15 വിദ്യാർഥികൾക്കും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഇത്തരത്തിൽ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ആകെ ചെലവു തുകയായ 5,94,000 രൂപയിൽ ക്രമ നം.1 ൽ നിരാകരിച്ച 1,58,400 രൂപ കിഴിച്ച് ബാക്കി 4,35,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

5. ഗവൺമെൻറ് എൽ പി സ്കൂളുക ൾക്ക് ഇൻവർട്ടർ വാങ്ങുന്നത് - നടപ്പിലാക്കാത്ത പ്രോജക്ടിന് പണം പിൻവലിച്ചു - 1,80,000 രൂപയുടെ ചെലവ് നിരാകരിച്ചത് തിരിച്ചടച്ചു.

| | |
|---|---|
| പ്രോജക്ട് | ഗവൺമെൻറ് എൽ പി സ്കൂളുകൾക്ക് ഇൻവർട്ടർ വാങ്ങുന്നത് (S0302/23) |
| ബിൽ നമ്പർ | 22200652017801357346/തീ.15.3.2023 |
| ചെലവഴിച്ചതുക | 1,80,000 (വികസന ഫണ്ട്). |

ഈ പദ്ധതിക്കായി 1,80,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ശ്രീ.പ്രദീപ.സി.എച്ച് എന്നവരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. Sreedurga Electricals, Bayar എന്ന സ്ഥാപനത്തിന്റെ 13.03.2023 തിയതിയിലെ 1154 നമ്പർ ബിൽ മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഏക രേഖ. ഈ ബിൽ പ്രകാരമുള്ള സാമഗ്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇൻവർട്ടർ | 6 എണ്ണം @ 30,000/each | 1,80,000 |

ഈ പ്രോജക്ടിൽ വാങ്ങിയ ഇൻവർട്ടറുകൾ ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടും അധിക രേഖകൾ ഹാജരാക്കാൻ ആവശ്ടപ്പെട്ടു കൊണ്ടും നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ (ഹെഡ്മാസ്റ്റർ) ക്ക് നൽകിയ 13.12.2023 ലെ ഓഡിറ്റ് എൻക്വയറി നം. 25, 26, ഓഡിറ്റ് റിക്വിസിഷൻ നം.1/06.12.2023 എന്നിവയ്ക്ക് അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) രേഖകൾ അദ്ദേഹത്തിന് കൈമാറിയിട്ടില്ല എന്ന് മറുപടി നൽകുകയുണ്ടായി. ശ്രീ.വസന്ത കുമാർ.സി.കെ നേരിട്ട് ഹാജരായ വേളയിലും ഈ വിഷയത്തിൽ വിശദീകരണം നൽകാനോ അധിക രേഖകൾ ഹാജരാക്കാനോ സാധിച്ചിട്ടില്ല.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ പ്രോജക്ട് നടത്തിയിട്ടില്ല എന്നും പിൻവലിച്ച 1,80,000 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു. തുടർന്ന് 19.12.2023 ലെ രശീതി വൗച്ചർ നം. 1230100421 പ്രകാരം 1,80,000 രൂപ ശ്രീ. വസന്തകുമാർ.സി.കെ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. 350300199- Government And Other Dues Payable - Others എന്ന ബാദ്ധ്യതാ കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ തുക എത്രയും പെട്ടെന്ന് സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, തുക പിൻവലിച്ചതു മുതൽ തിരിച്ചടച്ച തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

ആസൂത്രിതമായ ഈ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഹെഡ്മാസ്റ്റർ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൈമാറിയ അക്കൗണ്ടിന്റെ ഉടമയുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രൊക്യൂയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്ട് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

6.സ്മാർട്ട് ക്ലാസ്സ് എൽ പി സ്കൂൾ - ചെയ്യാത്ത പ്രവൃത്തികൾക്ക് പണം പിൻവലിച്ചു - 30,999 രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | സ്മാർട്ട് ക്ലാസ്സ് എൽ പി സ്കൂൾ (നം.134/23) |
| ബിൽ നമ്പർ | 222006520178011742442/തീ.10.2.2023 |
| ചെലവഴിച്ച തുക | 4,99,999 -മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് |

പ്രോജക്ട് റിപ്പോർട്ട് പ്രകാരം GBLPS ഹേരൂർ, GHWLPS മംഗൽപ്പാടി എന്നീ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കാനായിരുന്നു ഉദ്ദേശിച്ചത്. KADCO മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. KADCO യുടെ അക്കൗണ്ടിലേക്ക് 4,99,999 രൂപ കൈമാറിയിട്ടുണ്ട്. KADCO യുടെ 06.02.2023 ലെ NRO/22-23/447 നമ്പർ ഇൻവോയ്സ് ആണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രധാന രേഖ.

ഹെഡ്മാസ്റ്റർ ശ്രീ.വസന്തകുമാർ.സി.കെ നിർവഹിച്ച മറ്റു പദ്ധതികളിൽ വ്യാപകമായ ക്രമക്കേടുകൾ ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് KADCO നടത്തിയ ഈ പദ്ധതി പരിശോധിക്കാനായി GBLPS ഹേരൂർ, GHWLPS മംഗൽപ്പാടി എന്നീ സ്കൂളുകളിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഉത്തരവാദിയായ

ഹെഡ്മാസ്റ്റർ ശ്രീ.വസന്തകുമാർ.സി.കെ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 14.12.2023 ന് സ്ഥലപരിശോധന നടത്തുകയുണ്ടായി. രണ്ടു സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ പൂർണമായി പ്രവർത്തികമായിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. KADCO യുടെ 06.02.2023 ലെ NRO/22-23/447 നമ്പർ ഇൻവോയ്സ് പ്രകാരമുള്ള ക്രമ നം. 1 മുതൽ 6 വരെയുള്ള സാമഗ്രികൾ രണ്ട് സ്കൂളുകളിലുമായി കാണവാൻ സാധിച്ചു. എന്നാൽ ഈ സാമഗ്രികളിൽ തിരിച്ചറിയൽ നമ്പറോ മറ്റു വിശദാംശങ്ങളോ രേഖപ്പെടുത്താത്തതിനാലും KADCO യുടെ 06.02.2023 ലെ NRO/22-23/447 നമ്പർ ഇൻവോയ്സിൽ സാധന സാമഗ്രികളുടെ വിശദമായ സ്പെസിഫിക്കേഷൻ, കമ്പനിയുടെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും ഈ സാമഗ്രികൾ KADCO യുടെ 06.02.2023 ലെ NRO/22-23/447 നമ്പർ ഇൻവോയ്സ് പ്രകാരമുള്ള സാമഗ്രികൾ ആണെന്ന് ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല. KADCO അധികൃതരുമായി ബന്ധപ്പെട്ട് സാമഗ്രികളുടെ വിശദവിവരങ്ങൾ ശേഖരിച്ച് സ്കൂളുകളിൽ നിലവിലുള്ള സാമഗ്രികൾ ഈ പ്രോജക്ട് പ്രകാരം ഉള്ളവ തന്നെയാണോ എന്ന് ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്ത് തല വിദ്യാഭ്യാസ കമ്മിറ്റിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും മുൻകൈയെടുക്കേണ്ടതാണ്.

KADCO യുടെ 06.02.2023 ലെ NRO/22-23/447 നമ്പർ ഇൻവോയ്സിലെ ക്രമ നം.7 (Window Curtain, 6 Nos, Rs.20,999.28), ക്രമ നം.8 (Partition Screen, 1 No., Rs.9,999.32) എന്നീയിനങ്ങൾ സ്ഥാപിച്ചിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ വ്യക്തമാവുകയുണ്ടായി. (ആകെ 30,999 രൂപ). ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുകയും, തുക പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശയും കണക്കാക്കി ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കാൻ പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1).2021-22 വർഷത്തിൽ, ജി.ബി.എൽ.പി.സ്കൂൾ ഹേരൂർ ഹൈടെക്ക് ആയി പരിവർത്തനപ്പെടുത്തുക-(പ്രൊജക്ട് നം.282/22) എന്ന പദ്ധതിപ്രകാരം 1,05,000/- രൂപ (ട്രഷറി ബിൽ നം.01378007/19.3.2022) മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് വിഹിതത്തിൽനിന്നും കണിപുര എന്റർപ്രൈസസ്, കുമ്പള എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. ഇതേ സ്കൂളിൽ തന്നെ ഈ വർഷവും പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നു. 2021-22 ലെ പദ്ധതിയിലും 2022-23 ലെ പദ്ധതിയിലും ചെയ്ത പ്രവൃത്തികളും സ്ഥാപിച്ച ഉപകരണങ്ങളും സ്ഥല പരിശോധനയിൽ വേർതിരിച്ച് അറിയാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. KADCO, കണിപുര എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയും പഞ്ചായത്ത് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ വിശദമായ പരിശോധന നടത്തി രണ്ടു വർഷങ്ങളിലുമായി നടത്തിയ പ്രവൃത്തികൾ ഏതൊക്കെ എന്ന് പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

2). പദ്ധതിയ്ക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങൽ നടപടികൾക്ക് പഞ്ചായത്ത് തല പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) സ.ഉ നം. 118/2018/SPD, Dt 3-8-2018പ്രകാരം 50% ൽ അധികം സാധനങ്ങൾ പുറത്ത് നിന്ന് വാങ്ങി വിതരണം ചെയ്യുന്നവയാണെങ്കിൽ പ്രോജക്ട് അക്രഡിറ്റഡ് ഏജൻസിയിലൂടെ നിർവ്വഹണം നടത്താൻ പാടില്ലാത്തതാണ്. ടി പ്രോജക്ടിൽ 50% ൽ അധികം സാധനങ്ങളും കാഡ്കോ മറ്റുള്ള വിതരണക്കാരിൽ നിന്നും വാങ്ങി വിതരണം ചെയ്തതായിട്ടാണ് കാണുന്നത്.

4) പഞ്ചായത്ത് ഡയറക്ടറുടെ PAN/13189/2020-J8(DP), Dt 10-11-2020 നമ്പർ സർക്കുലർ പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുള്ള പർച്ചേസിലും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിൽ ഇത് പാലിച്ചിട്ടില്ല.

5) വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ, വിതരണം എന്നിവ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല.

6).മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ആകെ ചെലവ് തുകയിൽ, നിരാകരിച്ച 30,999 രൂപ കിഴിച്ച് 4,69,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

7. രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് ഗെയിംസ് കിറ്റ് വിതരണം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്തതും മറ്റ് അപാകതകളും- ചെലവ് തുക തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| പ്രോജക്ട് | ഗെയിംസ് കിറ്റ് വിതരണം (നം.118/23) |
| ബിൽ നമ്പർ | 2200652017801477940/ 25.03.2023 |
| ചെലവഴിച്ച തുക | 2,20,000 (വികസന ഫണ്ട്). |

മേൽ വിവരിച്ച ബിൽ പ്രകാരം 2,20,000 രൂപ IKON ENTERPRISES വോർക്കാടി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. IKON ENTERPRISES-ന്റെ 5 ബില്ലുകൾ മാത്രമാണ് ഈ പ്രോജക്ടിന്റെ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രേഖകൾ. ഈ ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ല് നം | വാങ്ങിയ സാധനങ്ങളുടെ വിവരം | തുക |
|---|---|---|
| 018/23.3.2023 | 1) Cricket Bat- 18 Nos, 16,200<br>2) Stump- 36 Nos, 8,550<br>3) Football- 9 Nos, 12,150<br>4) Chess Board- 9Nos, 4,050<br>5) Tennis Ball- 9 Box, 4,050 | 45,000 |
| 016/23.3.2023 | 1) Cricket Bat- 18 Nos, 16,200<br>2) Stump- 36 Nos, 8,550<br>3) Football- 9 Nos, 12,150<br>4) Chess Board- 9Nos, 4,050<br>5) Tennis Ball- 9 Box, 4,050 | 45,000 |
| 014/23.3.2023 | 1) Cricket Bat- 18 Nos, 16,200<br>2) Stump- 36 Nos, 8,550<br>3) Football- 9 Nos, 12,150<br>4) Chess Board- 9Nos, 4,050<br>5) Tennis Ball- 9 Box, 4,050 | 45,000 |
| 011/23.3.2023 | 1) Cricket Bat- 18 Nos, 16,200<br>2) Stump- 36 Nos, 8,550<br>3) Football- 9 Nos, 12,150<br>4) Chess Board- 9Nos, 4,050<br>5) Tennis Ball- 9 Box, 4,050 | 45,000 |
| 010/23.3.2023 | 1) Cricket Bat- 16 Nos, 14,400<br>2) Stump- 32 Nos, 7,600 | 40,000 |

| | | |
|---|---|---|
| | 3) Football- 8 Nos, 10,800<br>4) Chess Board- 8Nos, 3,600<br>5) Tennis Ball- 8 Box, 3,600 | |

പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. ഗെയിംസ് കിറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് റജിസ്റ്ററും വിതരണം നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഓഡിറ്റ് നടക്കുന്ന വേളയിൽ 06.12.2023 ന് ഏതാനും ചില കിറ്റുകൾ പഞ്ചായത്തിൽ എത്തിച്ച് മീറ്റിംഗ് ഹാളിൽ കൂട്ടിയിട്ടതായി കാണുകയുണ്ടായി. ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ IKON ENTERPRISES ഗെയിംസ് ഉപകരണങ്ങൾ മാർച്ച് 2023ൽ തന്നെ ഹെഡ്മാസ്റ്ററെ ഏൽപ്പിച്ചിരുന്നു എന്നും ആയത് കുക്കാർ GWLP സ്കൂളിൽ സൂക്ഷിച്ചിരുന്നത് ഇപ്പോൾ വിതരണം ചെയ്യുകയാണ് എന്നും അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) വിശദീകരിക്കുകയുണ്ടായി. എന്നാൽ ഈ കിറ്റുകളുടെയും സ്റ്റോക്ക്, വിതരണ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാർച്ച് 2023 മാസം ഹെഡ്മാസ്റ്റർ കൈപ്പറ്റിയ സാമഗ്രികൾ ഓഡിറ്റ് തിയതിയിലും വിതരണം ചെയ്തിട്ടില്ല എന്നത് വ്യക്തമാണ്.

2.പദ്ധതിയ്ക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ.ഉ (പി) നം. 259/2010/ത.സ്വ.ഭ.വ, തീയ്യതി. 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം മതിപ്പുവില 1,00,000രൂപയിൽ അധികം വരുന്ന സമാഹരിക്കലുകൾ ഓപ്പൺ ടെണ്ടർ വഴി നടത്തേണ്ടതാണ്.

3.സർക്കാർ ഉത്തരവ്(കൈ)നം.115/2022/ത.സ്വ.ഭ.വ തിയതി 28.5.22 ഖണ്ഡിക 7.7.2 പ്രകാരം വിതരണം ചെയ്യേണ്ട സ്പോർട്സ് ഉപകരണങ്ങൾ തെരെഞ്ഞെടുക്കേണ്ടത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള യുവജന ക്ലബുകളുടെ ഏകോപന സമിതി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.എന്നാൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി മേൽ ഏകോപന സമിതി ഇപ്രകാരം യോഗം ചേർന്നതിന്റെ രേഖകൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

4. ഗുണഭോക്തൃ ക്ലബ്ബുകളുടെ പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ക്ലബ്ബുകളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതായോ സാധൂകരണം നൽകിയതായോ കാണുന്നില്ല.

5.മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയങ്ങൾ നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ (ഹെഡ്മാസ്റ്റർ) യെ 13.12.2023 ലെ ഓഡിറ്റ് എൻക്വയറി നം. 25, 26, ഓഡിറ്റ് റിക്വിസിഷൻ നം.1/06.12.2023 എന്നിവ പ്രകാരം അറിയിച്ചുവെങ്കിലും അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) രേഖകൾ അദ്ദേഹത്തിന് കൈമാറിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. ശ്രീ.വസന്ത കുമാർ.സി.കെ നേരിട്ട് ഹാജരായ വേളയിലും ഈ വിഷയത്തിൽ വിശദീകരണം നൽകാനോ അധിക രേഖകൾ ഹാജരാക്കാനോ സാധിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ, ഈ പ്രോജക്ടിന്റെ ചെലവ് തുക 2,20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

8). ജിബിഎൽപി സ്കൂൾ ഹേരൂർ സൗന്ദര്യവത്കരണം - ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | ജി.ബി.എൽ.പി സ്കൂൾ ഹേരൂർ സൗന്ദര്യവത്കരണം (നം.So 239/23) |
| ബിൽ നമ്പർ | 22200652017800588102/തീ.28.9.2022 |
| ചെലവഴിച്ചതുക | 1,76,409 (മെയിന്റനൻസ് ഫണ്ട്-നോൺറോഡ്) |

ഈ പദ്ധതിക്കായി 1,76,409 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് FUME ENTERPRISES എന്ന

സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. FUME ENTERPRISES ന്റെ ഇൻവോയ്സ് ഫയലിൽ ഉണ്ട്. ഇത് പ്രകാരം സ്കൂളിന്റെ ചുവരുകളിൽ ചിത്രങ്ങൾ വരച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ കാണുകയുണ്ടായി,

1). 2021-22 വർഷത്തിൽ, ജി.ബി.എൽ.പി.സ്കൂൾ ഹേരൂർ ഹൈടെക്ക് ആയി പരിവർത്തനപ്പെടുത്തുക- (പ്രൊജക്ട് നം.282/22) എന്ന പദ്ധതിപ്രകാരം 1,05,000/- രൂപ (ട്രഷറി ബിൽ നം.01378007/19.3.2022) മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് വിഹിതത്തിൽനിന്നും കണിപുര എന്റർപ്രൈസസ്, കുമ്പള എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. ഇതേ സ്കൂളിൽ തന്നെ ഈ വർഷം ഈ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികളും നടപ്പിലാക്കിയിരിക്കുന്നു. 2021-22 ലെ പദ്ധതിയിലും 2022-23 ലെ പദ്ധതിയിലും ചെയ്ത പ്രവൃത്തികളും സ്ഥാപിച്ച ഉപകരണങ്ങളും സ്ഥല പരിശോധനയിൽ വേർതിരിച്ച് അറിയാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. FUME ENTERPRISES, കണിപുര എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയും പഞ്ചായത്ത് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ വിശദമായ പരിശോധന നടത്തി രണ്ടു വർഷങ്ങളിലുമായി നടത്തിയ പ്രവൃത്തികൾ ഏതൊക്കെ എന്ന് പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

2) പദ്ധതിക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3).മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഗണിച്ച് ചെലവ് തുക 1,76,409 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

9). എസ്.എസ്.കെ (സമഗ്ര ശിക്ഷ കേരളം ) വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്ന

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.കെ വിഹിതം (നം.128/23) |
| ബിൽ നമ്പർ | 22200652017800674867/ തീ.21.10.2022 |
| ചെലവഴിച്ച തുക | 30,00,000 (വികസന ഫണ്ട്). |

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ (128/23) എന്ന പ്രൊജക്ട് പ്രകാരം ₹30,00,000 രൂപ SSK യുടെ മഞ്ചേശ്വരം ബ്ലോക്ക് പ്രൊജക്ട് കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ കൊടുക്കുന്നു

1. എസ്.എസ്.കെ. പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)
2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികൾ അടക്കമുള്ളവരുടെ പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നല്കണം. ( ഖ 8.6.4)

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- പദ്ധതി തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല.
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെ നൽകിയിട്ടില്ല.
- പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല.
- മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ചെലവ് തുക 30,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

10). തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ -ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ (നം.S0238/23) |
| ചെലവഴിച്ച തുക (തനത് ഫണ്ട്). | 31,450 രൂപ- (പേമെന്റ് വൗച്ചർ 22200498/08.02.2023)<br>20,000 രൂപ- (പേമെന്റ് വൗച്ചർ 22200693/08.02.2023)<br>ആകെ- 51,450 രൂപ |

പ്രൊജക്ട് പ്രകാരം പത്താംതരം, പ്ലസ് വൺ തുല്യതാ പരീക്ഷാ ഫീസ് ഇനത്തിൽ 51,450/- രൂപ തനത് ഫണ്ട് വിഹിതത്തിൽ നിന്നും സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

1. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറിൽ നിന്നും പ്രോജക്ടുകൾക്കായി അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

2. പ്ലസ്ടു തുല്യത പരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ പഠിതാക്കളുടെ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

3. പത്താംതരം തുല്യത പരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ പഠിതാക്കളുടെ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

ഈ സാഹചര്യത്തിൽ ചെലവ് തുക 51,450 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 1994-95 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നല്ല സ്ഥിതിവിശേഷം അല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 ദുരിതാശ്വാസ നിധി-പ്രവർത്തനരഹിതം

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്.
മംഗൽപാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ/സെക്രട്ടറിയുടെയും പേരിൽ ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് ഉണ്ടെങ്കിലും (അക്കൗണ്ട് നം. 40529100003502- Kerala Bank) നിലവിൽ പ്രവർത്തനരഹിതമാണ്. തൻവർഷം മുന്നിരിപ്പായി 1,48,084 രൂപയും പലിശ ഇനത്തിൽ ലഭിച്ച 4,238 രൂപയുമടക്കം വാർഷിക കണക്കിൽ 1,52,322/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ മറ്റ് ഇടപാടുകൾ ഒന്നും നടത്തിയിട്ടില്ല.

ദുരിതാശ്വാസ നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനും അർഹർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു

2022-23 വർഷം പഞ്ചായത്ത് പേമെന്റ് നടത്തിയ ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ചെയിനേജുകൾ പാലിക്കാതെ മറ്റ് ചെയിനേജുകളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ചെയിനേജ് മാറ്റി പ്രവൃത്തി ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദം വാങ്ങിയതായി കാണുന്നില്ല. എസ്റ്റിമേറ്റ് പുതുക്കുകയോ ചെയിനേജ് മാറ്റങ്ങൾക്ക് സാങ്കേതിക അധികാരികളിൽ നിന്നും അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 36/23<br>പ്രവൃത്തിയുടെ പേര്- ഗ്രാമ ചാവടി റോഡ് ഇന്റർലോക്ക്<br>കരാറുകാരൻ- മുഹമ്മദ് കുഞ്ഞി.കെ<br>ചെലവ് - 2,49,803 (വൗച്ചർ നം 20/12-22, 09.12.2022) | എസ്റ്റിമേറ്റ് നം- 2020/109368<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>ഇന്റർലോക്ക് -<br>0/150 മുതൽ 0/255 വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 701/2020-21<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>ഇന്റർലോക്ക് -<br>0/105 മുതൽ 108.90 മീറ്റർ നീളത്തിൽ | |
| 2 | പ്രോജക്ട്- 69/23<br>പ്രവൃത്തിയുടെ പേര്- ബേക്കുർ മജൽ | എസ്റ്റിമേറ്റ് നം- 2022/242<br>എസ്റ്റിമേറ്റ് പ്രകാരം | അളവു പുസ്തകത്തിന്റെ നമ്പർ- 10/22-23,<br>അളവു പുസ്തകം | 0/075 മുതൽ /079.95 വരെ യുള്ള ചെയിനേജിൽ |

| | | | | |
|---|---|---|---|---|
| | റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ- മുഹമ്മദ് ഹനീസ്.എം.എ<br>ചെലവ് - 3,24,523 (വൗച്ചർ നം 17/3-23, 28.03.2023) | പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>റീടാറിംഗ്-<br>0/000 മുതൽ 0/040 വരെ,<br>0/080 മുതൽ 0/325 വരെ<br>കോൺക്രീറ്റ്<br>0/040 മുതൽ<br>0/080 വരെ. | പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>റീടാറിംഗ്-<br>0/008 മുതൽ 0/035 വരെ,<br>0/075 മുതൽ 0/105 വരെ,<br>0/133 മുതൽ 0/163 വരെ,<br>0/232 മുതൽ 0/315 വരെ,<br>കോൺക്രീറ്റ്<br>0/040 മുതൽ<br>39.95 മീറ്റർ നീളത്തിൽ<br>(0/079.95 വരെ) | റീടാറിംഗും കോൺക്രീറ്റും ഓവർലാപ്പ് ചെയ്തതായി അളവു പുസ്തകത്തിൽ കാണുന്നു. |
| 3 | പ്രോജക്ട്- 254/23<br>പ്രവൃത്തിയുടെ പേര്- ജോഡുക്കൽ മടന്നൂർ റോഡ് റീടാറിംഗ്<br>കരാറുകാരൻ- അബൂബക്കർ സിദ്ദിഖ്<br>ചെലവ് - 4,97,928 (വൗച്ചർ നം 45/03/23, 28.03.2023) | എസ്റ്റിമേറ്റ് നം- 85024/2022<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>മിക്സ് സീൽ സർഫേസിംഗ്<br>0/000 മുതൽ 0/200വരെ,<br>0/284 മുതൽ 0/294വരെ, | അളവു പുസ്തകത്തിന്റെ നമ്പർ- 85024/2022<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>മിക്സ് സീൽ സർഫേസിംഗ്<br>0/000 മുതൽ 0/197 വരെ | |

ചെയിനേജ് മറികടന്നു കൊണ്ട് മേൽ പ്രവൃത്തികൾ നടപ്പിലാക്കിയതിന് ഓഡിറ്റ് എൻക്വയറി നം. 30, തിയതി 14.12.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്കായി ചെലവ് ചെയ്ത 10,72,254 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് നിർവഹണ ഉദ്യോഗസ്ഥന്റെയും പ്രവൃത്തികളുടെ അളവുകൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും വിശദീകരണങ്ങൾ പഞ്ചായത്ത് കമ്മിറ്റിയുടെ വിശദമായ അഭിപ്രായം സഹിതം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവു തുകകൾ നിരാകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-36 മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- കരാറുകാർ ഇൻഷുറൻസ് എടുക്കുന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല

നോട്ടീസ് ഇൻവൈറ്റിംഗ് ടെണ്ടർ, സ്റ്റാന്റേർഡ് ബിഡ് ഡോക്യുമെന്റ്, പ്രൈസ് 3 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തിയ പ്രവൃത്തികളിൽ പ്രൈസ് 3 ൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കരാറുകാരുടെ പോർട്ടലിലേക്ക് അയക്കുന്ന ലെറ്റർ ഓഫ് ആക്സപ്റ്റൻസ് എന്നിവ പ്രകാരമുള്ള ചില നിബന്ധനകൾ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ കരാർ തുകയുടെ 0.5% മൂല്യമുള്ള (കുറഞ്ഞത് 2 ലക്ഷം രൂപ, കൂടിയത് 5 ലക്ഷം രൂപ) ഇൻഷുറൻസ് എടുത്തിരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നതായി നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. ഇൻഷുറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക പിഴയായി ബില്ലിൽ നിന്നും ഈടാക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. പിഴ തുക ഈടാക്കാത്തതിനാൽ താഴെപ്പറയും പ്രകാരം 13,353 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | കരാറുകാരന്റെ പേര് | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 214/22-23 | KANNATIPARA OORMIJAL ROAD CONCRETE | AHAMMED IRSHAD | 294192 | 588.38 |
| 213/22-23 | AMBEDKAR CLUB KRISHNA NAGAR ROAD CONCRETING | AHAMMED IRSHAD | 326992 | 653.98 |
| 10/22-23 | HIDAYATH NAGAR MADHAKKAM ROAD CONCRETE | HASSAN BASHEER | 473743 | 947.49 |
| 212/22-23 | KODANGA THOTTATHODI CROSS ROAD CONCRETING | AHAMMED IRSHAD | 329627 | 659.25 |
| 230/22-23 | SHANTHIMOOLA SC COLONY ROAD CONCRETE | Aboobaker Siddik.S.U | 462002 | 924 |
| 11/22-23 | Ayoor Road Concreting | Mohammed Hanis.M.A | 338246 | 676.49 |
| 276/22-23 | Prathap Nagar-Masjid Road | IMRAN.M | 126817 | 253.63 |
| 270/-22-23 | Hidayat Nagar Sheikh Ahmed Road | Aboobaker Siddik.S.U | 853073 | 1706.15 |
| 269/22-23 | Bappaithotti Khilar Bhagwati Road | MOHAMMED HANEEF | 600030 | 1,200.06 |
| 236/22-23 | KRISHNA NAGAR COMMUNITY HALL MAINTANANCE | Muhammed Farooque | 127027 | 254.05 |
| 218/22-23 | SHIRIYA SCHOOL PUTHIYANGADI ROAD CONCRETE | MOHAMMED HANEEF | 508278 | 1,016.56 |
| 294/22-23 | Jappu Kelagina Mana Road Re Tarring | Aboobaker Siddik.S.U | 409811 | 819.62 |
| 109/22-23 | B C Road Chakattdi Road Improvemen | Aboobaker Siddik.S.U | 677897 | 1355.79 |
| 110/22-23 | Kayyar Mothalodi Road Improvement | Aboobaker Siddik.S.U | 423684 | 847.37 |

| | | | | |
|---|---|---|---|---|
| 254/22-23 | JODUKKAL MADANDHOOR ROAD RETARRING | Aboobaker Siddik.S.U | 423272 | 846.54 |
| 09/22-23 | NIDUMATHY THOTTI ROAD CONCRETE | Aboobaker Siddik.S.U | 301625 | 603.25 |
| | ആകെ | | | 13,352.63 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/14.12.2023) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം വന്ന 13,353 രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും ഭാവിയിൽ എല്ലാ പ്രവൃത്തികളുടെയും കരാറുകാർ ഇൻഷ്വറൻസ് എടുക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-37 പദ്ധതികളുടെ നിർവഹണം- പോരായ്മകൾ

1. പദ്ധതി നിർവഹണത്തിൽ വീഴ്ച- വൻതുക ലാപ്സായി

2022-23 വർഷത്തിൽ 26.8 കോടി രൂപ അടങ്കലുള്ള 257 പ്രോജക്ടുകൾ തയ്യാറാക്കി നിർവഹണത്തിന് വേണ്ടി നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിച്ചുവെങ്കിലും 111 പ്രോജക്ടുകളിലായി 8 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഇതു മൂലം പൊതു വിഭാഗം വികസന ഫണ്ടിൽ 1,67,99,706 രൂപയും വികസനഫണ്ട് എസ്.സി.എസ്.പി യിൽ 17,54,047 രൂപയും മെയിന്റനൻസ് ഫണ്ട് റോഡ് & നോൺ റോഡ് എന്നിവയിലായി 1,23,98,643 രൂപയും തൻവർഷം ലാപ്സായിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഫണ്ടിൽ 64,82,641 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഫണ്ടിൽ 15,89,497 രൂപയും തൻവർഷം ലാപ്സായിട്ടുണ്ട്. ഇരു ഫണ്ടുകളിലുമായി ലഭിച്ച 2,28,84,327 രൂപ വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നുണ്ട്. 2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തേണ്ടിയിരുന്ന 2.47 കോടി രൂപ അടങ്കലുള്ള 23 പദ്ധതികളിൽ 18.17 ലക്ഷം രൂപയുടെ 5 പ്രോജക്ടുകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ചെലവ് ശതമാനം 7.34 മാത്രമാണ്. അതു പോലെത്തന്നെ 1.93 കോടി രൂപ അടങ്കലുള്ള 28 പ്രോജക്ടുകൾ അസിസ്റ്റന്റ് സെക്രട്ടറിയെ ഏൽപ്പിച്ചതിൽ 3.8 ലക്ഷം രൂപയുടെ 1 പ്രോജക്ട് മാത്രമേ നിർവഹിച്ചിട്ടുള്ളൂ. (ചെലവ് ശതമാനം 1.96). അസിസ്റ്റന്റ് എഞ്ചിനീയറും 25.2% മാത്രമേ ചെലവ് ചെയ്തിട്ടുള്ളൂ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചെലവ് 28 ശതമാനം മാത്രമാണ്. ഇത്തരത്തിൽ പ്രധാന നിർവഹണ ഉദ്യോഗസ്ഥരുടെയെല്ലാം ചെലവ് വളരെ കുറവാണ്. ഇത് വലിയ തോതിൽ ഫണ്ട് ലാപ്സാവാനിടയാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സർവതോമുഖമായ വികസനത്തിനും ക്ഷേമത്തിനും ആസ്തികളുടെ സംരക്ഷണത്തിനും ലഭിക്കുന്ന ഫണ്ടുകൾ ആസൂത്രണ നിർവഹണത്തിലെ പാളിച്ചകൾ കാരണം മേൽ വിവരിച്ച പ്രകാരം ലാപ്സാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

2. അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട എസ്.സി വിഭാഗം പദ്ധതി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തി

സർക്കാർ ഉത്തരവ് 59/ത.സ്വ.ഭ.വ തീയ്യതി 22/3/2014 പ്രകാരം എസ്.എസി/എസ്.ടി പദ്ധതികളുടെ ചുമതല നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്, എന്ന പ്രോജക്റ്റ് നടപ്പാക്കിയിരിക്കുന്നത് എൽ.പി സ്കൂൾ ഹെഡ്മാസ്റ്ററാണ്.

സർക്കാർ ഉത്തരവ് (കൈ)നം. 84/2022 ത.സ്വ.ഭ.വ തീ. 19.4.2022 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 3.5.1( 3)(iii)പ്രകാരം എസ്.സി/എസ്.ടി വിഭാഗങ്ങളിലെ "വിദ്യാഭ്യാസ പ്രോജക്റ്റുകൾ ഹെഡ്മാസ്റ്റർ നടത്തേണ്ടതാണ്" എന്ന് പരാമർശമുണ്ട്. ഭവനനിർമാണം, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം ഒഴികെയുള്ള എസ്.സി/എസ്.ടി വിഭാഗങ്ങളിലെ മറ്റെല്ലാ പ്രോജക്റ്റുകളുടെയും നിർവ്വഹണോദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ആയിരിക്കുന്നതുമാണ്. സർക്കാർ ഉത്തരവ് (കൈ)നമ്പർ

115/2022 ത.സ്വ.ഭ.വ തീ. 28.05.2022 ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി/പട്ടിക വിഭാഗങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രോജക്റ്റാണ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ. ആയതിനാൽ പ്രസ്തുത പ്രൊജക്റ്റ് നടപ്പാക്കേണ്ടത് അസിസ്റ്റന്റ് സെക്രട്ടറിയാണ്. കൂടാതെ ഇതേ ഉത്തരവ് ഖണ്ഡിക 7.4 ൽ വിദ്യാഭ്യാസം എന്ന വിഭാഗത്തിൽ ലാപ് ടോപ്പ് വിതരണം ഉൾപ്പെടുന്നുമില്ല. സാധനങ്ങളുടെ പ്രൊക്യൂർമെന്റ് ഉൾപ്പെടുന്ന, ഡിഗ്രി തലത്തിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള ഇത്തരം പ്രോജക്റ്റുകൾ സർക്കാർ ഉത്തരവ് പാലിച്ച് കൊണ്ട് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിക്കുവാൻ തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-38 കോക്ലിയർ ഇംപ്ലാന്റ് നടത്തിയ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്- ചെലവ് നടത്തി ഒരു വർഷക്കാലമായിട്ടും ഗുണഫലം ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം. - SO108/23, കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിന് സാമൂഹ്യ സുരക്ഷാമിഷന് തുക കൈമാറൽ

അടങ്കൽ - വികസന ഫണ്ട് (ജനറൽ) - 50,,000/-

ചെലവ് തുക - വികസന ഫണ്ട് (ജനറൽ) - 50,000/-

ബിൽ റഫറൻസ് നമ്പർ - 2220065201340153О916. തീയ്യതി.28.03.2023, Rs.50,000/-

കോക്ലിയർ ഇംപ്ലാന്റിന് വിധേയരായ 1 ഗുണഭോക്താവിന് (കനീന ഫാത്തിമ പി.കെ D/o അബ്ദുൾ കാസിം.പി.എം ഹനീഫ് മൻസിൽ ) അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 50,000/-രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ഉപകരണങ്ങളുടെ മെയിന്റനൻസ് സേവനം ലഭിച്ചിട്ടില്ല എന്ന് ഗുണഭോക്താക്കളെ നേരിട്ട് ബന്ധപ്പെട്ടതിൽ നിന്നും മനസ്സിലാക്കുന്നു. സ.ഉ (സാധാ) നം.162/2023/SJD, തിയതി 26.07.2023 നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യ നീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ശ്രുതിതരംഗം പദ്ധതിയും ധ്വനി പദ്ധതി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നീ ഉപ പദ്ധതികളും 2023-24 വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പിലാക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താവിന് ആവശ്യമുള്ള സേവനങ്ങൾ ഇനിയും വൈകാനിടയുണ്ട്. അതു കൊണ്ട് അടിയന്തിരമായി പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം പരിഗണക്കേണ്ടതും സേവനങ്ങൾ ലഭിക്കാതെ ഗുണഭോക്താവായ കുട്ടി കഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവാതെ നോക്കേണ്ടതുമാണ്. ചെലവ് നടത്തിയെങ്കിലും പദ്ധതിയുടെ ഗുണഫലം അർഹതപ്പെട്ട ഗുണഭോക്താവിന് ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 50,000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 24, തിയതി 13.12.2023).

## 1-39 പാലിയേറ്റീവ് കെയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, മംഗൽപാടി

പ്രോജക്റ്റ് നം. - SO02/2023, പാലിയേറ്റീവ് കെയർ

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം (പ്രോജക്റ്റ് നം. SO02/2023) 17,99,784 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29.10.2015 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗ രേഖ സ.ഉ(എം.എസ്)നം.553/2019/തസ്വഭവ തിയതി.07.03.2019 പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയതിന് 01.04.2019 മുതൽ പ്രാബല്യം ഉണ്ട്.

സ.ഉ(എം.എസ്)നം.553/2019/തസ്വഭവ തിയതി.07.03.2019 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിലെ ഖണ്ഡിക 2.6.5 ലെ കുറിപ്പ് പ്രകാരം ഹോം കെയർ ടീമിന് പരമാവധി 6 പേർക്ക് ആവശ്യമായി വരുന്ന

ഭക്ഷണ ചെലവ് ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം 80 രൂപ എന്ന നിരക്കിൽ പ്രോജക്ടിൽ വകയിരുത്തി പി.എം.സി യുടെ തീരുമാന പ്രകാരം തുക ചെലവഴിക്കാവുന്നതാണ്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ പാലിയേറ്റീവ് ഹോം കെയർ ടീമിന്റെ ഭക്ഷണച്ചെലവിലേക്കായി അധിക നിരക്കിൽ തുക ചെലവഴിച്ചതായി ശ്രദ്ധയിൽപെടുകയുണ്ടായി. പാലിയേറ്റീവ് ഹോം കെയർ ടീമിന് ഭക്ഷണച്ചെലവ് അനുവദിച്ചപ്പോൾ സർക്കാർ മാർഗ്ഗ രേഖ പ്രകാരം അനുവദനീയമായ പരിധിയിൽ നിജപ്പെടുത്താതെ ഭക്ഷണ ചെലവ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പാലിയേറ്റീവ് മോണിറ്ററിംഗ് സമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.11. തീയ്യതി.11.12.2023)

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഒന്നാം അർദ്ധവർഷം

| ക്രമ നമ്പർ | പേര്, സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | റിനീഷ് .കെ.ആർ - ബ്രാഞ്ച് മാനേജർ - പൈനീർ മോട്ടോഴ്സ് | 82080 (8280+5400 X6) | 750 | 450 | 300 |
| 2 | ഹൈമാവതി അജി - ഹൗസ് കീപ്പിംഗ് - പൈനീർ മോട്ടോഴ്സ് | 73656 (8280+3996 X6) | 600 | 450 | 150 |
| 3 | മനിത.ബി - സെയിൽസ് എക്സിക്യൂട്ടീവ് - പൈനീർ മോട്ടോഴ്സ് | 56424 (4004+5400 X6) | 450 | 180 | 270 |
| 4 | അക്ഷിത.ആർ-ടെലികാളർ - പൈനീർ മോട്ടോഴ്സ് | 42000 (3000+4000 X6) | 300 | 180 | 120 |
| 5 | പുനീത് ഷെട്ടിഗർ - സെയിൽസ് എക്സിക്യൂട്ടീവ് - പൈനീർ മോട്ടോഴ്സ് | 45000 (4004+3496 X6) | 450 | 180 | 270 |
| 6 | കിരൺ കുമാർ- സെയിൽസ് എക്സിക്യൂട്ടീവ് - പൈനീർ മോട്ടോഴ്സ് | 48000 (4004+3996 X6) | 450 | 180 | 270 |
| 7 | അഖിൽ.പി.പി - ടെക്നീഷ്യൻ - പൈനീർ മോട്ടോഴ്സ് | 56424 (4004+5400 X6) | 450 | 180 | 270 |
| 8 | അനിൽകുമാർ.എസ് - മെക്കാനിക്ക് - പൈനീർ മോട്ടോഴ്സ് | 51000 (4004+4496 X6) | 450 | 180 | 270 |
| 9 | വിവേക് - ഓഫീസ് അസിസ്റ്റന്റ് - കേരള ഗ്രാമീൺ ബാങ്ക്, ബന്ധിയോട് | 123062 | 1000 | 600 | 400 |
| 10 | അവിനാഷ് ബൻങ്കാര - സർവ്വീസ് | 48415 | 450 | 300 | 150 |

| | | | | | |
|---|---|---|---|---|---|
| | അഡ്വൈസർ - പൈസ് മോട്ടോഴ്സ് | | | | |
| 11 | ഓംപ്രകാശ്.പി- കെ.പി.ബി നിധി ലിമിറ്റഡ് | 88800 (14800x6) | 750 | 600 | 150 |
| 12 | സന ബാനു- ബ്രാഞ്ച് മാനേജർ - റോയൽ ട്രാവൻകൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി | 46200 | 450 | 300 | 150 |
| 13 | അശ്വതി- ഓഫീസ് അസിസ്റ്റന്റ് - കേരള ഗ്രാമീൺ ബാങ്ക്, ഉപ്പള | 132280 | 1250 | 1000 | 250 |
| ആകെ തുക | | | 7800 | 4780 | 3020 |

2) രണ്ടാം അർദ്ധവർഷം

| ക്രമ നമ്പർ | പേര്, സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | പുനീത് ഷെട്ടിഗർ - സെയിൽസ് എക്സിക്യൂട്ടീവ് - പൈനീർ മോട്ടോഴ്സ് | 45000 (4004+3496 X6) | 450 | 300 | 150 |
| 2 | ദിനേഷ്.സി.എച്ച് - സെയിൽസ് അസിസ്റ്റന്റ് - യനിപൊയ്യ മെഡിക്കൽസ് | 100500 | 1000 | 750 | 250 |
| 3 | നിതീഷ്.കെ- ടെക്നീഷ്യൻ- പൈസ് മോട്ടോഴ്സ് | 60000 (4004+5996 X6) | 600 | 300 | 300 |
| 4 | സൗമ്യ.സി- സി.ആർ.ഇ - പൈസ് മോട്ടോഴ്സ് | 54000 (4004+4996 X6) | 450 | 300 | 150 |
| 5 | സ്റ്റെനിൻ സണ്ണി- സർവ്വീസ് അഡ്വൈസർ - പൈസ് മോട്ടോഴ്സ് | 60000 (4004+5996 X6) | 600 | 300 | 300 |
| ആകെ തുക | | | 3100 | 1950 | 1150 |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/8.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന 4170/- രൂപ (3020 + 1150) ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുരുതരമായ ക്രമക്കേടുകൾ

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ ഗുരുതരമായ ക്രമക്കേടുകൾ ഉള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നടപ്പിലാക്കാത്ത പദ്ധതികൾക്കായി ട്രഷറിയിൽ നിന്നും തനതു ഫണ്ടിൽ നിന്നും പണം പിൻവലിച്ചതായി ഓഡിറ്റ് പരിശോധനയിൽ കാണുന്നു. കൂടാതെ വാങ്ങിയ സാമഗ്രികളുടെ വിതരണ രേഖകളിൽ കൃത്രിമം കാട്ടിയതായും കാണുന്നു. ഇത്തരത്തിൽ 9,99,399 രൂപയുടെ വ്യക്തമായ് ക്രമക്കേട് ഹെഡ് മാസ്റ്റർ നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടു. കൂടാതെ

പദ്ധതി നിർവഹണത്തിന്റെ പ്രാഥമിക നിയമങ്ങൾ പോലും പാലിക്കാതെയാണ് ഹെഡ്മാസ്റ്റർ പദ്ധതികൾ നിർവഹിച്ചത് എന്നും പരിശോധനയിൽ വ്യക്തമാവുകയുണ്ടായി.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം & പേര് | | ഫണ്ട് വിവരം | ചെലവ് തുക |
|---|---|---|---|---|
| 1 | 118 | ഗെയിംസ് കിറ്റ് വിതരണം | Development Fund(General) - 220000 | 2,20,000 |
| 2 | 128 | എസ്.എസ്.കെ വിഹിതം | Development Fund(General) - 3000000 | 30,00,000 |
| 3 | 132 | സ്മാർട്ട് കോൺഫറൻസ് ഹാൾ | Maintenance Fund - Non-road Assets - 400000 | 4,00,000 |
| 4 | 134 | സ്മാർട്ട് ക്ലാസ്സ് എൽ പി സ്കൂൾ | Maintenance Fund - Non-road Assets - 500000 | 4,99,999 |
| 5 | 148 | ഗവണ്മെൻറ് എൽ പി /യുപി സ്കൂളുകളിൽ ക്ലാസ്സ് റൂമുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | Maintenance Fund - Non-road Assets - 90000 | 90,000 |
| 6 | 200 | എസ്.സി വിദ്യാർഥികൾക്ക് ലാപ്പ് ടോപ്പ് | Development Fund(S.C.P) - 630000 | 5,94,000 |
| 7 | 238 | തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | Own Fund - 175000 | 51,450 |
| 8 | 239 | ജിബിഎൽപി സ്കൂൾ ഹേരൂർ സൗന്ദര്യവത്കരണം | Maintenance Fund - Non-road Assets - 238290 | 1,76,409 |
| 9 | 263 | പി.എസ്.സി പരിശീലനം | Own Fund - 200000 | 2,00,000 |
| 10 | 302 | ഗവൺമെൻറ് എൽ പി സ്കൂളുകൾക്ക് ഇൻവർട്ടർ വാങ്ങുന്നത് | Development Fund(General) - 180000 | 1,80,000 |
| | | | ആകെ | 54,11,858 രൂപ |

മേൽ പദ്ധതികളുടെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നിലവിലെ നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ, ഹെഡ്മാസ്റ്റർക്ക് ഓഡിറ്റ് റിക്വിസിഷൻ (നം.01/06.12.2023) നൽകുകയുണ്ടായി. എന്നാൽ 2022-23 ലെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.വസന്തകുമാർ.സി.കെ (ഹെഡ്മാസ്റ്റർ, നിലവിൽ വിരമിച്ചു) തനിക്ക് രേഖകൾ ഒന്നും കൈമാറിയിട്ടില്ല എന്നും രേഖകൾ ശ്രീ.വസന്തകുമാർ ആണ് കൈവശം വച്ചിരിക്കുന്നത് എന്നും ശ്രീ.ഉമേഷ.കെ, ഹെഡ്മാസ്റ്റർ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.വസന്തകുമാർ.സി.കെ യെ ഓഡിറ്റ് നേരിട്ട് ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. ഈ

രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ വിവരിക്കുന്നു.

1. സ്മാർട്ട് കോൺഫ റൻസ് ഹാൾ – 3,40,000 രൂപയുടെ ക്രമക്കേടുകൾ

| പ്രോജക്ട് | സ്മാർട്ട് കോൺഫറൻസ് ഹാൾ (നം.132/23) | |
|---|---|---|
| ബിൽ നമ്പർ & ചെലവഴിച്ച തുക | 222006520178005885l2/ തീ.28.9.2022 | 39,700 രൂപ |
| | 222006520178005885555/ തീ.28.9.2022 | 60,000 രൂപ |
| | 2220065201780092361 7/ തീ.17.12.2022 | 96,400രൂപ |
| | 222006520178006748 67/ തീ.10.2.2023 | 1,11,500 രൂപ |
| | 222006520178010750 58/ തീ.21.10.2022 | 92,400 രൂപ |
| ആകെ | മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 4,00,000 രൂപ |

GLPS സ്കൂൾ മുളിഞ്ചയിൽ സ്മാർട്ട് മൾട്ടി മീഡിയ കോൺഫറൻസ് ഹാൾ ഒരുക്കുന്നതിനുവേണ്ടിയാണ് മേൽ പദ്ധതി പ്രകാരം 4,00,000 രൂപ ചെലവഴിച്ച് കാണുന്നത്. വാങ്ങിയ സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു,

| ബില്ല് നം | തുക | |
|---|---|---|
| Gurudas Traders, Kasaragod Invoice No.GT1413/2022-23 തീ.20.7.22 | 39,700 | മൈക്ക് സെറ്റ് അനുബന്ധ സാമഗ്രികളുടെ വിലയായി 39,700 രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Kanipura Enterprises, Kumbala എന്ന സ്ഥാപനത്തിൽ നിന്നും 19.9.2022-ന് ബിൽ നമ്പറില്ലാത്ത ബില്ല് | 60,000 | കോൺഫറൻസ് ടേബിൾ (18,000 രൂപ), ഡയസ് ചെയറുകൾ (42,000 രൂപ) എന്നിവയുടെ വിലയായി 60,000 രൂപ . ഉദയകുമാർ എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Kanipura Enterprises, Kumbala എന്ന | 96,400 | Cushion Seat Steel Chair With Writing |

| | | |
|---|---|---|
| സ്ഥാപനത്തിൽ നിന്നും 1.11.2022-ന് ബില്ല് നം 5425 | | Pad, 25 എണ്ണത്തിന്റെ വിലയായി 96,400 രൂപ ഉദയകുമാർ എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Viswas Constructions, സൂറംബയൽ എന്ന സ്ഥാപനത്തിൽ നിന്നും 20.01.2023-ന് ബില്ല് നം 9065, 9064 എന്നിവ പ്രകാരം വാങ്ങിയ സാധനങ്ങളും ജോലികളും | 1,11,500 രൂപ (ബില്ല് നം 9065 പ്രകാരം 34,700 രൂപയുടെ ഇലക്ട്രിഫിക്കേഷൻ വർക്കും ബില്ല് നം 9064 പ്രകാരം 76,800 രൂപയുടെ Carpenter വർക്കും- സാധനങ്ങൾ ഉൾപ്പെടെ) | തുക അനന്ത ഭണ്ഡാരി എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| Viswas Constructions, സൂറംബയൽ എന്ന സ്ഥാപനത്തിൽ നിന്നും 31.12.2022-ന് ബില്ല് നം 8965 പ്രകാരം വാങ്ങിയ സാധനങ്ങളും ജോലികളും | 92,400രൂപ | ( WALL PAINTING AND ART WORK IN GLPS MULINJA- 140 Sq MT)<br>തുക അനന്ത ഭണ്ഡാരി എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. |
| ആകെ | 4,00,000 രൂപ | |

പദ്ധതി നടത്തിപ്പിൽ താഴെ കൊടുക്കുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

GLP സ്കൂൾ മുളിഞ്ചയിൽ സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിനായി മേൽ വിവരിച്ച പ്രകാരം 4 ലക്ഷം രൂപ ചെലവു ചെയ്തിട്ടുണ്ടെങ്കിലും സ്കൂളിൽ ഇത്തരമൊരു സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിച്ചിട്ടില്ല. സ്കൂളിൽ സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് വേളയിൽ കെ.എസ്.എ01/2023, തിയതി 12.12.2023 നമ്പർ കത്തു മുഖേന മുളിഞ്ച ജി.എൽ.പി സ്കൂളിലെ ഹെഡ്മിസ്ട്രസ്സിനോട് ആരാഞ്ഞതിന് 19.09.2022 തിയതിയിലെ 60,000 രൂപയുടെ ബില്ലിലുള്ള ഒരു കോൺഫറൻസ് ടേബിൾ, 7 ഡയസ് ചെയറുകൾ എന്നിവയൊഴികെ ഒരു സാമഗ്രികളും സ്കൂളിൽ ലഭിച്ചിട്ടില്ല എന്നും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, കാർപ്പെന്റർ പ്രവൃത്തികൾ, ചുമർ ചിത്രങ്ങൾ വരക്കൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടില്ല എന്നും 13.12.2023 ലെ കത്തു മുഖേന മുളിഞ്ച ജി.എൽ.പി സ്കൂളിലെ ഹെഡ്മിസ്ട്രസ്സ് വ്യക്തമാക്കിയിട്ടുണ്ട്.

ഇതേത്തുടർന്ന് 14.12.2023 ന് മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. സ്കൂളിൽ സ്മാർട്ട് മൾട്ടിമീഡിയ കോൺഫറൻസ് ഹാൾ സ്ഥാപിച്ചിട്ടില്ല എന്നും 19.09.2022 തിയതിയിലെ 60,000 രൂപയുടെ ബില്ലിലുള്ള ഒരു കോൺഫറൻസ് ടേബിൾ, 7 ഡയസ് ചെയറുകൾ എന്നിവയൊഴികെ ഒരു സാമഗ്രികളും സ്കൂളിൽ ലഭിച്ചിട്ടില്ല എന്നും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, കാർപ്പെന്റർ പ്രവൃത്തികൾ, ചുമർ ചിത്രങ്ങൾ വരക്കൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടില്ല എന്നും സ്ഥലപരിശോധനയിൽ വ്യക്തമായി.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ പ്രോജക്ടിൽ 19.09.2022 തിയതിയിലെ 60,000 രൂപയുടെ ബില്ലിലുള്ള ഒരു കോൺഫറൻസ് ടേബിൾ, 7 ഡയസ് ചെയറുകൾ എന്നിവയൊഴികെ മറ്റു പ്രവൃത്തികൾ നടത്തിയിട്ടില്ല / സാമഗ്രികൾ സ്കൂളിൽ സ്ഥാപിച്ചിട്ടില്ല എന്നും വിതരണം ചെയ്ത സാമഗ്രികളുടെ വില 60,000 രൂപ കിഴിച്ച് ബാക്കി 3,40,000 രൂപ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു.

ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവ് ചെയ്ത 4,00,000 രൂപയിൽ 3,40,000 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പണം പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ഈടാക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതും അപ്രകാരം ഈടാക്കുന്ന തുകയും കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതുമാണ്.

ആസൂത്രിതമായ ഈ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഹെഡ്മാസ്റ്റർ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൈമാറിയ അക്കൗണ്ടിന്റെ ഉടമയുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രൊക്യുയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്ട് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഈ സാഹചര്യത്തിൽ പ്രോജക്ട് ചെലവിൽ നിരാകരിച്ച 3,40,000 രൂപയ്ക്ക് പുറമെയുള്ള 60,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.ഗവണ്മെൻ്റ് എൽപി /യുപി സ്കൂളുകളിൽ ക്ലാസ്സ് റൂമുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - ചെയ്യാത്ത പ്രവൃത്തിക്ക് പണം പിൻവലിച്ചു - 90,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു .

| | |
|---|---|
| പ്രോജക്ട് | ഗവ. എൽ പി,യുപി സ്കൂളുകളിൽ ക്ലാസ് റൂമുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (നം.148/23) |
| ബിൽ നമ്പർ | 22200652017800674848/തീ.21.10.2022 |
| ചെലവഴിച്ചതുക | 90,000 (മെയിന്റനൻസ് ഫണ്ട്- നോൺറോഡ്) |

ഈ പദ്ധതിക്കായി 90,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ശ്രീ.പ്രദീപ്.സി.എച്ച് എന്നവരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. Sreedurga Electricals, Bayar എന്ന സ്ഥാപനത്തിന്റെ 15.10.2023 തിയതിയിലെ 1564 നമ്പർ ബിൽ മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഏക രേഖ. ഈ ബിൽ പ്രകാരമുള്ള സാമഗ്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സീലിംഗ് ഫാൻ | 32എണ്ണം | 70,400 |
| CFL ബൾബ് | 25 എണ്ണം | 11,250 |
| Regular Switch Board | | 8,350 |
| | ആകെ | 90,000 രൂപ |

ഈ പ്രോജക്ട് പ്രകാരം ഉള്ള സാമഗ്രികൾ ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിച്ചത് എന്ന വിവരം

ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ടും സാധന സാമഗ്രികൾ സമാഹരിക്കുന്നതിൽ ടെണ്ടർ നടപടികൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടും നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ (ഹെഡ്മാസ്റ്റർ) ക്ക് നൽകിയ 13.12.2023 ലെ ഓഡിറ്റ് എൻക്വയറി നം. 25, 26, ഓഡിറ്റ് റിക്വിസിഷൻ നം.1/06.12.2023 എന്നിവയ്ക്ക് അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) രേഖകൾ അദ്ദേഹത്തിന് കൈമാറിയിട്ടില്ല എന്ന് മറുപടി നൽകുകയുണ്ടായി. ശ്രീ.വസന്ത കുമാർ.സി.കെ നേരിട്ട് ഹാജരായ വേളയിലും ഈ വിഷയത്തിൽ വിശദീകരണം നൽകാനോ അധിക രേഖകൾ ഹാജരാക്കാനോ സാധിച്ചിട്ടില്ല.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ പ്രോജക്ട് നടത്തിയിട്ടില്ല എന്നും പിൻവലിച്ച 90,000 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു.

ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവ് ചെയ്ത 90,000 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പണം പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുക്കേണ്ടതും അപ്രകാരം ഈടാക്കുന്ന തുകയും കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതുമാണ്.

ആസൂത്രിതമായ ഈ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഹെഡ്മാസ്റ്റർ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൈമാറിയ അക്കൗണ്ടിന്റെ ഉടമയുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രൊക്യുയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്ട് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

3. പി എസ് സി പരിശീലനം -നടപ്പിലാക്കാത്ത പ്രോജക്ടിന് പണം പിൻവലിച്ചു - 2,00,000 രൂപയുടെ ചെലവ് നിരാകരിച്ചത് തിരിച്ചടച്ചു .

| | |
|---|---|
| പ്രോജക്ട് | പി.എസ്.സി പരിശീലനം (നം.263/23) |
| വൗച്ചർ നം | 22200734, തിയതി 31.03.2023<br>(Cheque No:29653/dt.29-03-2023) |
| ചെലവഴിച്ചതുക | 2,00,000 (തനത് ഫണ്ട്). |

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട യാതൊരു ചെലവ് രേഖയും ഹെഡ്മാസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക പിൻവലിച്ചതിന്റെ സാംഖ്യയിൽ നിന്നുള്ള ബിൽ സെക്രട്ടറി ഹാജരാക്കിയത് പ്രകാരം പയ്യന്നൂർ അക്കാദമി എന്ന സ്ഥാപനത്തിന്റെ 67217093460/SBI എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. ചെലവിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ (ഹെഡ്മാസ്റ്റർ) ക്ക് നൽകിയ 13.12.2023 ലെ ഓഡിറ്റ് എൻക്വയറി നം. 25, 26, ഓഡിറ്റ് റിക്വിസിഷൻ നം.1/06.12.2023 എന്നിവയ്ക്ക് അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) രേഖകൾ അദ്ദേഹത്തിന്

കൈമാറിയിട്ടില്ല എന്ന് മറുപടി നൽകുകയുണ്ടായി. ശ്രീ.വസന്ത കുമാർ.സി.കെ നേരിട്ട് ഹാജരായ വേളയിലും ഈ വിഷയത്തിൽ വിശദീകരണം നൽകാനോ അധിക രേഖകൾ ഹാജരാക്കാനോ സാധിച്ചിട്ടില്ല.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ പ്രോജക്ട് നടത്തിയിട്ടില്ല എന്നും പിൻവലിച്ച 2,00,000 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു. തുടർന്ന് 14.12.2023 ലെ റസീറ്റ് വൗച്ചർ നം.1230100282 പ്രകാരം 2,00,000 രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് അടക്കുകയും ചെയ്തിട്ടുണ്ട്. പണം പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുക്കേണ്ടതും അപ്രകാരം ഈടാക്കുന്ന തുകയും തനതു ഫണ്ടിൽ അടക്കേണ്ടതുമാണ്.

ആസൂത്രിതമായ ഈ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഹെഡ്മാസ്റ്റർ തുക കൈമാറിയ അക്കൗണ്ടിന്റെ ഉടമയുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ക്രമക്കേട് പഞ്ചായത്തിൽ നിലവിലുള്ള ജനകീയ സംവിധാനങ്ങളുടെ ശ്രദ്ധയിൽ പെടാത്തത് ആശ്ചര്യകരമാണ്. പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, ഗ്രാമസഭകൾ, പ്രോക്യുയർമെന്റ് കമ്മിറ്റി തുടങ്ങിയ ഒരു സംവിധാനവും ഈ പ്രോജക്ട് നിർവഹണത്തിൽ ഇടപെട്ടിട്ടില്ല എന്നത് സംവിധാനത്തിലെ വലിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

4. എസ് സി വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് - ലാപ്പ്ടോപ്പ് വിതരണം ചെയ്തതായി വ്യാജരേഖ ചമച്ചു - 1,58,400 രൂപ നിരാകരിക്കുന്നു .

| | |
|---|---|
| പ്രോജക്ട് | എസ് സി വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് (നം.200/23) |
| ബിൽ നമ്പർ | 222006520178015121147/തീ.28.3.2023 |
| ചെലവഴിച്ച തുക | 5,94,000 (വികസന ഫണ്ട് SCP). |

ഈ പദ്ധതിക്കായി 5,94,000 രൂപ വികസന ഫണ്ട് (എസ്.സി.എസ്.പി) യിൽ നിന്നും പിൻവലിച്ച് One Zero Infosolutions, കാസറഗോഡ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 27.03.2023 ലെ OZIFS/1923 നമ്പർ ഇൻവോയ്സ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് പ്രകാരം 15 ലാപ്പ്ടോപ്പുകൾ ഹെഡ്മാസ്റ്റർ വാങ്ങിയിട്ടുണ്ട്.(ഒരു ലാപ്പ്ടോപ്പിന്റെ വില 39,600/-രൂപ).

പദ്ധതി നടത്തിപ്പിൽ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1). നാല് ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാതെ അവർ കൈപ്പറ്റിയതായുള്ള വ്യാജരേഖ ചമച്ചു-

നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്തകുമാർ.സി.കെ ഹാജരാക്കിയ രേഖകൾ പ്രകാരം ലാപ്പ്ടോപ്പുകൾ കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയ 15 ഗുണഭോക്താക്കളെയും ഫോൺ മുഖേനയും നേരിട്ടും അന്വേഷിച്ചതിൽ ലാപ്പ്ടോപ്പ് കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയ 15 ഗുണഭോക്താക്കളിൽ 4 പേർ അവർക്ക് ലാപ്പ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കി.

ഈ 4 ഗുണഭോക്താക്കളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ഉഷ്മിത.എ.പി

2. മോഹൻ കുമാർ.എ.പി

3. അഭിഷേക്.എസ്

4. യതീഷ് കുമാർ

ഈ നാല്പ ഗുണഭോക്താക്കളുടെയും രക്ഷിതാക്കൾ നേരിട്ട് ഓഡിറ്റ് ടീമിനെ കാണുകയും തങ്ങളുടെ മക്കൾക്ക് ലാപ്പ്ടോപ്പുകൾ ലഭിച്ചിട്ടില്ല എന്നും ഹെഡ്മാസ്റ്റർ ഓഡിറ്റിനായി ഹാജരാക്കിയ രേഖകളിലെ തങ്ങളുടെ മക്കളുടെ ഒപ്പുകൾ വ്യാജമാണെന്നും രേഖാമൂലം സത്യ പ്രസ്താവന നടത്തുകയുണ്ടായി.

ലാപ്പ്ടോപ്പുകൾ ഗുണഭോക്താക്കൾക്ക് നൽകാതെ വ്യാജ രേഖ ചമച്ചതിൽ വലിയ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ നാല്പ ഗുണഭോക്താക്കളുക്കും ലാപ്പ്ടോപ്പ് നൽകിയിട്ടില്ല എന്നും നാല്പ ലാപ്പ്ടോപ്പുകളുടെ വിലയായ 1,58,400 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു. ഈ തുകയും, തുക പിൻവലിച്ചതു മുതൽ തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലയളവിന് 18% പലിശയും കണക്കാക്കി ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്. ആകെ ചെലവിൽ 1,58,400 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2). പദ്ധതിയ്ക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വൺ-സീറോ കമ്പ്യൂട്ടേഴ്സ് കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പടോപ്പുകൾ വാങ്ങാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3).മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4).സർക്കുലർ നമ്പർ ഡി.എ1/87/19 തസ്വഭവ (ഡി.എ) വകുപ്പ് തിയതി 8.9.2020 പ്രകാരം 2.50 ലക്ഷത്തിൽ കൂടുതലുള്ള വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല.

5).ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.115/2022തീയതി 28.05.2022] ഖണ്ഡിക നം.7.2.4(II)-ൽ നിഷ്കർഷിക്കുന്നു. ഗുണഭോക്തൃ പട്ടികയ്ക്ക് ബന്ധപ്പെട്ട ഗ്രാമ സഭകളിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന നിർദ്ദേശം പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6).ജി.ഒ.(എം.എസ്) നം.115/2022, തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.7. പ്രകാരം പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ പഞ്ചായത്തിൽ നിന്ന് ലാപ്ടോപ്പ് നല്കാനാകു. പദ്ധതിയിലുൾപ്പെട്ട 15 വിദ്യാർഥികൾക്കും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഇത്തരത്തിൽ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ആകെ ചെലവു തുകയായ 5,94,000 രൂപയിൽ ക്രമ നം.1 ൽ നിരാകരിച്ച 1,58,400 രൂപ കിഴിച്ച് ബാക്കി 4,35,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>5. ഗവൺമെൻറ് എൽ പി സ്കൂളുക ൾക്ക് ഇൻവർട്ടർ വാങ്ങുന്നത് - നടപ്പിലാക്കാത്ത പ്രോജക്ടിന് പണം പിൻവലിച്ചു - 1,80,000 രൂപയുടെ ചെലവ് നിരാകരിച്ചത് തിരിച്ചടച്ചു.</u>

| | |
|---|---|
| പ്രോജക്ട് | ഗവൺമെൻറ് എൽ പി സ്കൂളുകൾക്ക് ഇൻവർട്ടർ വാങ്ങുന്നത് (S0302/23) |
| ബിൽ നമ്പർ | 22200652017801357346/തീ.15.3.2023 |

| | |
|---|---|
| ചെലവഴിച്ചതുക | 1,80,000 (വികസന ഫണ്ട്). |

ഈ പദ്ധതിക്കായി 1,80,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ശ്രീ.പ്രദീപ.സി.എച്ച് എന്നവരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. Sreedurga Electricals, Bayar എന്ന സ്ഥാപനത്തിന്റെ 13.03.2023 തിയതിയിലെ 1154 നമ്പർ ബിൽ മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഏക രേഖ. ഈ ബിൽ പ്രകാരമുള്ള സാമഗ്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇൻവർട്ടർ | 6 എണ്ണം @ 30,000/each | 1,80,000 |

ഈ പ്രോജക്ടിൽ വാങ്ങിയ ഇൻവർട്ടറുകൾ ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടും അധിക രേഖകൾ ഹാജരാക്കാൻ ആവശ്ടപ്പെട്ടു കൊണ്ടും നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ.കെ (ഹെഡ്മാസ്റ്റർ) ക്ക് നൽകിയ 13.12.2023 ലെ ഓഡിറ്റ് എൻക്വയറി നം. 25, 26, ഓഡിറ്റ് റിക്വിസിഷൻ നം.1/06.12.2023 എന്നിവയ്ക്ക് അന്നത്തെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ഹെഡ്മാസ്റ്റർ ശ്രീ.വസന്ത കുമാർ.സി.കെ (റിട്ടയേർഡ്) രേഖകൾ അദ്ദേഹത്തിന് കൈമാറിയിട്ടില്ല എന്ന് മറുപടി നൽകുകയുണ്ടായി. ശ്രീ.വസന്ത കുമാർ.സി.കെ നേരിട്ട് ഹാജരായ വേളയിലും ഈ വിഷയത്തിൽ വിശദീകരണം നൽകാനോ അധിക രേഖകൾ ഹാജരാക്കാനോ സാധിച്ചിട്ടില്ല.

പ്രവൃത്തികൾ നടത്താതെ ട്രഷറിയിൽ നിന്നും പണം മാറി സ്ഥാപനങ്ങളുടെ / വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതിൽ ആസൂത്രിതമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ സാഹചര്യത്തിൽ പ്രോജക്ട് നിർവഹണം നടത്തിയ ഹെഡ്മാസ്റ്റർ (റിട്ടയേർഡ്) ശ്രീ. വസന്തകുമാർ.സി.കെ യെ 14.12.2023 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഈ പ്രോജക്ട് നടത്തിയിട്ടില്ല എന്നും പിൻവലിച്ച 1,80,000 രൂപ തിരികെ അടക്കാൻ സന്നദ്ധനാണെന്നും ശ്രീ. വസന്തകുമാർ.സി.കെ രേഖാമൂലം അറിയിച്ചു. തുടർന്ന് 19.12.2023 ലെ രശീതി വൗച്ചർ നം. 1230100421 പ്രകാരം 1,80,000 രൂപ ശ്രീ. വസന്തകുമാർ.സി.കെ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. 350300199- Government And Other Dues Payable - Others എന്ന ബാദ്ധ്യതാ കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ തുക എത്രയും പെട്ടെന്ന് സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, തുക പിൻവലിച്ചതു മുതൽ തിരിച്ചടച്ച തിയതി വരെയുള്ള കാലയളവിന് 18% പലിശ കണക്കാക്കി ശ്രീ. വസന്തകുമാർ.സി.കെ യിൽ നിന്നും ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

